VI. ധനകാര്യം

1985–86–ലേക്കുള്ള ഉപധനാഭ്യർത്ഥനകളും 1979–80, 1981–82, 1982–83 എന്നീ വർഷങ്ങളിലേയ്ക്കുള്ള അധിക ധനാഭ്യർത്ഥനകളും

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, സംസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന രണ്ടാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ഒരു കോടി പതിനഞ്ചു ലക്ഷത്തി അറുപത്തി രണ്ടായിരത്തി മുന്നൂറു രൂപയ്ക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മെഡിക്കൽ എന്ന പതിനെട്ടാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ തൊണ്ണൂറ്റി ഏഴുലക്ഷത്തി മുപ്പത്തിരണ്ടായിരത്തി എണ്ണൂറ് രൂപയ്ക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം കൂടി ഞാൻ അവതരിപ്പിക്കുന്നു.

ഹരിജനക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന ഇരുപത്തി ആറാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ അഞ്ച് കോടി തൊണ്ണൂറ്റി രണ്ട് ലക്ഷത്തി അൻപതിനായിരത്തി ഇരുന്നൂറ് രൂപയ്ക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം കൂടി ഞാൻ അവതരിപ്പിക്കുന്നു.

പൊതുജനാരോഗ്യ എൻജിനീയറിംഗ് എന്ന ഇരുപത്തിഒന്നാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1979–80 സാമ്പത്തിക വർഷത്തേക്ക് ഒരു കോടി ഇരുപത്തി അഞ്ചു ലക്ഷത്തിപതിനാലായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി ഏഴ് രൂപക്കുള്ള അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയംകൂടി ഞാൻ അവതരിപ്പിക്കുന്നു.

മെഡിക്കൽ എന്ന പതിനെട്ടാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1981–82 സാമ്പത്തിക വർഷത്തേയ്ക്ക് ഒരു കോടി ഇരുപത്തി ഒന്നു ലക്ഷത്തി നാല്പതിനായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റി നാലു രൂപയ്ക്കുള്ള അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം കൂടി ഞാൻ അവതരിപ്പിക്കുന്നു.

ജലസേചനം എന്ന മുപ്പത്തിഎട്ടാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1981–82 സാമ്പത്തിക വർഷത്തേയ്ക്ക് നാലു കോടി അറുപത്തിഏഴു ലക്ഷത്തി നാൽപ്പത്തിആറായിരത്തി എഴുന്നൂറ്റിഏഴ് രൂപയ്ക്കുള്ള അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം കൂടി ഞാൻ അവതരിപ്പിക്കുന്നു.

വിനോദ സഞ്ചാരം എന്ന നാല്പത്തിരണ്ടാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1981–82 സാമ്പത്തിക വർഷത്തേയ്ക്ക് റവന്യൂ ചെലവിനത്തിൽ ഇരുപത്തിരണ്ടു ലക്ഷത്തി നാന്നൂറ്റിഎൺപത്തിരണ്ട് രൂപയ്ക്കും മൂലധന ചെലവിനത്തിൽ ഒരു ലക്ഷത്തി മൂവായിരത്തിതൊള്ളായിരത്തിഅറുപത്തി മൂന്നു രൂപയ്ക്കും ഉള്ള അധികധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം കൂടി ഞാൻ അവതരിപ്പിക്കുന്നു.

വിനോദ സഞ്ചാരം എന്ന നാല്പത്തിരണ്ടാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1982–83 സാമ്പത്തിക വർഷത്തേയ്ക്ക് ഒരു ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തിഎഴുന്നൂറ്റിഅൻപത്തിനാല് രൂപയ്ക്കുള്ള അധികധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം കൂടി ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): സർ, പൊതു മരാമത്ത് എന്ന പതിനഞ്ചാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ നാലുകോടി എൺപത്തിയഞ്ചു ലക്ഷത്തി നാല്പത്തിഅയ്യായിരത്തി അഞ്ഞൂറു രൂപക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പൊതുമരാമത്ത് എന്ന പതിനഞ്ചാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1979–80 സാമ്പത്തിക വർഷത്തേയ്ക്ക് ഒരുകോടി നാല്പത്തിരണ്ടു ലക്ഷത്തി എഴുപത്തിഓരായിരത്തിഒരുന്നൂറിപതിനെട്ടു രൂപയ്ക്കുള്ള അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം കൂടി ഞാൻ അവതരിപ്പിക്കുന്നു.

പൊതുമരാമത്ത് എന്ന പതിനഞ്ചാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1981–82 സാമ്പത്തിക വർഷത്തേയ്ക്ക് റവന്യൂ ചെലവിനത്തിൽ മൂന്നുകോടി അറുപത്തിയെട്ടു ലക്ഷത്തി അൻപത്തിഏഴായിരത്തിമുന്നൂറിറി നാല്പത്തിയെട്ട് രൂപയ്ക്കും മൂലധനചെലവിനത്തിൽ അറുപത്തിഒന്ന് ലക്ഷത്തി മൂവായിരത്തിതൊള്ളായിരത്തിഅഞ്ച്, രൂപയ്ക്കും ഉള്ള അധിക ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം കൂടി ഞാൻ അവതരിപ്പിക്കുന്നു.

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. വയലാർ രവി): സർ, പോലീസ് എന്ന പന്ത്രണ്ടാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ മൂന്നുകോടി മുപ്പത്തിയൊന്നു ലക്ഷത്തി എൺപത്തി ഓരായിരത്തി ഇരുനൂറ് രൂപയ്ക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു. ജയിലുകൾ എന്ന പതിമൂന്നാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ അറുപത്തിയാറു ലക്ഷത്തി അൻപത്തി രണ്ടായിരം രൂപയ്ക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം കൂടി ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, ഭൂനികുതി എന്ന ആറാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ രണ്ടുകോടി അറുപത്തി അഞ്ചുലക്ഷം രൂപയ്ക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പ്രകൃതിക്ഷോഭത്തിന് ഇരയായവർക്ക് ദുരിതാശ്വാസം എന്ന ഇരുപത്തി ഏഴാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ രണ്ടുകോടി എൺപതുലക്ഷം രൂപയ്ക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം കൂടി ഞാൻ അവതരിപ്പിക്കുന്നു.

എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എൻ. ശ്രീനിവാസൻ): സർ, എക്സൈസ് എന്ന എട്ടാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ തൊണ്ണൂറിറി മൂന്ന് ലക്ഷത്തി ഇരുപത്തിയേഴായിരം രൂപയ്ക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, വിദ്യാഭ്യാസം, കല, സംസ്കാരം എന്ന പതിനേഴാം നമ്പർ ധനാഭ്യർത്ഥനകളുടെ പേരിൽ പത്തുകോടി നാല്പത്തി നാലു ലക്ഷത്തി എഴുപത്തി അയ്യായിരത്തി തൊള്ളായിരം രൂപയ്ക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസം, കല, സംസ്കാരം എന്ന പതിനേഴാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1981–82 സാമ്പത്തിക വർഷത്തേയ്ക്ക് മൂന്ന് കോടി നാല്പത്തിനാല് ലക്ഷത്തി മുപ്പത്തി ഓരായിരത്തി മുന്നൂറിറി എഴുപത്തിരണ്ട് രൂപയ്ക്കുള്ള അധികധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം കൂടി ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Minister for Local Administration (Shri C. M. Sundaram): Sir, I move that the supplementary grant of Rs. 44,90,000 be granted under Demand XXIII, Urban Development.

I also move that the supplementary grant of Rs. 100 be granted under Demand XXXVI panchayats.

തൊഴിൽവകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ): സർ, തൊഴിലും തൊഴിൽ സൗകര്യങ്ങളും എന്ന ഇരുപത്തിയഞ്ചാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ രണ്ടുകോടി അൻപത്തി എട്ടുലക്ഷത്തി ഏഴായിരത്തി മുന്നൂറു രൂപയ്ക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

Minister for Agriculture (Shri A. L. Jacob) :—Sir, I move that the Supplementary Grant of Rs. 10,80,67,200 be granted under Demand No. XXX Agriculture.

I also move that an excess grant of Rs. 28,91,747 be granted under Demand VII Stamps and Registration fees for the year 1981-82.

I also move that an excess grant of Rs. 58,859 be granted under Demand XXXIII Diary for the year 1982-83.

വനംവകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ): സർ, വനം എന്ന മുപ്പത്തിരണ്ടാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ അൻപത്തിഒന്ന് ലക്ഷത്തി നാൽപ്പത്തിമൂവായിരത്തി അറുനൂറു രൂപയ്ക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മൃഗസംരക്ഷണം എന്ന മുപ്പത്തിരണ്ടാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1981–82 സാമ്പത്തിക വർഷത്തേക്ക് എട്ടു ലക്ഷത്തി പതിനേഴായിരത്തിഅറുപത്തിഒന്ന് രൂപയ്ക്കുള്ള അധികധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം കൂടി ഞാൻ അവതരിപ്പിക്കുന്നു.

സാമൂഹ്യവികസന വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ): സർ, സാമൂഹ്യവികസനം എന്ന മുപ്പത്തിയേഴാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ നാലുകോടിമുപ്പത്തിയാറു ലക്ഷത്തിതൊണ്ണൂറിരണ്ടായിരം രൂപക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, വൈദ്യുത പദ്ധതികൾ എന്ന നാൽപത്താം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ അറുപത്തിമൂന്നുലക്ഷത്തിനാൽപത്തിഎണ്ണായിരം രൂപക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കാർഷികാദായ നികുതിയും വിൽപന നികുതിയും എന്ന അഞ്ചാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1981–82 സാമ്പത്തിക വർഷത്തേക്ക് അഞ്ചുലക്ഷത്തിപതിനെണ്ണായിരത്തിഇരുനൂറിമുപ്പത്തിഎട്ട് രൂപക്കുള്ള അധികധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം കൂടി ഞാൻ അവതരിപ്പിക്കുന്നു.

പെൻഷനും പലവകയും എന്ന പതിനാറാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1982–83 സാമ്പത്തിക വർഷത്തേക്ക് പതിനാലുകോടിഅൻപത്തിഒന്പലക്ഷത്തിഅയ്യായിരത്തിനാനൂറിഇരുപത്തിരണ്ട് രൂപക്കുള്ള അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം കൂടി ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, വ്യവസായങ്ങളും എന്ന മുപ്പത്തിയേഴാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1981–82

LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തിക വർഷത്തേക്ക് അഞ്ചുലക്ഷത്തി പതിനോരായിരത്തി നാനൂറ്റി മുപ്പത്തിഎട്ട് രൂപക്കുള്ള അധികധനാഭ്യർത്ഥന അനുവദിക്ക മെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. പി. മൂസ്സാൻകുട്ടി: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥന കളെ എതിർക്കുകയാണ്. ദുർവിനിയോഗം ചെയ്യുന്നതിനും അഴിമതി നടത്തുന്നതിനും വേണ്ടിയാണ് ഇതിൽ ഓരോ സംഖ്യയും ആവശ്യപ്പെട്ടിരിക്കുന്നത്. 655 കോടി രൂപയും 546 കോടി രൂപയും ഇവിടെ പദ്ധതിയിതര കാര്യങ്ങൾക്കുവേണ്ടിയാണ് ചെലവാക്കുന്നത്. ഈ ധനാഭ്യർത്ഥന ജനങ്ങളുടെ ഭക്ഷണത്തിനുവേണ്ടിയുള്ളതോ അവരുടെ ജീവിതകാര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ളതോ അല്ല. ഇതിൽ പരമാവധി തട്ടിപ്പു നടത്തുന്നതിനു വേണ്ടിയും അഴിമതി നടത്തുന്നതിനുവേണ്ടിയുമാണ് പൈസ ആവശ്യപ്പെട്ടിരിക്കുന്നത്. ഇതിൽ കള്ളക്കണക്കുകളാണ് കാണിച്ചിരിക്കുന്നത്. ഉദാഹരണത്തിന് ഇതിന്റെ 41-ാം പേജിൽ കാണിച്ചിട്ടുള്ളത് ഏഴരക്കോടിരൂപ ഓവർഡ്രാഫ്റ്റിന്റെ പലിശയ്ക്കുവേണ്ടിയെന്നാണ്. ഈ സഭയിൽ പറയുന്നത് ഓവർഡ്രാഫ്റ്റില്ലെന്നാണ്. ഏഴരക്കോടി രൂപയുടെ ഓവർഡ്രാഫ്റ്റടക്കം 121 കോടി രൂപ കടം തീർക്കുന്നതിനുവേണ്ടി മാറ്റിവയ്ക്കുന്നു. 41-ാം പേജിൽ പറയുന്നത് ജനുവരി മാസത്തിൽ വി. ഐ. പി. കൾ നമ്മുടെ രാജ്യം സന്ദർശിച്ചപ്പോൾ റോഡു നന്നാക്കുന്നതിനു വേണ്ടി 30 ലക്ഷം രൂപ ചെലവാക്കിയെന്നാണ്. മന്ത്രിമാരുടെ റിപ്പെയറിനുവേണ്ടിയാണ് ചെലവാക്കുന്നത് എന്നു പറഞ്ഞാൽ മനസ്സിലാക്കാം. 30 ലക്ഷം രൂപ റിപ്പെയറിനു വേണമെന്നു പറയുകയും ഒരു കോടി രൂപ അതിനുവേണ്ടി മാറ്റിവയ്ക്കുകയും ചെയ്തിരിക്കുന്നു. 42-ാം പേജിൽ 2,75,000 രൂപ നഷ്ടമെന്നു പറഞ്ഞിരിക്കുന്നു. അങ്ങനെ ഈ സംസ്ഥാനത്തിലെ ഓരോ സംഖ്യയും എഴുതിത്തള്ളി ഈ സംസ്ഥാനത്തിന്റെ സമ്പത്ത് ധൂർത്തടിക്കുന്ന നടപടികളാണ് ഈ സർക്കാർ സ്വീകരിക്കുന്നത്. ഒരു ഗവൺമെന്റ്. ഭക്ഷണം നൽകുന്നതിനു വേണ്ടിയും ശുദ്ധജലം വിതരണം ചെയ്യുന്നതിനുവേണ്ടിയും മറ്റുമൊക്കെയാണ് ശ്രമിക്കേണ്ടത്. ആ പദ്ധതിയെ സംബന്ധിച്ചൊന്നും ഈ ഗവൺമെന്റാലോചിച്ചിട്ടില്ല. കാറ്, ചായ, കൊടി, വടി, ചോറ് എന്നു പറഞ്ഞു പലതുമാണ് ബഡ്ജറ്റിൽ കൊണ്ടുവന്നിട്ടുള്ളത്. വാട്ടർ ആൻഡ് വേസ്റ്റ് വാട്ടർ എന്നു പറയുന്ന ഒരു അതോറിറ്റി ഉണ്ടായിട്ടുണ്ട്. ഇത് സബ്ജക്റ്റ് കമ്മിറ്റിയുടെ മുമ്പിലുള്ളതാണ്. ആ മന്ത്രി പോകുന്ന പോക്കിൽ ചുടലയിൽ നിന്ന് ഈർക്കിൽ കിട്ടുന്നത് ലാഭം എന്നുള്ള അർത്ഥത്തിൽ അവിടെ ധാരാളം ആളുകളെ നിയമിച്ച് അഴിമതി നടത്തിയിരിക്കുന്നു. നടത്താവുന്ന രീതിയിലൊക്കെ അഴിമതി നടത്തിയ ഒരു ഗവൺമെന്റാണിത്

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

നമുക്ക് വിലവർദ്ധനവ് എടുത്തു പരിശോധിക്കാം. പാർലമെന്റ് ചേരുന്നതിനും അസംബ്ലി ചേരുന്നതിനും മുമ്പാണ് പെട്രോളിന്റെയും പഞ്ചസാരയുടെയുമൊക്കെ വില വർദ്ധിപ്പിച്ചത്. അഞ്ചു തവണകളിലായി അരിയുടെ വില വർദ്ധിപ്പിച്ചു. ഈ ജനുവരി മാസത്തിനുശേഷം ഒരു ക്വിന്റലരിയുടെ വിലയിൽ 14 ക. കൂടി. നമ്മുടെ ഭക്ഷ്യവകുപ്പു മന്ത്രി തന്നെ പറയുന്നത് അരിയുടെ വിലയിൽ 58 പൈസ കൂട്ടിയെന്ന്. ജനങ്ങളുടെ ഭക്ഷണത്തിനു വേണ്ടിയോ നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് തടയുന്നതിനോ വേണ്ടിയുള്ള യാതൊരു നടപടികളും സ്വീകരിക്കുന്നില്ല. ജനദ്രോഹകരമായിട്ടുള്ള നടപടിയാണ് സ്വീകരിക്കുന്നത്. ഈ ഗവൺമെന്റിന്റെ പൊലിമയായിട്ട് മുഖ്യമന്ത്രി പറയുന്നത് ക്രമസമാധാനമാണ്. ഈ ഗവൺമെന്റിന്റെ നാലു കൊല്ലക്കാലത്തെ ക്രമസമാധാനം

LIBRARY ARCHIVES Kerala Legislative Assembly

എടുത്തു പരിശോധിച്ചുനോക്കാം. 1660 കൊലപാതകങ്ങളും നടത്തിയ ഒരു ഗവൺമെൻറാണിത്. സംശയാസ്പദ മരണം 145. അതിലും കൊലപാതകം 20 ഉണ്ട്. ലോക്കപ്പ് കൊലപാതകങ്ങളും 17 എണ്ണം. ബലാൽസംഗം 355. വെടിവയ്പുകളും 27. അതിൽ മരിച്ചവരുടെ എണ്ണം 10. ഇത്രയും വലിയ കൊലപാതക ഗവൺമെൻറിനിടെ ഉണ്ടായിട്ടില്ല. മൂന്നു മാസത്തിനകം രണ്ടു റിപ്പർമാരാണ് വന്നിട്ടുള്ളത്. ഒരു റിപ്പർ കർണ്ണാടകത്തിൽ നിന്നും പുറപ്പെട്ടു. മറെറാരു റിപ്പർ തിരുവനന്തപുരത്തു നിന്നു ഡൽഹിയിലേക്ക് പുറപ്പെട്ടു. അത്ര വ്യത്യാസമേയുള്ളു. ഒരു റിപ്പർ 21 വീടുകളിൽക്കയറി അഞ്ചോളം കൊലപാതകങ്ങളും നടത്തി. ഈ ഗവൺമെൻറിന് ആ റിപ്പറെ പിടിക്കാൻ കഴിഞ്ഞിട്ടില്ല. കർണ്ണാടക സ്റേറാറു പിടിച്ചു ഇവിടത്തെ റിപ്പർ മറാരുമല്ല. മന്ത്രിമാരുടെ തലയ്ക്ക് ചുററിക കൊണ്ടടിക്കുന്നതിനുവേണ്ടി ഡൽഹിയിലേക്ക് പുറപ്പെട്ടതു നമ്മുടെ മുഖ്യമന്ത്രി തന്നെയാണ്. ഇവിടത്തെ ക്രമസമാധാന നില എവിടെയെത്തി. ആ റിപ്പറെ പിടിക്കാൻ സാധിക്കാത്ത കൊള്ളരുതാത്ത ഒരു ആഭ്യന്തര വകുപ്പാണിവിടെയുള്ളത്. ആ ആഭ്യന്തര വകുപ്പിൻെറ ധനാഭ്യർത്ഥനയും ഇതിലുണ്ട്. ഇവിടെ സാമുദായിക വർഗ്ഗീയ പിന്തിരിപ്പൻ ശക്തികളുടെ കൂത്താട്ടം നടക്കുകയാണ്. നമ്മുടെ സ്റേറേറിൽ അതിന് അവസരം ഉണ്ടാക്കിയത് നമ്മുടെ മുഖ്യമന്ത്രിയാണ്. പിന്നോക്ക സമുദായത്തിൽപ്പെട്ടിട്ടുള്ളവർക്കായാലും ന്യൂനപക്ഷത്തിനായാലും ഭയം ഉണ്ടാക്കുന്ന രൂപത്തിൽ പ്രവർത്തിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ്. ആ ഘട്ടത്തിലാണ് നമ്മുടെ സംസ്ഥാനത്തിലെ മതിലുകളിൽ എഴുതി വയ്ക്കുന്നത്. 'ഇൻഡ്യയുടെ മോചനം ഇസ്ലാമിലൂടെ' എന്ന്. ഉടനേതന്നെ കേരളത്തിലെ മുഖ്യമന്ത്രി അതിനെ പ്രോൽസാഹിപ്പിക്കുന്ന രീതിയിലുള്ള പ്രസ്താവനയിറക്കി. അവരെ അഭിനന്ദിച്ചു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): എവിടെ അഭിനന്ദിച്ചു എന്നാണ് പറഞ്ഞത്.

ശ്രീ. സി. പി. മൂസ്സാൻകുട്ടി: പത്രത്തിൽ വന്നതാണ്. അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിഷേധിച്ചിട്ടില്ല. അതിനുശേഷം മന്ത്രിയുടെ പ്രസ്താവന നോക്കി നിന്നു. പ്രോൽസാഹനം കിട്ടിയപ്പോൾ ''ഇസ്ലാമിൻെറ മയ്യത്ത് ഇൻഡ്യയിൽ'' എന്നെഴുതപ്പെട്ടു. അതിൻെറ അർത്ഥം വളരെ വലുതാണ്. ഇവിടെ ന്യൂനപക്ഷങ്ങൾക്ക് ഗുണം ചെയ്യാൻ നിങ്ങളെക്കൊണ്ടു സാധിക്കുകയില്ലെങ്കിൽ ആ രൂപത്തിൽ പച്ചക്കൊടി കാണിക്കേണ്ടതുണ്ടോ? അതേയവസരത്തിൽത്തന്നെ രണ്ടുവിധത്തിലുള്ള വർഗ്ഗീയശക്തികളെയും വളർത്തിക്കൊണ്ടുവരുന്നതിന് പ്രോൽസാഹനം കൊടുക്കുന്ന ഒരു സമീപനമാണ് ഇവിടത്തെ മുഖ്യമന്ത്രിയുടേത്. ''ഇൻഡ്യയുടെ മോചനം ഇസ്ലാമിലൂടെ'', ''ഇസ്ലാമിൻെറ മയ്യത്ത് ഇൻഡ്യയിൽ'', ''രാമരാജ്യത്തിൽക്കൂടി ഇൻഡ്യക്ക് മോചനം'' 'മറെറാരു ഭാഗത്ത് മറു ചിലർ ഈ മന്ത്രിയെ പുച്ഛിച്ച് ചുവരിലെഴുതി ''എലിയുടെ അന്ത്യം പൂച്ചയിലൂടെ'' എന്ന്. ഇതിനെല്ലാം അവസരം കൊടുക്കുന്നത് നമ്മുടെ മുഖ്യമന്ത്രി തന്നെയാണ്. നമ്മുടെ രാജ്യത്ത് എല്ലാ അണ്ടനും അടകോടനും യാത്ര ചെയ്യാം. ഇന്നലെ ഇവിടെ ചർച്ചചെയ്തതാണ്. വിദേശത്തുനിന്ന് ധാരാളം ആളുകളും വന്നിട്ടുണ്ട്. സോവിയററ് യൂണിയനിൽ നിന്നും ചൈനയിൽനിന്നും മറുമൊക്കെ വന്നിട്ടുണ്ട്. പക്ഷേ ഇൻഡ്യാ ഗവൺമെൻറ് ബ്ലാക്ക്ലിസ്റിൽപ്പെടുത്തിയിട്ടുള്ളവർക്ക് കേരളത്തിൽ വന്ന് കൊടികെട്ടിയ കാറിൽ സഞ്ചരിക്കുന്നതിനുപോലും സാധിച്ചു. അതാണിവിടെ പ്രശ്നം വന്നത്. അങ്ങനെയുള്ള ആളുകൾക്കുവേണ്ടി ഒത്താശ ചെയ്യുന്നു. ഇവിടത്തെ നാളികേരത്തിൻെറ വിലയോ, അരിയുടെ വിലയോ, കർഷകരുടെ പ്രശ്നങ്ങളോ ഒന്നും കാര്യമാക്കുന്നില്ല. ഇവിടെ ഗവൺമെൻറ് സാമുദായിക ബോധത്തെ ചൂഷണം ചെയ്യുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇന്നലെ സംസാരിച്ച ഒരു മെമ്പർ പറഞ്ഞു. ത്രിപുരയിൽ വഖഫ് ബോർഡിന് ഗ്രാൻറ് നൽകിയിരിക്കുന്നുവെന്ന്. ഞങ്ങൾ മുസ്ലീം വിരോധികളോ മറ്റോ ആണോ? ത്രിപുരയിൽ വഖഫ് ബോർഡിന് കൊടുത്തിട്ടുള്ള കാശ് വിദ്യാഭ്യാസത്തിനും മറ്റു ക്ഷേമപദ്ധതികൾക്കും വേണ്ടിയുള്ളതാണ്. ഇതിൽ 15 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ വഖഫ് ബോർഡിന് ഗ്രാൻറ് നൽകിയിരിക്കുന്നത് മുസലിയാർക്ക് പെൻഷൻ നൽകുന്നതിനുവേണ്ടിയും കൂടിയാണ്. അപ്പുറത്തുള്ളവർ പറയും അമ്പലത്തിലെ പൂജാരിക്ക് കൊടുക്കണമെന്ന്. എന്നു മാത്രമല്ല, ഇപ്പോൾ എവിടെയാണ് ചെന്നെത്തിയിരിക്കുന്നത്? വിവാഹമോചനം നടത്തിയ സ്ത്രീകൾക്ക് ഭർത്താവ് ചെലവിനു കൊടുക്കുന്നതിനു പകരം വഖഫ് ബോർഡ് കൊടുക്കുമോ എന്നുകൂടി ചർച്ച ചെയ്യപ്പെടുന്ന ഒരു സ്ഥിതിയിലേക്ക് ചർച്ച എത്തിയിരിക്കുന്നു. അത് അപമാനമാണ്. നമ്മുടെ സംസ്ഥാനത്തിനു മാത്രമല്ല മുസ്ലീം സമുദായത്തിനുപോലും അത് അപമാനമാണ്. ത്രിപുരയിൽ കൊടുത്തു തന്നെയാണ് കേരളത്തിലും കൊടുത്തത് എന്നു പറയുന്നത് ശരിയല്ല. നമ്മുടെ മുഖ്യമന്ത്രി 21 കൊല്ലങ്ങൾക്ക് മുമ്പുള്ള കടലാസു വായിക്കുകയുണ്ടായി. അതു തൂക്കിവിൽക്കേണ്ടതാണ്. 1965-ൽ ''അവർ അവരുടേതെന്നും നമ്മൾ നമ്മുടേതെന്നും'' ചൈനയെ സംബന്ധിച്ച് ഞങ്ങൾ പറഞ്ഞിട്ടുണ്ട്. കൂടിയാലോചനവഴി ആ പ്രശ്നം പരിഹരിക്കണമെന്നും പറഞ്ഞു. 21 കൊല്ലത്തിനുശേഷമാണ് മുഖ്യമന്ത്രിയുടെ നേതാവായ രാജീവ് ഗാന്ധിക്ക് ബുദ്ധി തോന്നി ഇന്ന് കൂടിയാലോചനക്ക് തയ്യാറായത്. തെറ്റ് ചെയ്തത് ഞങ്ങളാണോ അതോ നിങ്ങളാണോ? എന്നിട്ടു പറയുന്നു ഞങ്ങൾ ചൈനയുടെ കൂടിയാലോചനയെക്കുറിച്ച് പറഞ്ഞത് തെറ്റാണെന്ന്. 21 കൊല്ലം മുമ്പുള്ള പഴയ കമ്പരാമായണം വായിക്കുന്ന സ്ഥിതിയിലേക്ക് വിശ്വാസിയായിട്ടുള്ള കരുണാകരൻ ചെന്നെത്തിയിരിക്കുകയാണ്. രാമായണം വായിക്കാനെങ്കിലും പഠിക്കണം. ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ ശക്തിയായി എതിർക്കുന്നു.

ശ്രീ. മണിമംഗലത്തു കുട്ട്യാലി: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പൂർണ്ണമായും അംഗീകരിക്കുകയാണ്. പ്രതിപക്ഷങ്ങൾ അപ്പുറത്തിരുന്ന് എന്തെല്ലാം ആക്ഷേപങ്ങൾ പറഞ്ഞാലും ശരി, ഇൻഡ്യാരാജ്യം കണ്ട ഏറ്റവും കൂടുതൽ വികസനപ്രവർത്തനങ്ങൾ നടത്തിയ സംസ്ഥാനമാണ് കേരള സംസ്ഥാനമെന്ന് ഞങ്ങൾ അവകാശപ്പെട്ട അവകാശവാദങ്ങളൊക്കെ ഇന്നുവരെ അപ്പുറത്തിരിക്കുന്ന മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റ് പാർട്ടിക്കോ അവരുടെ കൂടെയുള്ള മറ്റു ഘടകകക്ഷികൾക്കോ എതിർക്കാൻ സാധിച്ചിട്ടില്ലെന്നുള്ളതു ഒരു യാഥാർത്ഥ്യമാണ്. ഇപ്പോൾ ബഹുമാനപ്പെട്ട എന്റെ സുഹൃത്ത് മൂസാൻകുട്ടി സപ്ലിമെൻററി ഗ്രാൻറിനെക്കുറിച്ച് സംസാരിച്ച അവസരത്തിൽ ഇവിടെ തന്നിരിക്കുന്ന പേപ്പർ വായിച്ചിട്ട് കാര്യമായി അദ്ദേഹം പറഞ്ഞു, വി. ഐ. പി. കൾക്ക് സഞ്ചരിക്കുവാനുള്ള റോഡ് നന്നാക്കുന്നതിന് 30 ലക്ഷം രൂപ ചെലവഴിച്ചുവെന്ന്. വി. ഐ. പി. എന്നു പറഞ്ഞാൽ ബഹുമാനപ്പെട്ട മൂസാൻകുട്ടിക്ക് മനസ്സിലാകുമോയെന്ന് എനിക്കറിഞ്ഞുകൂടാ. പശ്ചിമബംഗാളിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ അപ്പോസ്തലൻ എന്ന് വിശേഷിപ്പിക്കപ്പെട്ട ശ്രീമാൻ ജ്യോതി ബാസു കഴിഞ്ഞ പ്രാവശ്യം വി. ഐ. പി. യുടെ വരവിനുവേണ്ടി ചെലവഴിക്കപ്പെട്ട സപ്ലിമെൻററി ഡിമാൻറിനുവേണ്ടി അസംബ്ലിയിൽ പേപ്പർ സമർപ്പിക്കുകയുണ്ടായല്ലോ. അദ്ദേഹം അത് വായിച്ചിട്ടുണ്ടോ എന്ന് എനിക്കറിയില്ല. സർ, സാധാരണഗതിയിൽ ഇൻഡ്യാരാജ്യത്തിലെ എല്ലാ സ്റ്റേറ്റുകളിലും സപ്ലിമെൻററി ഡിമാൻറുകൾ ഉണ്ടായിട്ടുണ്ട്. അത് പാസ്സാക്കിക്കൊടുക്കുന്ന പതിവും ഉണ്ട്. ഇവിടെ ഇതൊരു വലിയ അത്ഭുതമാണ്.

LIBRARY ARCHIVES Kerala Legislative Assembly

വി. ഐ. പി. എന്നു പറഞ്ഞാൽ, ഇൻഡ്യയുടെ പ്രധാനമന്ത്രി പി. വി. കുഞ്ഞിക്കണ്ണനല്ല. ഇൻഡ്യയുടെ പ്രധാനമന്ത്രിയെന്നു പറഞ്ഞാൽ ഇൻഡ്യാരാജ്യത്തിലെ ജനകോടികളിൽ ഭക്തിപുരസ്സരം സ്നേഹത്തോടുകൂടി കാണുന്ന വ്യക്തിയാണ്. അദ്ദേഹം വരുമ്പോൾ അദ്ദേഹത്തെ മാന്യമായി സ്വീകരിക്കുകയും, അദ്ദേഹം യാത്രചെയ്യുന്ന റോഡുകൾ നന്നാക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. പശ്ചിമ ബംഗാളിലും അത് നടത്തി. പോപ്പ് ഇവിടെ വന്നു. പോപ്പ് ആരാണ്? ലോകത്തിലെ കത്തോലിക്കാ സമുദായത്തിന്റെ മുഴുവനും എല്ലാ രാഷ്ട്രങ്ങളും ആദരിക്കുന്ന പുണ്യവാനായ ഒരു മനുഷ്യനാണ്. അദ്ദേഹം വരുമ്പോൾ സാധാരണ ആട്ടോറിക്ഷയിൽ കയറിക്കൊണ്ടുപോകാൻ പറ്റുകയില്ല. താണ നിലയിലുള്ള രാഷ്ട്രീയക്കാരൻമാരല്ലാ വരുന്നതെന്ന്. മനസ്സിലക്കേണ്ടതാണ്. ആ ശീലം മാത്രം സ്വീകരിച്ചിട്ടുള്ള ആളുകൾക്ക് അതൊരു വലിയ ദുഃഖമായി. ഓവർഡ്രാഫ്റ്റിനു ടാക്സ് കൊടുത്തുവെന്ന് പറഞ്ഞു.

സർ, ഇന്നലെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെ പറഞ്ഞു. ഓവർഡ്രാഫ്റ്റ് വളരെ കുറച്ചിരിക്കുന്നുവെന്ന്. ഇതുവരെ ഉണ്ടായിരുന്നു. ഉണ്ടായിരുന്ന സംഖ്യക്ക് പലിശ കൊടുക്കേണ്ടേ? അതിന് പലിശ കൊടുത്തുവെന്നു പറയുന്നതിന്റെ രാഷ്ട്രീയവശം എന്താണെന്ന് മനസ്സിലാകുന്നില്ല. സർ, പല ദുഃഖകരമായ കാര്യങ്ങളെ സംബന്ധിച്ചും ഇവിടെ വിശദീകരണം നടത്തുകയുണ്ടായി. ഞങ്ങളുടെ ഗവൺമെന്റിനെ സംബന്ധിച്ച് ഒരു കാര്യം പറയാൻ ഞാനാഗ്രഹിക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഐ. ആർ. ഡി. പി. ഇനത്തിൽ മാത്രം സബ്സിഡിയായി കൊടുത്തത് 39 കോടി രൂപയാണ്. ഈ തിരിച്ചുപിടിക്കാത്ത 39 കോടി രൂപ സബ്സിഡിയിനത്തിൽ കൊടുത്ത ഒരു സംസ്ഥാന ഗവൺമെൻറാണ്, എന്നു പറഞ്ഞാൽ അത് നിഷേധിക്കാൻ സാധിക്കുമോ? അതുപോലെതന്നെ 25,190 വീടുകൾ 6,000 ഉറുപ്പിക തോതിൽ, 1,800 രൂപ വീതം കക്കൂസും കുളിമുറിയും, ഉണ്ടാക്കുന്നതിനുവേണ്ടിയും, 400 രൂപ വയറിംഗിനുവേണ്ടിയും ചെലവഴിച്ചുകൊണ്ട്, ഏകദേശം 27 കോടി രൂപ പാവപ്പെട്ട ഹരിജനങ്ങൾക്ക് വീടുണ്ടാക്കാൻ മാത്രം, വികസന വകുപ്പിൽനിന്ന് ചെലവഴിച്ചുവെന്ന് ഞങ്ങൾ അവകാശപ്പെട്ടാൽ അത് നിഷേധിക്കുവാൻ സാധിക്കുന്ന ഏതെങ്കിലും രാഷ്ട്രീയക്കാരൻമാർ അപ്പുറത്തുണ്ടോയെന്ന് ചോദിക്കുവാൻ ഞാനാഗ്രഹിക്കുന്നു. സർ, പറയുമ്പോൾ 14,000 കിലോമീറ്റർ നീളത്തിലുള്ള റോഡുകളും അതിൽ 2200 കിലോമീറ്റർ റോഡുകളിൽ ടാറിടുകയും ചെയ്ത സംസ്ഥാനം, കഴിഞ്ഞ മൂന്നേമുക്കാൽ കൊല്ലക്കാലത്ത് ഇൻഡ്യാരാജ്യത്ത് എവിടെയെങ്കിലും ഉണ്ടെന്ന് അപ്പുറത്തുനിന്ന് തെളിയിക്കുവാൻ സാധിക്കുമെങ്കിൽ ഞാൻ ഇവരുടെ വാദം സമ്മതിച്ചുകൊടുക്കാം. ഇതൊന്നുമല്ല, ഏറ്റവും ലേറ്റസ്റ്റായി ഇന്നത്തെ (20-3-1986-ലെ) കേരള കൗമുദിയിൽ വന്ന ഒരു റിപ്പോർട്ടിൽ ഇൻഡ്യാരാജ്യത്ത് ''പശ്ചിമബംഗാളിൽ കളങ്കം'' എന്നു പറഞ്ഞുകൊണ്ടുള്ള ഒരു ലേഖനത്തിൽ പറഞ്ഞിരിക്കുന്നു: നമ്മുടെ രാജ്യത്ത് ഏറ്റവും കൂടുതൽ കുട്ടികൾ ജയിലിൽ കഴിയുന്ന സംസ്ഥാനമാണ് പശ്ചിമബംഗാൾ എന്ന്. എന്താണിതിന്റെ കാരണമെന്നറിയാമോ? ഒരു വർഷം മുൻപുവരെ പശ്ചിമ ബംഗാളിലെ ജയിലുകളിൽ 490 കുട്ടികൾ തടവുപുള്ളികളായിട്ട് ഉണ്ടായിരുന്നു. സംസ്ഥാനങ്ങൾ പാസ്സാക്കിയിട്ടുള്ള ശിശുനിയമപ്രകാരം, കുട്ടികളെ ജയിലിലടയ്ക്കാൻ പാടില്ല.

സർ, ഇവിടുത്തെ സാമ്പത്തികസ്ഥിതിയെക്കുറിച്ച് പറഞ്ഞു. ഇവിടത്തെ പ്ലാനിംഗ് ബോർഡിനെ സംബന്ധിച്ചിടത്തോളം മാർക്സിസ്റ്റുകാർക്ക് എന്തെങ്കിലും പറയാനുണ്ടോ ? കേരളത്തിൽ ഇന്നുള്ള കമ്മ്യൂണിസ്റ്റുകാർക്ക്

LIBRARY ARCHIVES Kerala Legislative Assembly

പ്ലാനിംഗ് ബോർഡ് വ്യത്യസ്തമായ വകുപ്പുകളുമായി ബന്ധപ്പെട്ടുകൊണ്ട് ദൂരവ്യാപകമായ ഒരു കാഴ്ചപ്പാടുവച്ചുകൊണ്ടാണ് പ്രവർത്തനങ്ങളും പരിപാടികളും നീക്കിക്കൊണ്ടിരിക്കുന്നതെന്നുള്ളത് യാഥാർത്ഥ്യമല്ലേ. സർ, പശ്ചിമബംഗാളിലെ സ്ഥിതിതന്നെയാണ്? ഏപ്രിൽ മാസം (1985) 15-ാം തീയതിയിലെ ''ഇൻഡ്യാ ടു ഡേ'' എന്ന വാരികയിൽ ''ബാങ്ക് കറപ്റ്റ് സ്റ്റേറ്റ്'' എന്ന ലേഖനത്തിൽ പശ്ചിമബംഗാളിലെ ധനകാര്യമന്ത്രി ശ്രീ. അശോക് മിത്ര എഴുതിയിരുന്നു: സാമ്പത്തികമായി തകർന്നുതകർന്ന് തരിപ്പണമായിക്കൊണ്ടിരിക്കുന്ന ഒരു സംസ്ഥാനമാണ് എന്റെ സംസ്ഥാനമെന്ന്. അതിനെക്കാളും രസകരമായ മറ്റൊരുകാര്യം പറയാം, ഇവിടെ മരം മുറിക്കുന്നു എന്നു പറയുന്നല്ലോം മരംമുറിച്ചു നീക്കുന്നുവെന്നൊക്കെ കാണിച്ചുകൊണ്ട്, ഒരു സ്പെഷ്യൽ റിപ്പോർട്ട് പശ്ചിമബംഗാളിനെ സംബന്ധിച്ച് ''പ്രോഫിറ്റീയറിംഗ് ഇൻ ദി വുഡ്സ്'' എന്ന ശീർഷകത്തിൽ ദി വീക്ക് എന്ന വാരികയിൽ എഴുതിയിരിക്കുന്നു. അവിടെ എന്താണ് നടക്കുന്നത്? റിപ്പോർട്ടുകളും വിശ്വസിക്കാമെങ്കിൽ നമ്മുടെ രാജ്യത്ത് ഏറ്റവും കൂടുതൽ ജനങ്ങളും പട്ടിണി കിടക്കുന്ന സംസ്ഥാനമാണ് പശ്ചിമബംഗാളും, രാജ്യത്ത് ഏറ്റവും കൂടുതൽ തൊഴിൽ കുഴപ്പങ്ങളുള്ളതും, രാജ്യത്ത് ഏറ്റവുമധികം ഫാക്ടറികളും പൂട്ടിയിട്ടിരിക്കുന്ന സംസ്ഥാനവും പശ്ചിമബംഗാളാണ്. നമ്മുടെ രാജ്യത്ത് ഏറ്റവുമധികംനിയമ സമാധാനത്തകർച്ചയുള്ള സംസ്ഥാനവും പശ്ചിമബംഗാളാണ്. നമ്മുടെ രാജ്യത്ത് ഏറ്റവുമധികം സാമ്പത്തിക പ്രതിസന്ധിയുള്ളതും പശ്ചിമബംഗാളിലാണ്. അതിനു അനുസരണമായിട്ടാണ് പശ്ചിമബംഗാളിലെ ധനകാര്യമന്ത്രി അശോക്മിത്ര രാജിവച്ചത്. ഇത് നിഷേധിക്കാനാവുമോ? വെറുതെ സൊള്ളയടിച്ചിട്ടുകാര്യമില്ല. കരുണാകരൻ.ഹെലികോപ്റ്ററിൽ കയിറിയിരിക്കുന്നുവെന്നും മറ്റും പറയുന്നതാണോ നിങ്ങളുടെ രാഷ്ട്രീയം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബംഗാൾ നിയമസഭയിൽ ചെയ്യേണ്ട പ്രസംഗം കേരള നിയമസഭയിൽ ചെയ്യുന്നത് ഓർഡറിലാണോ ?

മി. ഡെ. സ്പീക്കർ: ചോദ്യം പോയിന്റ് ഓഫ് ഓർഡർ ആയി ചോദിക്കരുത്.

ശ്രീ. മണിമംഗലത്തു കുട്ട്യാലി: സർ, ഇവരുടെ രാഷ്ട്രീയ ബോധത്തെക്കുറിച്ച് ഞാനൊരുകാര്യം പറയട്ടെ: ഞങ്ങൾക്ക് കുറേങ്ങളുണ്ട്. അത് സമ്മതിക്കുന്നു. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന് 100 കൊല്ലത്തെ ചരിത്രമുണ്ട്. എ. ഐ. സി. സി. യുടെ 100-ാം വാർഷിക സമ്മേളനം ബോംബേയിൽവച്ച് നടന്നു. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ പ്രസ്ഥാനത്തിന്റെ 100-ാം വാർഷികം ബോംബേയിൽ ചേർന്നപ്പോൾ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഒരു വലിയ കക്ഷിയുടെ പത്രം റിപ്പോർട്ടു ചെയ്തു: എ. ഐ. സി. സി.യുടെ 100-ാം വാർഷികത്തിൽ പങ്കെടുത്ത ചെറുപ്പക്കാരായ ചിലരെ ചുവന്ന തെരുവിൽ കണ്ടുവെന്ന്. ചുവന്നതെരുവിൽ ഇയാൾ (പത്രറിപ്പോർട്ടർ) എന്തിനാണ് പോയത്? ചുവന്ന തെരുവിൽ കണ്ടു എന്നു പറയുന്നത് ചുവന്നതെരുവിൽ പോയതുകൊണ്ടല്ലേ? ഇത് പറയുന്ന മാർക്സിസ്റ്റു പാർട്ടി, എ. ഐ. സി. സി.യുടെ 100-ാം വാർഷികത്തെപ്പറ്റി നടത്തിയ ഈ റിപ്പോർട്ടിൽനിന്നും ഇവരുടെ അൽപ്പത്തരം മനസ്സിലാക്കാവുന്നതാണ്. ചുവന്നതെരുവിൽ പോകുന്ന ആളുകളുടെ കണക്കെടുക്കലല്ലാ കോൺഗ്രസ്സിന്റെ പണി. അത് മറ്റു വല്ലവരുടെയും പണിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഞാനൊരു പ്രധാനപ്പെട്ട കാര്യം പറയാം; നമ്മുടെ രാജ്യത്ത് ധാരാളം തെരഞ്ഞെടുപ്പുകൾ നടന്നു. ഇൻഡ്യയേക്കാൾ വലുതായ ശ്രീമതി ഇന്ദിരാഗാന്ധിപോലും തോറ്റ തെരഞ്ഞെടുപ്പ് നമ്മുടെ രാജ്യത്തുണ്ടായപ്പോഴും ഞങ്ങൾ പതറിയില്ല. കാരണം ഒരു ജനാധിപത്യ രാഷ്ട്രമെന്ന നിലയ്ക്ക് ഇൻഡ്യാരാജ്യം നിലനിൽക്കണമെന്ന വിശ്വാസംകൊണ്ട്. പക്ഷേ ലോകത്തിലെ മുഴുവൻ രാഷ്ട്രങ്ങളും ഇൻഡ്യാരാജ്യത്തിലെ 79 കോടി ജനങ്ങളും ആകാംക്ഷയോടുകൂടി ഉറ്റുനോക്കിക്കൊണ്ടിരുന്ന ഒരു തെരഞ്ഞെടുപ്പായിരുന്നു പഞ്ചാബിൽ നടന്നതെന്ന് നമുക്കറിയാം. 100-ൽ ചിലപ്പോൾ സീറ്റുകളിൽ കോൺഗ്രസ് സ്ഥാനാർത്ഥികളെ നിർത്തി. ജനതാപാർട്ടി സ്ഥാനാർത്ഥികളെ നിർത്തി, ലോകദൾ സ്ഥാനാർത്ഥികളെ നിർത്തി, ബി. ജെ. പി. സ്ഥാനാർത്ഥികളെ നിർത്തി, കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലുള്ള ഇടതുമുന്നണി 80-ഓളം സീറ്റുകളിൽ സ്ഥാനാർത്ഥികളെ നിർത്തി. സർ, ശ്രീ. രാജീവ് ഗാന്ധിയും ലോക്ദളിലെ നേതാക്കളും ബി. ജെ. പി.യിലെ നേതാക്കളുമടക്കം ശ്രീ. കെ. പി. ഉണ്ണിക്കൃഷ്ണന്റെ പാർട്ടിയെ ഒരു പാർട്ടിയെന്നു പറയാമെങ്കിൽ അദ്ദേഹത്തിന്റെ പാർട്ടിയിലെ നേതാക്കളെ വരെ പഞ്ചാബിലെ തെരഞ്ഞെടുപ്പു പ്രചരണത്തിൽപോയി പ്രസംഗിച്ചു. 80 സീറ്റിൽ മൽസരിച്ച സി. പി. ഐ. യുടെയും മാർക്സിസ്റ്റുകമ്മ്യൂണിസ്റ്റു പാർട്ടിയുടെയും ഹർകിഷൻ സിങ്ങ് സുർജിത് അടക്കമുള്ള നേതാക്കൻമാർ പഞ്ചാബിലെ ഇടതുപക്ഷ പോരാളികൾക്കുവേണ്ടി പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുമ്പോഴും ബ്രഹ്മശ്രീ ശങ്കരൻ നമ്പൂതിരിപ്പാട് മാത്രം പഞ്ചാബിൽ പോയില്ല. എന്തുകൊണ്ടു പോയില്ല എന്നു പറയാമോ? അമേരിക്കൻ പ്രസിഡൻറ് റൊണാൾഡ് റെയ്ഗനും സോവിയറ്റ് കമ്മ്യൂണിസ്റ്റുപാർട്ടിയുടെ സെക്രട്ടറി ഗോർബച്ചോവും ബ്രിട്ടീഷ് പ്രധാനമന്ത്രി മാർഗററ്റ് താച്ചറും ഉൽക്കണ്ഠയോടുകൂടി ഉറ്റുനോക്കിക്കൊണ്ടിരിക്കുന്ന പഞ്ചാബ് തെരഞ്ഞെടുപ്പിലെ പ്രാധാന്യംവച്ചുകൊണ്ട് ഈ രാജ്യത്തെ ഇടതുപക്ഷപ്രസ്ഥാനത്തിലെ മിന്നിത്തിളങ്ങുന്ന പ്രതീകമെന്നു വിശേഷിപ്പിക്കപ്പെടുന്ന ബ്രഹ്മശ്രീ ശങ്കരൻ നമ്പൂതിരിപ്പാട് എന്തുകൊണ്ട് ആ പഞ്ചാബിലെ തെരഞ്ഞെടുപ്പു പ്രചാരണത്തിനു പോയില്ല എന്ന് ആത്മാർത്ഥമായി പറയാൻ സാധിക്കുമോ? ഒരു സഖാവ് പ്രസംഗിച്ചതെന്താണെന്നറിയാമോ? വെടിയുണ്ടയേൽക്കാത്തകുപ്പായം. നമ്പൂതിരിപ്പാടിനില്ല. അതുകൊണ്ട് പോയില്ല എന്നാണ്. ഉളുപ്പുണ്ടോ? ഒരു രാഷ്ട്രീയപാർട്ടി പറയേണ്ട കാര്യമാണോ? ഒരു വിപ്ലവപാർട്ടി പറയേണ്ട കാര്യമാണോ അദ്ദേഹം എന്തുകൊണ്ടു പോയില്ല?

(ബഹളം)

ശ്രീ. രമേശ് ചെന്നിത്തല: ബഹുമാനപ്പെട്ട നമ്പൂതിരിപ്പാട് ഡൽഹി പോലീസിൽ വെടിയുണ്ടയേൽക്കാത്ത ഉടുപ്പു വേണമെന്നു പറഞ്ഞു എഴുതിക്കൊടുത്ത വസ്തുത അങ്ങേയ്ക്കറിയാമോ?

ശ്രീ. മണിമംഗലത്തു കുട്ട്യാലി: കേട്ടു സർ.

ശ്രീ. വി. കേശവൻ: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ, ഇന്ത്യാ രാജ്യത്തെ പ്രതിപക്ഷ നിരയിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു പാർട്ടിയായിട്ടുള്ള കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റുപാർട്ടിയുടെ അഖിലേന്ത്യാ ജനറൽ സെക്രട്ടറിയെ, ലോകാരാദ്ധ്യനായ ശ്രീ. ഇ. എം. എസ്സിനെക്കുറിച്ച് ഇപ്രകാരം പറയുന്നത് ശരിയാണോ ?

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെ. സ്പീക്കർ: ഞാൻ നേരത്തെ തന്നെ പറഞ്ഞു ചോദ്യം ചോദിക്കുന്നത്, പോയിന്റ് ഓഫ് ഓർഡർ രൂപത്തിലാകരുതെന്ന്.

ശ്രീ. എം. എം. ഹസ്സൻ: സഖാവ് നമ്പൂതിരിപ്പാട് ഒരൊറ്റ സമരത്തിലും പങ്കെടുത്തിട്ടില്ലെന്നും അദ്ദേഹം പ്രസംഗങ്ങൾ മാത്രമേ നടത്തിയിട്ടുള്ളൂവെന്നും തോപ്പിൽഭാസി പറഞ്ഞത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബഹളം)

ശ്രീ. മണിമംഗലത്തു കുട്ട്യാലി: ഈ സഭയിലെ ഒരംഗമെന്നുള്ള നിലയിൽ എനിക്ക് സംരക്ഷണം നൽകണം. എന്നെ പ്രസംഗിക്കാൻ ഇവർ സമ്മതിക്കുന്നില്ല.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: ലോകാരാദ്ധ്യനെന്നു പറഞ്ഞ് ഈ സഭയെ തെറ്റിദ്ധരിപ്പിക്കുന്നത് ഓർഡറിലാണോ ?

ശ്രീമതി കെ. ആർ. ഗൗരി: നിയമസഭയിൽ അംഗങ്ങളല്ലാത്ത ആളുകളെ പറ്റി പരാമർശം നടത്താൻ പാടില്ല എന്നുണ്ട്. അതു പോകട്ടെ. ഒരു പാർട്ടിയുടെ ലീഡറെപ്പറ്റി പറഞ്ഞാലും അത് അങ്ങ് അനുവദിക്കുന്നത് ഓർഡറിലാണോ? ഇവർ പറയുന്നത് ശരിയല്ല. ഇവരോടാണോ എനിക്ക് കോട്ട് വേണമെന്നു പറഞ്ഞ് അദ്ദേഹം ആവശ്യപ്പെട്ടത്?

ശ്രീ. മണിമംഗലത്തുകുട്ട്യാലി: ബഹുമാനപ്പെട്ട ഗൗരിയമ്മ ഇങ്ങനെ ധാർമ്മികരോഷംകൊണ്ടിട്ട് കാര്യമില്ല. പഞ്ചാബിൽ നടന്ന ഇന്ത്യാരാജ്യം കണ്ട ഏറ്റവും ഉഗ്രമായ തെരഞ്ഞെടുപ്പിൽ ബ്രഹ്മശ്രീ ശങ്കരൻ നമ്പൂതിരിപ്പാട് പ്രചരണത്തിനുവേണ്ടി പോയില്ല എന്നുള്ളത് നിഷേധിക്കാൻ സാധിക്കുമോ? എന്തുകൊണ്ട് പോയില്ല? അദ്ദേഹത്തിനു ഭയമുണ്ടായിരുന്നുവെങ്കിൽ ഹര്യാനയുടെ അതിർത്തിയിൽപോയിനിന്നുകൊണ്ട് മൈക്ക് വച്ച് പ്രസംഗിക്കാമായിരുന്നില്ലേ? അത്രയുമെങ്കിലും ആണത്തംകാണിച്ചിട്ടില്ലാത്ത ഒരു രാഷ്ട്രീയ നേതാവിന്റെ അനുയായികളാണ് ഇവിടെവന്ന് ഞങ്ങളെ കുറ്റപ്പെടുത്തുന്നത്. മനസ്സിലാക്കേണ്ട കാര്യമാണ്.

(ബഹളം)

ബ്രഹ്മശ്രീ. ശങ്കരൻനമ്പൂതിരിപ്പാട് പഞ്ചാബിൽ തെരഞ്ഞെടുപ്പു നടക്കുമ്പോൾ കേരളത്തിൽവന്ന് ശരി അത്തിനെതിരായി പ്രസംഗിക്കുകയായിരുന്നു. ഇന്ത്യാരാജ്യത്തിലെ ഏറ്റവും വലിയ പ്രശ്നം പഞ്ചാബ് ഇന്ത്യയുടെ കൂടെ നിൽക്കണമെന്നുള്ളതാണോ, അതോ ശരി അത്താണോ എന്നു പരിശോധിക്കേണ്ടതാണ്. അതിനു തയ്യാറുണ്ടോ അപ്പുറത്തിരിക്കുന്ന ആളുകളെന്നു ചോദിക്കുവാൻ ഞാനാഗ്രഹിക്കുകയാണ്.

(ബഹളം)

ഈ രാജ്യത്ത് ഏറ്റവും കൂടുതൽ വികസനപ്രവർത്തനങ്ങളും നടത്തുകയും ഈ രാജ്യത്ത് പൊതുജനങ്ങൾക്കുവേണ്ടി ധാരാളം കാര്യങ്ങളും ചെയ്യുകയും ചെയ്ത സർക്കാരാണ് ഈ സർക്കാർ.

(ബഹളം)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പങ്കജാക്ഷൻ: ഇവിടെ ശ്രീ. കുട്ട്യാലി നടത്തിയ പരാമർശവും മറ്റു ചിലരുന്നയിച്ച ചോദ്യവും ഈ സഭയിലില്ലാത്ത നമ്മുടെ സംസ്ഥാനത്തേയും ഇന്ത്യയിലേയും പ്രമുഖനായ ഒരു രാഷ്ട്രീയനേതാവിനെപ്പറ്റി യാണ്. ഈ സഭയിലില്ലാത്ത ഒരു രാഷ്ട്രീയ നേതാവിനെപ്പറ്റി നടത്തിയ പരാമർശം ഈ സഭയുടെ രേഖയിൽനിന്നും മാറ്റണം. ഇതിന് മുമ്പൊരു ദിവസം ഫോട്ടോഗ്രാഫർ എന്നു പറയുന്ന ഒരാളെപ്പറ്റി പറഞ്ഞത് ഈ സഭയുടെ രേഖയിൽനിന്ന് മാറ്റണമെന്നു പറഞ്ഞ് ഇവിടെ പരാമർശമുണ്ടായി, മാറ്റാനുള്ള റൂളിംഗുമുണ്ടായി. ഫോട്ടോഗ്രാഫറെക്കുറിച്ചു പരാമർശിച്ചത് സഭാ രേഖകളിൽ ഉണ്ടായിരിക്കുകയില്ല എന്ന് റൂളിംഗ് നൽകിയ പശ്ചാത്തലത്തിൽ സഖാവ് ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിനെതിരായിട്ട് ഇവിടെ നടത്തിയ പരാമർശം ഈ സഭയുടെ രേഖകളിലുണ്ടാകരുത്. ഈ സഭയുടെ രേഖയിൽ അതുണ്ടാകാൻ പാടില്ലെന്ന കാര്യത്തിൽ അങ്ങ് റൂളിംഗ് നൽകണം. വളരെ ഉന്നതനായ ഒരു നേതാവിനെപ്പറ്റി നടത്തിയ പരാമർശം ഈ സഭയുടെ രേഖയിലുണ്ടാകാൻ പാടില്ല.

(ബഹളം)

** * * *

മി. ഡെ. സ്പീക്കർ: മി. കുട്ട്യാലി സംസാരിച്ചപ്പോൾ ഇങ്ങനെ ആവശ്യമില്ലാത്ത എന്തെങ്കിലും പദങ്ങൾ പ്രയോഗിച്ചിട്ടുണ്ടോ എന്നു പരിശോധിച്ചതിനുശേഷം സ്പീക്കറുമായിട്ട് ആലോചിച്ച് വേണ്ടത് ചെയ്യാം.

(ബഹളം)

ശ്രീ. മണിമംഗലത്തു കുട്ട്യാലി: സർ, ഞാൻ ബഹുമാനപ്പെട്ട നമ്പൂതിരിപ്പാടിനെ സംബന്ധിച്ച് യാതൊന്നും ഉണ്ടാക്കി പറഞ്ഞിട്ടില്ല. ബഹു: ശ്രീ ശങ്കരൻ നമ്പൂതിരിപ്പാടെന്നു മാത്രമേ പറഞ്ഞിട്ടുള്ളു. അത് തെറ്റാണെങ്കിൽ പിൻവലിക്കുന്നതിൽ വിരോധമില്ല. ഇവിടെ ഇടതുപക്ഷജനാധിപത്യ മുന്നണിയിലെ മാർക്സിസിറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി, ശ്രീ. എം. പി. ഗംഗാധരനെക്കുറിച്ച് ചില കാര്യങ്ങൾ പറഞ്ഞു. ശ്രീ. അഹമ്മദിനെതിരായിട്ട് ചില കാര്യങ്ങൾ പറഞ്ഞു. ശ്രീ. ബാലകൃഷ്ണപിള്ളക്കെതിരായിട്ട് കുറെ കാര്യങ്ങൾ പറഞ്ഞു. മുഖ്യമന്ത്രിയെക്കുറിച്ച് പറഞ്ഞു. ശ്രീ. നൂറുദ്ദീനെക്കുറിച്ച് പറഞ്ഞു കുറെ കാര്യങ്ങൾ—ഏതെങ്കിലും ഒരു ആരോപണത്തിൽ ഉറച്ചു നിന്നുകൊണ്ട് അത് നേരിടാൻ തന്റേടം കാണിച്ചിട്ടുണ്ടോ? ഇത് ഭ്രാന്തൻ കൃഷ്ണൻനായർ മൽസ്യം വിൽക്കുന്നതുപോലേയായാൽ എങ്ങനെയാണ്? എന്റെ നാട്ടിൽ ഒരു ഭ്രാന്തൻ കൃഷ്ണൻനായരുണ്ട്. അയാൾ മൽസ്യം വിൽക്കുന്നത് ഇങ്ങനെയാണ്. ഒരു വീട്ടിന്റെ മുമ്പിൽ ചെന്നിട്ട് മത്തി മറ്റൊരു വീടിന്റെ കോണിൽ ചെന്നിട്ട് അയില. വേറൊരു കോണിൽ ചെന്നിട്ട് കൊഞ്ച്, വേറൊരു കോണിൽചെമ്മീൻ മാന്തൽ എന്നൊക്കെ പറയും. അങ്ങനെ അയാൾ പറയുന്നതുപോലെ പറഞ്ഞാൽ പോരാ. ഒരു വീട്ടിൽ നിൽക്കണം. അതിനുള്ള തന്റേടം കാണിക്കണം. വെറുതെ കൈയും കാലുമിട്ട് അടിച്ചിട്ട് കാര്യമില്ല. ഇവിടെ അവതരിപ്പിച്ചിട്ടുള്ള സപ്ലിമെന്ററി ഡിമാന്റുകളെ സംബന്ധിച്ച് എനിക്കും ചില അഭിപ്രായങ്ങൾ ഉണ്ട്.

സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭാനടപടികളിൽ നിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഉദ്യോഗസ്ഥൻമാരുടെ യാത്രയെ സംബന്ധിച്ചിടത്തോളം ചെലവു വഴിച്ച അഡീഷണൽ ചെലവ് നമ്മും ഇപ്പോഴും റാറ്റിഫൈ ചെയ്തുകൊടുക്കേണ്ടിയിരിക്കുന്നു. ഇവയെ, ഉദ്യോഗസ്ഥൻമാരുടെയും മറ്റും അനാവശ്യ യാത്രാചെലവുകളും വെട്ടിച്ചുരുക്കിക്കൊണ്ട്, അതിനിർണ്ണായകമായ ഒരു കാലഘട്ടത്തിൽക്കൂടി കടന്നുപോയിക്കൊണ്ടിരിക്കുന്ന നമ്മുടെ സംസ്ഥാനത്തിന്റെ മുഖച്ഛായ മാറ്റിയെടുക്കാൻ പ്രതിജ്ഞാബദ്ധമായ ഒരു ഗവൺമെന്റ് എന്നുള്ള നിലയ്ക്ക് പുതിയ പരിപാടികളും ആവിഷ്ക്കരിക്കുമ്പോൾ തെറ്റുകൾ തിരുത്തുവാൻ തയ്യാറാകണം. ഏറ്റവും കൂടുതൽ വികസന പ്രവർത്തനങ്ങൾ ഇൻഡ്യാ രാജ്യത്ത് നടത്തിയ ഒരു ചെറിയ സംസ്ഥാനമെന്നുള്ളനിലയ്ക്ക് ഈ സപ്ലിമെന്ററി ഡിമാൻറുകളെ അംഗീകരിച്ചുകൊണ്ട് ഞാനവസാനിപ്പിക്കുന്നു.

ശ്രീ. കെ. ടി. കുണാരൻ: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി എതിർക്കുകയാണ്. ഈ ഐക്യ ജനാധിപത്യമുന്നണി എന്ന രാഷ്ട്രീയ അഭിസാരികയുമായി വേഴ്ചയിൽ ഏർപ്പെട്ട ശ്രീ. കുട്ട്യാലിയെപ്പോലുള്ള ആളുകൾ ഇങ്ങനെ പ്രസംഗിക്കുന്നതിൽ അത്ഭുതപ്പെടാനില്ല. 1982 മേയ് മാസത്തിൽ ഈ സംസ്ഥാനത്തിന്റെ മുഴുവൻ പ്രശ്നങ്ങൾക്കും പരിഹാരം കാണും, കേന്ദ്രഗവൺമെൻറിന്റെ സഹായം നേടിക്കൊണ്ട് പരിഹാരം കാണുമെന്ന് പറഞ്ഞ് 38 മാസക്കാലം ഭരിച്ച ഇവർക്ക് ഇന്നെന്താണ് പറയാനുള്ളത്. ഇവർ വാസ്തവത്തിൽ ഈ കേരളത്തിനെ എവിടെകൊണ്ടുചെന്നു എത്തിച്ചിരിക്കുന്നു? കേരളത്തിന്റെ ഏതെങ്കിലും പ്രശ്നത്തിന് ഈ 38 മാസഭരണക്കാലത്തിനിടയ്ക്ക് ശ്രീ. കരുണാകരന്റെ ഗവൺമെൻറിന് പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ടോ? നയനാർ ഭരണകാലത്ത് ഇവർ പറഞ്ഞത്, പ്രത്യുൽപ്പാദനപരമല്ലാത്ത പെൻഷൻ ഗവൺമെൻറാണെന്നാണ്. ശ്രീ. നായനാരുടെ മുഖത്തു നോക്കി പറഞ്ഞതല്ലേ ഈ ഇരിക്കുന്ന ശ്രീ. കരുണാകൻ. ഏതായാലും ഈ രംഗത്ത്, ഈ സംസ്ഥാനത്തിന്റെ മുഖ്യപ്രശ്നങ്ങൾക്ക്—തൊഴിലില്ലായ്മ, വ്യാവസായിക പുരോഗതി, റെയിൽവേ പിന്നോക്കാവസ്ഥ ഇവയിൽ ഏതെങ്കിലും ഒരു കാര്യത്തിൽ ഈ ഗവൺമെൻറിന് മുഖമുദ്ര പതിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ. ഇല്ല സർ, നേരെമറിച്ച് ഇവിടെ അഴിമതിയുടെ വെള്ളപ്പൊക്കമാണ്. ഈ ഗവൺമെൻറിനെ സംബന്ധിച്ച് മുഖ്യമന്ത്രി ഇന്നലെ ഇവിടെ പ്രസംഗിച്ചതുകേട്ടപ്പോൾ ഞാൻ വല്ലാതെ വേദനിച്ചു. മാത്രമല്ല ഇന്ത്യയ്ക്ക് മാതൃകാപരമായിട്ടുള്ള മുന്നണിയെ കൂടുതൽ ശക്തിപ്പെടുത്തുമെന്നും പ്രതിപക്ഷത്തെ തകർത്തുതരിപ്പണമാക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. ഈ രാജ്യത്തിലെ ഏറ്റവും മുഖ്യമായ പ്രശ്നമെന്താണ്? ഈ രാജ്യത്തെ ഭയപ്പെടുത്തുന്ന മുഖ്യമായിട്ടുള്ള വിപത്തെന്താണ്? ഈ ഏപ്രിൽമാസം 5-ാം തീയതി ഹിന്ദുസംഗമം—45 കോടിയുള്ള ഹിന്ദുക്കൾ ഒന്നിക്കുക, രക്തം ചിന്തുക എന്നാണ് ഇവരുടെ പ്രഖ്യാപനം. 12 കോടിയുള്ള മുസൽമാൻമാർ ഒന്നിക്കുക, രക്തം ചിന്തുക എന്നു് ശ്രീ. സുലൈമാൻ സേട്ട് പറഞ്ഞു. ഞങ്ങളെ നശിപ്പിക്കാൻ ബാബാ സാഹിബ് ദേവരശും, സുലൈമാൻസേട്ടും രാമസ്വരൂപും, ഇന്നലെ ജയിൽചാടിയ വിദ്വാനും, ഇവരെയൊക്കെ ഐക്യമുന്നണിയാക്കിയ കരുണാകരഭരണമല്ലേ കേരളത്തിൽ നടക്കുന്നത്. ഇത്ര അധ:പതിച്ചു പോയല്ലോ? ഇത്ര നാണംകെട്ടുപോയല്ലോ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സെന്ന ഈ സംഘടന. വളരെ വേദനാജനകമാണ്. ഇന്ത്യാ രാജ്യത്തിന്റെ ഗാത്രുക്കൾ ഞങ്ങളാണോ (ഇടതുപക്ഷ ജനാധിപത്യമുന്നണിയാണോ) പറയൂ. ഇന്ത്യാരാജ്യത്ത്, ലോകത്തിൽ അങ്ങനെയുള്ള ഏതെങ്കിലും ഒരു ബന്ധുവുണ്ടെങ്കിൽ അതാരാണ്? അത് അപ്പുറത്തിരിക്കുന്ന കോൺഗ്രസ്സുകാർ പറയണം. ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം, ശ്രീ. സീതിഹാജി സംസാരിച്ചപ്പോൾ ഒരു കാര്യം പറഞ്ഞു. മുസ്ലീംലീഗ് ഈ സംസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

ത്തിന്റെ എല്ലാ പുരോഗമന ജനാധിപത്യത്തിലും പങ്കാളിത്തം വഹിച്ചുവെന്ന്. മുസ്ലീം ലീഗ് മാത്രമല്ല സീതിഹാജി! ഇവിടെ ഈ കേരളത്തിന്റെ ചരിത്രമെന്താണ്? ഞങ്ങളെപ്പറ്റി നിങ്ങൾ ഒട്ടേറെ വിമർശിച്ചു. പക്ഷേ സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ, ഈ സംസ്ഥാനത്തിന്റെ പുരോഗതിയിൽ ഐതിഹാസികമായ പോരാട്ടത്തിൽക്കൂടി ഈ സംസ്ഥാനത്തിലെ സാമൂഹ്യപുരോഗതിക്ക് അടിത്തറയിട്ട പ്രസ്ഥാനമാണ് കേരളത്തിലെ ഇടതുപക്ഷ പ്രസ്ഥാനം. ഈ പ്രസ്ഥാനം നിലനിൽക്കുന്നതുകൊണ്ടാണ് മുസ്ലീം ലീഗ് വലതുപക്ഷത്തിന് കൂട്ടുനിന്നത്. കേരളത്തിൽ ഭരിക്കുന്ന കോൺഗ്രസ്സുകാരോട് ചോദിക്കുന്നു, നിങ്ങൾ ഈ സംസ്ഥാനത്ത് നടപ്പാക്കിയിട്ടുള്ള കർഷകത്തൊഴിലാളി പെൻഷൻ, മൽസ്യത്തൊഴിലാളി പെൻഷൻ തുടങ്ങിയുള്ള ഒട്ടേറെ സാമൂഹ്യക്ഷേമപരിപാടികൾ നിങ്ങൾ സ്വന്തമായി ഭരണം നടത്തുന്ന ഏതെങ്കിലും സംസ്ഥാനത്തിൽ നിങ്ങൾക്ക് നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ? ഇല്ല. എന്തുകൊണ്ട് കഴിഞ്ഞില്ല. അതാണ് കേരളത്തിന്റെ പ്രത്യേകത. ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ പ്രത്യേകതയെ മാറ്റിക്കളയാൻ സീതിഹാജിക്കും കഴിയില്ല. അതിനപ്പുറത്തുള്ള ആളുകൾക്കും കഴിയുകയില്ല. ശ്രീ. സീതിഹാജിക്കും മുസ്ലീം ലീഗിനും മരക്കച്ചവടവും മതക്കച്ചവടവും വേണം പിന്നെ രാഷ്ട്രീയക്കച്ചവടവും വേണം. എന്ത് രാഷ്ട്രീയമാണ് നിങ്ങൾക്കുള്ളത്. സർ, ഈ സംസ്ഥാനത്തെ തൊഴിൽ മേഖലയെ സംബന്ധിച്ചു പറയുമ്പോൾ കോഴിക്കോട് ജില്ലയിൽ ഗ്വാളിയർ റയോൺസ് അടച്ചിട്ടിരിക്കുകയാണ്. തൊഴിലാളികൾ മുഴുപട്ടിണിയിലാണ്. അതിനെപ്പറ്റി ഒരു ശബ്ദം അപ്പുറത്തിരിക്കുന്നവർക്ക് പറയാനുണ്ടോ? ശ്രീ. കരുണാകരനും ഒന്നും പറയാനില്ല. അതുപോലെ നിയമസമാധാനത്തെ സംബന്ധിച്ചിടത്തോളം പരിഹാരം കാണാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ടാണ് ഞാൻ പറയുന്നത് സർ, ഇവിടെ വ്യാപകമായി അഴിമതി നടക്കുന്നുവെന്ന്. ഈ ഭരണത്തിൽ അഴിമതിയില്ലെന്ന് പറയാൻ നിങ്ങൾക്കാർക്കെങ്കിലും കഴിയുമോ? ഞാൻ എന്റെ നിയമസഭാ പാസ് സാക്ഷിയാക്കി പറയുന്നു (നിയമസഭാ പാസ്സ് സഭയിൽ ഉയർത്തിക്കാണിച്ചു.) ഈ സംസ്ഥാനത്ത് ഇന്ന് നടക്കുന്നതുപോലുള്ള അഴിമതികൾ ഇന്ത്യയിൽ ഒരിടത്തും, പ്രത്യേകിച്ച് കേരളത്തിന്റെ ചരിത്രത്തിൽ ഒരിക്കലുമുണ്ടായിട്ടില്ല. അഴിമതിയില്ലെന്നു പറയാൻ തയ്യാറുള്ള ഏതെങ്കിലും മെമ്പർ അപ്പുറത്തുണ്ടെങ്കിൽ നിയമസഭാംഗത്വം രാജിവയ്ക്കാൻ തയ്യാറാണോ. ഞാൻ രാജിവയ്ക്കാം. ഇവിടെ അഴിമതിയില്ലെന്ന് പറഞ്ഞുകൊണ്ട്, എന്നെ വെല്ലുവിളിച്ചുകൊണ്ട് നിയമസഭാംഗത്വം രാജിവയ്ക്കാൻ ആരെങ്കിലും തയ്യാറുണ്ടോ? ഞാൻ പറയുന്നു അഴിമതിയുടെ മുഖമുദ്രയാണ് ഈ ഗവൺമെന്റ്. വെള്ളം കൊടുക്കുന്ന കാര്യത്തിൽ, ജലമലിനജല അതോറിട്ടിയിൽ, വെളിച്ചത്തിൽ, വെളിച്ചവിപ്ലവത്തിൽ, മരത്തിൽ, മരത്തൈകളിൽ, മരാമത്തിൽ, മദ്യത്തിൽ, മരച്ചീനി മദ്യത്തിന്, ആനേറാവിൽ പൈപ്പിൽ, എന്നുവേണ്ട കോടതിയിൽ, കോടതി വിധിയിൽ, ഫോണിൽക്കൂടി എല്ലാ രംഗങ്ങളിലും അഴിമതികളാണ്. ഈ മന്ത്രിമാരും ഈ ഗവൺമെന്റും തുടരുന്നത് ഈ രാജ്യത്തിന് ആപത്താണ്. ഇവർ ഈ രാജ്യത്തെ നശിപ്പിക്കും, ഈ സംസ്ഥാനത്തെ നശിപ്പിക്കും, ഇന്ത്യയിലെ ജനങ്ങൾ നേടിയ എല്ലാ കഴിഞ്ഞകാല രാഷ്ട്രീയ മൂല്യങ്ങളെയും കുഴിച്ചുമൂടി, അതാണ് ശ്രീ. കരുണാകരന്റെ മുഖമുദ്ര. അപ്പുറത്തിരിക്കുന്നവരോട് പറയുകയാണ് ഈ കരുണാകരഭരണം എത്ര ആപൽക്കരമാണ്. എയ്ഡ്സ് രോഗം ഇവിടെയില്ലെന്നാണ് പറഞ്ഞത്. കേരളത്തിൽ എയിഡ്സ് രോഗമില്ലായിരിക്കാം എന്നാൽ ശ്രീ. കരുണാകരന്റെ ഭരണം എയ്ഡ്സ് രോഗമാണെന്ന് അനുദിനമെന്നോണം തെളിഞ്ഞുവരികയാണ്. അതാണ് ഞാൻ പറഞ്ഞത് ഈ ഭരണം എത്രയും വേഗം അവസാനിക്കുമോ അത്രയും ഈ രാജ്യത്തിനും സംസ്ഥാനത്തിനും നല്ലതാണെന്ന്.

LIBRARY ARCHIVES Kerala Legislative Assembly

ആകെ അവർക്കുള്ളതെന്താണ് സർ? പൊങ്ങച്ചംപറച്ചിൽ മാത്രമാണ്. ആദ്യം വരംച്ചയെപ്പറ്റി പറഞ്ഞു. എത്രകോടി രൂപയാണെന്നോ രണ്ടായിരം കോടി രൂപ് നാശനഷ്ടം. പിന്നെ വെള്ളപ്പൊക്കത്തെപ്പറ്റി പറഞ്ഞു. എത്രകോടിയാണെന്നോ മൂവായിരം കോടിരൂപയുടെ നഷ്ടം. അപ്പോൾ 5,000 കോടിരൂപയായി. നാളികേരവിലയിടിവിന്റെ ഫലമായി ആയിരം കോടിരൂപയുടെ തകർച്ച. അങ്ങനെ 6,000 കോടിരൂപയുടെ സാമ്പത്തിക ത്തകർച്ചയാണിവിടെ വന്നിട്ടുള്ളത്. 100—ൽ ചില്വാനംകോടിരൂപ കേന്ദ്ര ഗവൺമെന്റിൽനിന്ന് ദുരിതാശ്വാസത്തിന് കിട്ടി. അതു എടുത്തു കുശാലടി ക്കുകയാണ്. അതിനെപ്പറ്റിയല്ലേ ശ്രീ. കുട്ട്യാലി ഇവിടെപ്പറഞ്ഞത്. ശ്രീമാൻ കരുണാകരന്റെ ഗവൺമെന്റ് വീടു ഉണ്ടാക്കിയില്ലേ, റോഡ് ഉണ്ടാക്കി യില്ലേ എന്നാണു പറഞ്ഞത്. നിങ്ങളും വീടുണ്ടാക്കി, ശരിയാണ്. അത് ശ്രീമാൻ കരുണാകരന്റെ ഗവൺമെന്റ് അല്ലെങ്കിലും ഓരോ കാലത്തുവരുന്ന അതാത് ഗവൺമെന്റുകളും റോഡും വീടുമൊക്കെയുണ്ടാക്കും. അതൊക്കെ സ്വാഭാ വികമായിട്ട് വരുന്നതല്ലേ? അതൊക്കെ ശ്രീമാൻ കരുണാകരനു് ഇരിക്കട്ടെ യെന്നാണോ? സമയമില്ലാത്തതിനാൽ ഞാൻ കൂടുതലൊന്നും പറയാൻ ആഗ്രഹി ക്കുന്നില്ല. മാരകമായ വിപത്ത് നമ്മുടെ രാജ്യത്ത് നിലനിൽക്കുന്നു. നമ്മുടെ രാജ്യത്തെ ഐക്യവും ഭദ്രതയും കാത്തുസൂക്ഷിക്കാൻ കഴിയണമെന്നാഗ്രഹിക്കുന്ന മുഴുവൻ ജനങ്ങളും ഒരുനിമിഷംമുമ്പ് ശ്രീമാൻ കരുണാകരന്റെ ഗവൺമെന്റിനെ കുഴിച്ചുമൂടാനുള്ള കർമ്മരംഗത്തു വരണമെന്നുപറഞ്ഞുകൊണ്ട് ഞാൻ ഈ ഗവൺമെന്റിനുവേണ്ടി അവതരിപ്പിച്ചിരിക്കുന്ന ഉപധനാഭ്യർത്ഥനകളെ ഒന്നു കൂടി ശക്തിയായി എതിർക്കുന്നു.

ശ്രീ. സി. ടി. അഹമ്മദാലി: സർ, ബഹുമാനപ്പെട്ട മന്ത്രിമാർ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു. ഈ സഭ സമ്മേളിക്കുന്നതിനെക്കുറിച്ച് പ്രതിപക്ഷത്തുനിന്നും ഒട്ടേറെ പരാമർശ ങ്ങളുണ്ടായി. സഭ സമ്മേളിച്ചപ്പോൾ സഭയെക്കുറിച്ചുണ്ടായ പൊതു അഭിപ്രായ മെന്തായിരിന്നുവെന്ന് ഞാൻ പറയേണ്ടതില്ലല്ലോ? ആദ്യ ദിവസത്തെ സമ്മേളനം കഴിഞ്ഞപ്പോൾ മാതൃഭൂമി പത്രം എഴുതിയത് പ്രതിപക്ഷത്തിന്റെ മുനയുടെ മൂർച്ച കണ്ടില്ലെന്നാണ്. വലിയ പൊട്ടി തെറികളും കണ്ടില്ല; നേരിയ ഉരസലുകളും മാത്രം എന്നു് പത്രം എഴുതി. ഇത്രമാത്രം അധഃപതിച്ച ഒരു പ്രതിപക്ഷത്തെ ഞാൻ ഇന്നേവരെ കണ്ടിട്ടില്ല സാർ. ഈ ഗവൺമെന്റിന്റെ നയങ്ങളെക്കുറിച്ച് ഈ സഭയിൽ ഗവർണ്ണർ പ്രഖ്യാപിച്ചപ്പോൾ അതിന്റെ കോട്ടങ്ങളെയോ കുറവുകളെയോ കുറിച്ചൊന്നും തന്നെ അവർക്ക് പറയാൻ കഴിയാതെപോയി. അതിനു് പ്രധാന കാരണമായി ഞാൻ മനസ്സിലാക്കുന്നത് പ്രതിപക്ഷത്തുണ്ടായിരുന്ന രണ്ട് ചുണക്കുട്ടി കൾക്ക് എന്റെ തൊട്ടടുത്ത ജില്ലക്കാരനായ സഖാവ് എം. വി. രാഘവനും ശ്രീമാൻ. പി. വി. കുഞ്ഞിക്കണ്ണനും പ്രസംഗിക്കാൻ കഴിയാതെ പോയതു കൊണ്ടാണെന്നാണ്. അവരുടെ പ്രസംഗങ്ങൾ കേട്ട് നിരവധി തൊഴിലാളി വിരോ ധികളും ആവേശം കൊള്ളാറുണ്ടായിരുന്നു. ഈ സഭയിൽ അവരുടെ പ്രസംഗങ്ങൾ ഇല്ലാതെ പോയത് തീർച്ചയായും മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയെ സംബന്ധിച്ചിടത്തോളം ക്ഷീണമാണ്. ആ പ്രസ്ഥാനത്തിന്റെ ഒരനാഥാ വസ്ഥയെയാണത് കാണിക്കുന്നത് എന്നു് പറയാനാഗ്രഹിക്കുകയാണ്. ഇവിടെ പ്രതിപക്ഷങ്ങൾ എന്റെ പാർട്ടിയെ സംബന്ധിച്ച് ഒട്ടേറെ പരാമർശങ്ങൾ നടത്തുകയുണ്ടായി. ഒരു കാര്യം മാത്രം ഞാൻ പറയാനാഗ്രഹിക്കുന്നു. ഇതിന്റെയെല്ലാം അടിസ്ഥാന കാരണം ഞങ്ങളുടെയാരുടെയും തെറ്റല്ല. അത് സഖാവ് ഇ. കെ. നായനാരും സഖാവ് ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടും തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങളാണ്. അതാണ് ഇന്നുവരെ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായിട്ടുള്ള രാഷ്ട്രീയ സംഭവവികാസങ്ങളും തെളിയിക്കുന്നത്. നമ്പൂതിരിപ്പാടിന്റെ അഭിപ്രായം അദ്ദേഹം ഭരിക്കാതിരുന്നാൽ മറ്റാരും തന്നെ ആ മാർക്സിറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ നിന്നും ഇവിടെ മുഖ്യമന്ത്രിയായി അധികാരത്തിൽ വരാൻ പാടില്ലെന്നാണ്. അതാണ് അദ്ദേഹത്തിന്റെ ഉറച്ച അഭിപ്രായം. പരസ്പരം പ്രതിപക്ഷത്തെ തമ്മിലടിപ്പിക്കാനും, അവരുടെ ഐക്യത്തെ തുരങ്കം വയ്ക്കാനും മുസ്ലീം സമുദായത്തെ ഭിന്നിപ്പിക്കാനും സഖാവ് നമ്പൂതിരിപ്പാട് എല്ലാ അമ്പുകളും എയ്തുകൊണ്ടിരിക്കുകയാണ്. മുസ്ലീം ലീഗിന്റെ സഹകരണമില്ലാതെ ഇവിടെ ഒരുറച്ച ഭരണം സ്ഥാപിക്കാൻ ആർക്കും കഴിയില്ലെന്നുള്ള കാര്യം സഖാവ് നമ്പൂതിരിപ്പാടിനറിയാം. അതുകൊണ്ടാണ് മുസ്ലീം ലീഗിനെ തകർത്ത് തളളിപ്പറയാൻ സഖാവ് നമ്പൂതിരിപ്പാട് മുതിർന്നത്.

അതുപോലെ തന്നെ എന്റെ ജില്ലയിലുണ്ടായ ചില ദൗർഭാഗ്യകരമായ സംഭവങ്ങളെക്കുറിച്ച് ഈ സഭയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. ഏതാനും മാസം മുമ്പ് കാസർകോട്, കണ്ണൂർ ജില്ലകളിലും കർണ്ണാടക സംസ്ഥാനത്തിലുമുണ്ടായ ദൗർഭാഗ്യകരമായ; മനഷ്യനെ ഞെട്ടിപ്പിക്കുന്ന ഭീകരമായ ഒരു സംഭവമാണ് റിപ്പർ സംഭവം. ആ റിപ്പർ സംഭവത്തിലേക്ക് ഗവൺമെന്റിന്റെയും ഈ സഭയുടെയും ശ്രദ്ധ ഞാൻ ക്ഷണിക്കുയാണ്. നമ്മുടെ സംസ്ഥാന ഗവൺമെന്റിന്റെ പോലീസും കർണ്ണാടക ഗവൺമെന്റിന്റെ പോലീസുദ്യോഗസ്ഥൻമാരും വളരെ ഊർജ്ജസ്വലതയോടുകൂടി സംഭവത്തെപ്പറ്റി അന്വേഷണം നടത്തുകയും അവസാനം റിപ്പർമാരെ പിടിക്കുകയും ചെയ്തു. റിപ്പർ ആക്രമണത്തോടനുബന്ധിച്ച് എന്റെ ജില്ലയിൽ 7 പേർ മരണമടഞ്ഞു. പലരുമിന്ന് മണിപ്പാൽ ഹോസ്പിറ്റലിലും മംഗലാപുരം ഹോസ്പിറ്റലിലും കാസർകോട്, കാഞ്ഞങ്ങാട് ഹോസ്പിറ്റലിലുമായി മരണത്തോട് മല്ലാട്ടുകൊണ്ടിരിക്കയാണ്. റിപ്പർ ആക്രമണത്തിനിരയായ ചാമുണ്ടിക്കടവ് കുഞ്ഞുകുഞ്ഞിന്റെ കുടുംബത്തിന്റെ സ്ഥിതിയിന്ന് വളരെ ദയനീയമാണെന്ന് ആ വീട് സന്ദർശിക്കുന്ന ആർക്കും കാണാവുന്നതാണ്. അതുപോലെ തന്നെയാണ് കാസർകോട് കാവുകോളിയിൽ ഉണ്ടായ സംഭവം. പാവപ്പെട്ട ഒരു കുടിലിൽ താമസിച്ചിരുന്ന ഒരു സ്ത്രീ കൊലചെയ്യപ്പെട്ടു. അതുപോലെ മറ്റൊരു വൃദ്ധയെ കൊന്നു സാർ? ഒട്ടേറെ ആളുകളെ പരുക്കേൽപ്പിച്ചു. ആ ജില്ലയിൽ ഏഴുപേർ മരിക്കുകയുണ്ടായി. ഇന്നും ഒട്ടേറെപ്പേർ അബോധാവസ്ഥയിൽ കഴിയുന്നു. ഈ സംഭവമുണ്ടായതിനാൽ ഞങ്ങൾ കുറെ ദിവസങ്ങളും മാസങ്ങളും ഉറക്കമൊഴിയുകയുണ്ടായി. ഈ പ്രദേശത്ത് ആർക്കും ഉറങ്ങാൻ കഴിയാത്ത ഒരു സാഹചര്യമുണ്ടായി. ആ ഭാഗത്ത് ശക്തനായ ആഭ്യന്തര വകുപ്പുമന്ത്രി ഒന്നോരണ്ടോ പ്രാവശ്യം വരുകയും ആ ഭാഗങ്ങളെല്ലാം സന്ദർശിച്ച് കാര്യങ്ങൾ മനസ്സിലാക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ അവിടെ രണ്ടു ഡി. ഐ. ജി. മാരെ നിയമിക്കുകയും വളരെ ശക്തമായ നിലയിൽ തന്നെ പോലീസ് ജാഗ്രത പാലിക്കുകയും ചെയ്തതിൽ ഞങ്ങൾ അങ്ങേയോടും സന്തോഷിക്കുന്നു. അതേയവസരത്തിൽ റിപ്പർ ആക്രമണത്തിനിരയായവർക്ക് മാനുഷികമായ പരിഗണന വച്ചുകൊണ്ട് എന്തെങ്കിലും സാമ്പത്തിക സഹായം നൽകുന്നതിനുള്ള അനുവാദം കൊടുക്കണമെന്ന് ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിലെ ബഹുമാനപ്പെട്ട മന്ത്രിമാരോട് ഞാൻ അഭ്യർത്ഥിക്കുന്നു. അവർക്ക് മണിപ്പാൽ ഹോസ്പിറ്റലിലും മംഗലാപുരം ഹോസ്പിറ്റലിലും ആയിരക്കണക്കിന് രൂപ ചെലവായിട്ടുണ്ട്. ഗവൺമെന്റിന് സ്വന്തത്തികമായി ബുദ്ധിമുട്ടുണ്ടെങ്കിൽ മറ്റേതെങ്കിലും ചെലവുകൾ കുറച്ചുകൊണ്ടെങ്കിലും മരിച്ചവരുടെ ആശ്രിതർക്കും അതുപോലെ പരിക്കേറ്റവർക്കും സാമ്പത്തിക സഹായം നൽകാനുള്ള നടപടികളും ഗവൺമെന്റ് സ്വീകരിക്കണമെന്നു കൂടി ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ തൊട്ടടുത്ത് തലശേരിയിൽ മറെറാരു ദുരന്ത സംഭവമുണ്ടായി. ആ തീവണ്ടിയപകടം നമ്മെളെല്ലാപേരെയും വളരെ ദുഃഖിപ്പിച്ച ഒരു സംഭവമായിരുന്നു. ഉൽസവത്തിനെറ ആഹ്ളാദത്തിനിടയിൽ ആകസ്മികമായി മരണപ്പെട്ട 18 പേരുടെ കുടുബങ്ങൾക്ക് കൊടുത്ത നഷ്ട പരിഹാരം വളരെ പരിമിതമാണ്. അത് വർദ്ധിപ്പിക്കണം. കൂടാതെ മരിച്ചവരുടെ അശ്രിതർക്ക് റെയിൽവേയിൽ ഐന്തെങ്കിലുമൊക്കെ ജോലി നൽകാനുള്ള ഒരു സംവിധാനം അടിയന്തിരമായി ഗവൺമെൻറ് ഉണ്ടാക്കണമെന്നുകൂടി ഈ സന്ദർഭത്തിൽ ഞാൻ അഭ്യർത്ഥിക്കുന്നു.

ഇന്ന് സി. പി. ഐ.യുടെ ഭാഗത്തുനിന്ന് പലരും ഈ ഗവൺമെൻറിനെതിരായി പരാമർശിക്കുകയുണ്ടായി. ഞാനിവിടെ ഒരു കാര്യം ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുന്നു. അവരുടെ അടുത്ത ദേശീയ സമ്മേളനം അവരെ, ഏതു വഴിക്കാണ് നയിക്കുന്നതെന്ന് വ്യക്തമായ സൂചനകൾ തരുന്നുണ്ട്. നമ്മുടെ രാജ്യത്തിൻെറ ഐക്യവും അഖണ്ഡതയും നിലനിറുത്താൻവേണ്ടി ഇൻഡ്യൻ പ്രധാനമന്ത്രി ശ്രീ. രാജീവ് ഗാന്ധിക്ക് പിൻതുണ നൽകാനും, സഹായം നൽകാനും തയ്യാറാണെന്നുള്ള ഉറപ്പ് അവരുടെ ആ പഴയ സ്വഭാവത്തിനു മാറ്റം വന്നതിൻെറ ലക്ഷണമാണ്. ഇന്നല്ലെങ്കിൽ നാളെ കോൺഗ്രസ്സിലേക്ക് തിരിച്ചുവരുമെന്നുള്ളതിൻെറ വ്യക്തമായ സൂചനയും. ഏതായാലും ദേശീയമായ നിരവധി പ്രശ്നങ്ങൾ നമ്മളഭിമുഖീകരിക്കുന്ന ഈ കാലഘട്ടത്തിൽ, തീർച്ചയായും ഇൻഡ്യൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിക്ക്, ഈ രാജ്യത്തെ മുഴുവൻ ജനങ്ങളുടെയും പിൻതുണയും സഹകരണവും വാഗ്ദാനം ചെയ്യേണ്ടത് അനിവാര്യമാണ്. കാലഘട്ടത്തിൻെറ ആവശ്യവുമാണ്. അതാണ് ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗ് ഇന്നുവരെ അനുവർത്തിച്ചിട്ടുള്ള നയം. ഈ രാജ്യത്ത് പ്രയാസങ്ങളും പ്രതിസന്ധികളുമുണ്ടായ കാലഘട്ടങ്ങളിലെല്ലാം തന്നെ ഈ രാജ്യത്ത് ഒരു ജനാധിപത്യകക്ഷിയെന്നുള്ള നിലയിൽ ഇൻഡ്യൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിക്കും. അതുപോലെതന്നെ ശ്രീമതി ഇന്ദിരാ ഗാന്ധിക്കും കഴിവുറ്റ പിൻതുണ ഞങ്ങൾ നൽകിയിരുന്നു. മുസ്ലീം ലീഗ് എല്ലാ കാലഘട്ടങ്ങളിലും അങ്ങനെയാണ് ചെയ്തിട്ടുള്ളത്. കോൺഗ്രസ്സും മുസ്ലീംലീഗും തമ്മിലുള്ള ബന്ധം, 25 കൊല്ലത്തെ—ഏകദേശം കാൽനൂറ്റാണ്ടു കാലത്തെ ബന്ധം, ഏതാനും കൊല്ലങ്ങളൊഴിച്ചാൽ വളരെ ശക്തമാണ്. മുസ്ലീം ലീഗിനെ തകർക്കാൻ, സഖാവ്, ഇ. എം. എസ്. നമ്പൂതിരിപ്പാടും പ്പെടെയുള്ള ആളുകളും, കോൺഗ്രസ്സുമായി പുതിയൊരു ബന്ധം സ്ഥാപിക്കാൻ പോലും തയ്യാറായിയെന്നുള്ളത് വളരെ ഖേദകരമാണ്. ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗ്, ഒരു ജനാധിപത്യകക്ഷിയെന്ന നിലയിൽ 1960 മുതൽ ഇന്നുവരെ കോൺഗ്രസ്സുമായി സഹകരിച്ചിട്ടുണ്ട്. ആദ്യവർഷങ്ങളിൽ രണ്ടു മൂന്നു വർഷങ്ങളൊഴിച്ചാൽ മറ്റു കാലഘട്ടങ്ങളിലെല്ലാംതന്നെ കോൺഗ്രസ്സുമായി വളരെയേറെ സഹകരിച്ചു തന്നെയാണ് പ്രവർത്തിച്ചിട്ടുള്ളത്. ഇനിയും ഈ രാജ്യത്ത് മുസ്ലീം ലീഗ് കോൺഗ്രസ്സിനുവേണ്ടി ഒന്നിച്ച് നിൽക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ശരിയത്തെന്നുള്ള ഒരേയോരു കാരണംപറഞ്ഞ്, മുസ്ലീം ലീഗിനെതിരായി ഇവിടെ വർഗ്ഗീയ വാദങ്ങൾ കുത്തിയിളക്കിക്കൊണ്ട്, ഈ രാജ്യത്തെ സാഹോദര്യം തകർക്കാൻ വേണ്ടി മറെറാരെക്കാളും മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി പ്രസംഗിച്ചു നടക്കുന്നു. അത് ഇന്നല്ലെങ്കിൽ നാളെ നിങ്ങൾക്കും ആപത്തായിരിക്കുമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. വർഗ്ഗീയമായി പ്രവർത്തിച്ചുവെന്ന് ആരോപിച്ച് മുസ്ലീം ലീഗിനെ പ്രതിക്കൂട്ടിൽ കയറാൻ ശ്രമിച്ച ആളുകൾക്ക് അത് തെളിയിക്കാൻ കഴിഞ്ഞിട്ടില്ല. സ്വാതന്ത്ര്യാനന്തരഭാരതത്തിൽ മുസ്ലീം ലീഗ് പലപ്പോഴും കേരളത്തിൽ അധികാരത്തിൽ വന്നിട്ടുണ്ട്.. ഞങ്ങൾക്ക് മൂന്ന് മന്ത്രിമാരുണ്ട്. അവരിൽ ആരെങ്കിലും വർഗ്ഗീയമായി അവിഹിതമായി

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തിച്ചുവെന്നു തെളിയിക്കാൻ നിങ്ങളിലാർക്കെങ്കിലും സാധിക്കുമോ? ഈ രാജ്യത്ത് ഇന്നുവരെയുള്ള മുസ്ലീം ലീഗിന്റെ പ്രവർത്തനങ്ങൾ ഇവിടെയുള്ള വർക്കെല്ലാമറിയാം. ഏതെങ്കിലുമൊരു സഹോദര സമുദായത്തെ ആക്ഷേപിക്കുന്ന തരത്തിൽ ഒരു വാക്കോ, ഒരു പ്രവൃത്തിയോ മുസ്ലീം ലീഗിന്റെ ഭാഗത്തു നിന്നുമുണ്ടായിട്ടില്ല. നേരെ മറിച്ച് ഏറ്റവും കൂടുതൽ വർഗ്ഗീയത മുസ്ലീം സമുദായത്തിനുനേരെ ഇളക്കിവിടുന്നത് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയാണ്. ഇന്നലെ നമ്മുടെ മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ, ഇൻഡ്യാ—ചൈനാ യുദ്ധമുണ്ടായപ്പോഴും അതിർത്തിയെ സംബന്ധിച്ചിടത്തോളം മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി വളരെ വ്യത്യസ്തമായ നിലപാട് സ്വീകരിച്ചുകൊണ്ട് രാജ്യദ്രോഹപരമായ പ്രവർത്തനങ്ങളാണിവിടെ നടത്തിയിട്ടുള്ളതെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ രാജ്യത്തെ മുഴുവൻ ജനങ്ങളും ബഹുമാനിക്കുന്ന കോടതികളെ, ബൂർഷ്വാ ക്കോടതികളെന്നു ആക്ഷേപിച്ച ആളുകൾ, വാസ്തവത്തിൽ ഇന്ന് ആ കോടതികളെക്കുറിച്ച് എന്ത് അഭിപ്രായം പറയുന്നു എന്നു ചോദിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ലോകരാഷ്ട്രങ്ങളുടെ മുമ്പിൽ ഏറ്റവും നല്ല ഭരണഘടനയെന്ന് അംഗീകാരം നേടിയെടുത്ത, ഇൻഡ്യയിലെ ഭരണഘടനയെപ്പോലും പുച്ഛിച്ചുതള്ളിയവരാണ് മാർക്സിസ്റ്റുകാർ. ഞങ്ങൾ ഈ രാജ്യത്തെ ഭരണഘടനയോടു അങ്ങേയറ്റം കൂറ് പുലർത്തിയിട്ടുള്ളവരാണ്. ശരിയത്തിനെതിരായി കോടതിയിൽ നിന്നു വിധിയുണ്ടായിട്ടുപോലും കോടതികളെ തള്ളിപ്പറയാൻ ഞങ്ങൾ മുതിർന്നിട്ടില്ല. അതുപോലെ തന്നെ ശത്രു രാജ്യങ്ങളുമായി ബുദ്ധിമുട്ടുണ്ടായപ്പോൾ രണാങ്കണത്തിലേക്ക് മുഹമ്മദ് സാഹിബിന്റെ പുത്രനെ അയച്ച പാരമ്പര്യമാണ് ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗിനുള്ളത്. നേരെമറിച്ച്, ഞങ്ങളെ രാജ്യദ്രോഹികളെന്നും, ചാരൻമാരെന്നും ആക്ഷേപിക്കുന്ന നിങ്ങൾ ഈ രാജ്യത്തെ ചരിത്രം പഠിക്കണമെന്ന് മാത്രമാണ് ഈ അവസരത്തിൽ ഞങ്ങൾക്ക് നിങ്ങളോട് അഭ്യർത്ഥിക്കുവാനുള്ളത്.

സർ, ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനെയും നമ്മുടെ പ്രധാനമന്ത്രി രാജീവ് ഗാന്ധിയെയും സംബന്ധിച്ചിടത്തോളം, വളരെ പ്രയാസമേറിയ കാലഘട്ടത്തിലും രാജീവ്ഗാന്ധിയുടെ നേതൃത്വം തീർച്ചയായും ഈ രാജ്യത്തെ വളരെയേറെ പുരോഗമനപരമായ ഒരു രാഷ്ട്രമായി ലോകത്തിനു മുമ്പിൽ കാഴ്ചവയ്ക്കാൻ കഴിയുമെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇടക്കാല തെരഞ്ഞെടുപ്പിനെക്കുറിച്ച് ഇവിടെ പരാമർശിക്കുകയുണ്ടായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുപ്പു നടത്തണമെന്ന് ആവശ്യപ്പെടാനുള്ള ധൈര്യംപോലും, പ്രതിപക്ഷത്തിന് ഇല്ലാതെപോയി. ഒരു ഇടക്കാലതെരഞ്ഞെടുപ്പുണ്ടായിരുന്നെങ്കിൽ അപ്പുറത്തിരിക്കുന്ന അംഗങ്ങളുടെ എണ്ണം എത്രയായി ചുരുങ്ങുമെന്ന് നിങ്ങളോട് പറയേണ്ട കാര്യമില്ല.

കാസർകോട് ജില്ല നിലവിൽ വന്നു. എങ്കിലും അവിടെ ഇന്ന് പൂർണ്ണമായും ആവശ്യമുള്ള ജില്ലാ ആഫീസുകൾ നിലവിൽ വന്നിട്ടില്ല. അവികസിതമായ ആ പ്രദേശത്തെ വികസിപ്പിക്കുന്നതിനാവശ്യമായ ജില്ലാ ആഫീസ്സുകൾ തുറക്കാനുള്ള നടപടികൾ വളരെ വേഗം ആരംഭിക്കണമെന്നുകൂടിപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കാസർകോട് പ്രദേശത്തോടു അങ്ങേയറ്റം താല്പര്യം കാണിച്ചിട്ടുണ്ടെന്നകാര്യത്തിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. വളരെ പിന്നോക്കമായ ആ പ്രദേശത്തെ, നോ—ഇൻഡസ്ട്രീസ് ഡിസ്ട്രിക്ടായി അംഗീകരിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ശുപാർശ ചെയ്തിരിക്കുന്ന ഗവർണ്ണറുടെ പ്രസംഗത്തെ ഞങ്ങൾ അങ്ങേയറ്റം സന്തോഷത്തോടുകൂടി സ്വാഗതം ചെയ്യുന്നു. കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തിക്കൊണ്ട്, വ്യവസായികമായി

LIBRARY ARCHIVES Kerala Legislative Assembly

പിന്നോക്കം നില്ക്കുന്ന ആ ജില്ലയെ ഒരു നോ ഇൻഡസ്ട്രീ ഡിസ്ട്രിക്ടായി പ്രഖ്യാപിക്കാനുള്ള നടപടികളും കേന്ദ്രഗവൺമെൻറിനെക്കൊണ്ട് എടുപ്പിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. അവിടത്തെ മറ്റൊരു പ്രശ്നം ചന്ദ്രഗിരിപ്പാലവുമായിട്ട് ബന്ധപ്പെട്ടതാണ്. പാലം പൂർത്തിയാകാറായ ഈ ഘട്ടത്തിൽ, ആ പാലവുമായി ബന്ധിപ്പിക്കുന്ന റോഡുകളെ സംബന്ധിച്ചിടത്തോളം അലൈൻമെൻറ് നടത്തിയിട്ടുണ്ട്. ആ റോഡ് നിർമ്മാണത്തിനു ആവശ്യമായ നടപടികളും ഇതുവരെ ആരംഭിച്ചിട്ടില്ല. ചന്ദ്രഗിരിപ്പാലം മുതൽ മേൽപറമ്പുവരെയുള്ള റോഡ് എം. സി. റോഡുമായി ബന്ധിപ്പിച്ചുകൊണ്ട് പാലത്തിൻറെ പണി അവസാനിക്കുന്നതോടുകൂടിതന്നെ റോഡുപണിയും ആരംഭിക്കാനുള്ള നടപടികളും സ്വീകരിക്കണം. അതുപോലെതന്നെ അവിടെയൊരു ഫിഷ് ലാൻഡിംഗ് സെൻററുണ്ട്. വളരെക്കാലമായി അവിടെയുള്ള പാവപ്പെട്ട മൽസ്യത്തൊഴിലാളികളുടെ ആശാകേന്ദ്രമായ ഫിഷ്ലാൻഡിംഗ് സെൻററിൻറെ നിർമ്മാണം പൂർത്തിയാകാറായി. അടുത്ത മാസം തന്നെ അതു തുറന്നു കൊടുക്കാനുള്ള എല്ലാ നടപടികളും സ്വീകരിക്കണം. അവിടത്തെ അഴിമുഖത്ത് പൂഴി വന്നടിഞ്ഞുകൊണ്ട് ബോട്ടുകളും ജട്ടിയിലേക്ക് അടുക്കാത്ത അവസ്ഥയിലാണ്. അതുപോലെതന്നെ ഒട്ടെറെ ബോട്ടുകൾ തകർന്നിരിക്കുന്നു. അതിനാൽ അടിയന്തിരമായി അഴിമുഖത്ത് നീന്നും മണൽ നീക്കി ആഴം കൂട്ടി അവിടത്തെ മൽസ്യത്തൊഴിലാളികൾക്ക് സഹായകമായ ആ കാര്യം ഗൗരവത്തോടുകൂടി പരിഗണിക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. പി. വിജയദാസ്: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. മൂല്യശോഷണം സംഭവിച്ച് അടിത്തറ തകർന്ന ഒരു സർക്കാരാണിത്. ഈ നിയമസഭാ ചട്ടങ്ങളുടെ പരിരക്ഷയിലും അങ്ങയുടെ ഓർഡർ വിലക്കുകളുടെ പരിരക്ഷയിലും ചില ഗീർവാണങ്ങളും ഗർജ്ജനങ്ങളും ഇവിടെ നടക്കുന്നു എന്നുള്ളതാണ് സത്യം.നാൽ കവലകളിൽ ഈ സർക്കാരനെക്കുറിച്ച് കേൾക്കുന്നത് ആത്മാഭിമാനമുള്ളവരെയും, അന്തസുള്ളവരെയും ലജ്ജിപ്പിക്കുന്നു. അത്തരം കാര്യങ്ങളാണ് അങ്ങയുടെ ഈ സർക്കാരിനെക്കുറിച്ച് കേൾക്കുന്നത്. മാർച്ച് 31-ാം തീയതി കഴിഞ്ഞാൽ ഈ സർക്കാർ തകർന്ന് തരിപ്പണമാകുമെന്നുള്ള കാര്യത്തിലാർക്കും തർക്കമില്ല. ആ തകർച്ചയിൽ ആർക്കാണ് ജീവാപായം സംഭവിക്കുന്നതെന്ന് ഞാൻ ഇപ്പോൾ സൂചിപ്പിക്കുന്നില്ല. ഇവിടെയിരിക്കുന്ന പലരും കാണുമോയെന്ന് കണ്ടറിയേണ്ടിയിരിക്കുന്നു. ഒരുപക്ഷെ, കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയുടെ അച്ചടക്ക നടപടിയിലും, സഖാവ് എം. വി. രാഘവനും, സഖാവ് പി. വി. കുഞ്ഞിക്കണ്ണനും ഇല്ലായിരുന്നെങ്കിൽ ഭരണകക്ഷി ബഞ്ചുകളിലുള്ളവർക്ക് എന്തു പറയുവാൻ കാണുമായിരുന്നുവെന്ന് ഞാൻ ആലോചിച്ച് പോവുകയാണ്. അതല്ലാതെ ഈ ഭരണകക്ഷി ബെഞ്ചുകളിലുള്ളവർക്ക് ഏതെങ്കിലുമൊരു നല്ല കാര്യം പറയാൻ കിഞ്ഞില്ല. ഭിക്ഷാടനം ചെയ്യേണ്ടിവന്നാലും മദ്യവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഇടപെടുകയില്ലെയെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ മറുപടി പറഞ്ഞ അവസരത്തിൽ പറയുകയുണ്ടായി. ഒരു കോൺഗ്രസുകാരെന്നുള്ള നിലയിൽ വികാരഭരിതരായി പറഞ്ഞ ആ കാര്യത്തിലെനിക്ക് അഭിമാനമുണ്ട്. ഡിസ്റ്റിലറി അനുവദിച്ച കാര്യത്തിൽ എന്തുകൊണ്ട് മുഖ്യമന്ത്രി പുറകോട്ട് പോയിയെന്ന്, ഞാൻ ചോദിക്കുന്നു. ആ ഡിസ്റ്റിലറിയുടെ ദുർഗന്ധം ഇന്ന് ഈ നാട്ടിൽ വിഷവാതകചോർച്ചപോലെ ജനങ്ങൾക്ക് അരോചകമായിനിൽക്കുന്നു. ആർക്കെങ്കിലും അത് നിഷേധിക്കാൻ കഴിയുമോ ഈ കാര്യങ്ങൾ ഇവിടെ നടക്കുമ്പോൾ ഈ ഗവൺമെൻറിൻറെ ഭാഗത്ത് നിന്ന് വരുന്ന ഈ സപ്ളിമെൻററി

LIBRARY ARCHIVES Kerala Legislative Assembly

ബഡ്ജറ്റിൽ പറയുന്നത് വികസനപ്രവർത്തനങ്ങളും നടത്താൻ ഞങ്ങളും കൂടുതൽ തുകയും കണ്ടെത്തുന്നു എന്നാണ്. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ ചെലവ് ചുരുക്കും എന്ന് സൂചിപ്പിക്കുന്നു. എവിടെയാണ് ചുരുക്കുന്നത് എന്ന് ചോദിച്ചാൽ തിരിച്ച് പറയുന്നത് ഞങ്ങളും വികസന പ്രവർത്തനങ്ങളിൽ ചെലവ് ചുരുക്കുന്നില്ല എന്നാണ്. എന്ത് വികസന പ്രവർത്തനമാണ് നടക്കുന്നത്. ഏത് കാര്യത്തിലാണ് നിങ്ങളും ജനങ്ങൾക്ക് പ്രയോജനകരമായ വികസനപ്രവർത്തനങ്ങളും ചെയ്തിട്ടുള്ളത് എന്ന് നിങ്ങൾക്ക് ചൂണ്ടിക്കാണിക്കാൻ കഴിയുമോ ?

നാട്ടിൽ മുഴുവൻ. വെള്ളം കൊടുത്തു എന്ന് പറയുന്നു. ഞാൻ ചോദിക്കുന്നു, ഏതെങ്കിലും ഒരുമന്ത്രി ഇപ്പോൾ ഈ സഭ വിട്ട് എന്റെ കൂടെ പുറത്ത് വരാമോ ? കഴക്കൂട്ടം, ആറ്റിങ്ങൽ, വർക്കല, വാമനപുരം, നെടുമങ്ങാട് എന്നീ നിയോജക മണ്ഡലങ്ങളിൽ ഞാൻ കൂടി വരാം അവിടെ കഴിച്ചിട്ടുള്ള ഏതെങ്കിലും കുഴൽ കിണറുകളിൽ വെള്ളം കാണിക്കാമോ ? ഈ മന്ത്രിമാരെ ഞാൻ വെല്ലുവിളിക്കുന്നു. ഏതെങ്കിലുമൊരു കുഴൽ കിണറിൽ വെള്ളം കാണിക്കാമോ? എന്റെ നിയോജകമണ്ഡലമുൾപ്പെടെയുള്ള തിരുവനന്തപുരം ജില്ലയിലെ അനേകം പൈപ്പുകളുടെ മുമ്പിൽ എന്റെ അമ്മമാരും സഹോദരിമാരും മൈലുകളും ചുറ്റളവിൽ കലം നിരത്തി വെള്ളത്തിനുവേണ്ടി വച്ചിരിക്കുന്നു, മൂന്ന് ദിവസമായി! ഈ മന്ത്രിമാർക്ക് ആത്മാഭിമാനമുണ്ടെങ്കിൽ വരൂ, ഞാൻ ആ കലങ്ങളും കാട്ടിത്തരാം. മൂന്ന് ദിവസമായി ഒരു തുള്ളി വെള്ളത്തിന് വേണ്ടി അവർ കാത്ത് കിടക്കുന്നു. വികസന പ്രവർത്തനം പോലും! എത്രകോടി രൂപ വെള്ളത്തിനും പൈപ്പിനുമായി ചെലവാക്കി?

ഇവിടെ രാവിലെ പലരും പ്രസംഗിച്ചു, ആശുപത്രികളിൽ മരുന്ന് കൊടുക്കാൻ, ഒരു തുള്ളി വെള്ളം കൊടുക്കാൻ കഴിയാതെ മാന്യൻമാർ ആണ് വികസനപ്രവർത്തനങ്ങളെക്കുറിച്ച് പറഞ്ഞത് ആശുപത്രികളുടെ സ്ഥിതി എന്താണ് ? ഏതെങ്കിലും ആശുപത്രിയിൽ ഒരു തുള്ളി മരുന്നുണ്ടോ കുത്തിവയ്ക്കാനുള്ള സിറിഞ്ച് ഉണ്ടോ ? അവിടെ നിന്ന് കൊടുക്കുന്നത കുറിപ്പുകളടങ്ങിയ വെറും കടലാസുകളും മാത്രമാണ്. മരുന്നില്ല. കിടക്കാനിടമില്ല. ആശുപത്രിയിൽ വെള്ളമില്ല. ഇതാണോ വികസനപ്രവർത്തനം

വ്യവസായത്തിന്റെ കാര്യം നോക്കാം. ഇവിടെ എന്ത് വ്യവസായം ? കേന്ദ്രത്തിൽനിന്ന് സംസ്ഥാനത്തിന് അർഹതയുള്ളതുപോലും വാങ്ങാൻ കഴിയാത്ത നാണംകെട്ട, കഴിവുകെട്ട ഗവൺമെന്റാണ് ഈ ഗവൺമെന്റ് എന്ന് ഞാൻ സൂചിപ്പിക്കുന്നു. ഒരൊറ്റ വ്യവസായം പോലും ഈ സംസ്ഥാനത്ത് കൊണ്ടുവരാനോ, അത് നടപ്പിലാക്കാനോ കഴിയാത്ത ഒരു ഗവൺമെന്റ് ആണ് വ്യവസായ സമാധാനത്തെക്കുറിച്ച് പറയുന്നത്. ഇവിടെ ഇന്ന് രാവിലെ രണ്ട് മൂന്ന് സുഹൃത്തുക്കളും വ്യവസായ തകർച്ചയുടെയും, സമാധാനത്തിന്റെയും കാര്യങ്ങളും സൂചിപ്പിച്ചു. ഗ്വാളിയോർ റയോൺസ്, റൂബി റബ്ബർ വർക്സ് അല്ലാ ഇൻഡസ്ട്രീസ് തുടങ്ങിയവയുടെ കാര്യത്തിൽ പറഞ്ഞു. ഒരൊറ്റ ഫാക്ടറിപോലും തുറന്ന് പ്രവർത്തിപ്പിക്കാനുള്ള നടപടി ഈ ഗവൺമെന്റ് ചെയ്യുന്നില്ല. ഉള്ള ഫാക്ടറികളും പോലും അടച്ചിട്ട്, വ്യവസായശാലകളും പൂട്ടി ജനങ്ങളെ കഷ്ടതയിലേക്ക് കൊണ്ടുപോകുന്നു.

കയറിന്റെയും കൈത്തറിയുടെയും കാര്യത്തിലേക്ക് ഞാൻ അധികം കടക്കുന്നില്ല. ഈ വ്യവസായ വകുപ്പുമന്ത്രി അധികാരത്തിൽ വന്നതിനു ശേഷം ആ രംഗത്തെ മുഴുവൻ തകർത്ത് തരിപ്പണമാക്കിയിരിക്കുകയാണ

LIBRARY ARCHIVES Kerala Legislative Assembly

ഉള്ള കഞ്ഞിയിൽ തന്നെ പാറയിടുന്ന നിലയിലാണ് കയറിന്റെയും കൈത്തറിയുടെയും കാര്യങ്ങൾ ഈ മന്ത്രി കാണുന്നതെന്ന് ഞാൻ സൂചിപ്പിക്കുകയാണ്.

അതുപോലെ തന്നെ വെളിച്ച വിപ്ലവത്തിന്റെ കാര്യം. എവിടെയാണ് സാർ ഈ വെളിച്ച വിപ്ലവം? നിങ്ങൾക്ക് ഓരോരുത്തർക്കും ഈ വെളിച്ച വിപ്ലവത്തെക്കുറിച്ച് നാൽക്കവലയിൽ ചെന്ന് എന്തെങ്കിലും പറയാമോ? ഏതെങ്കിലും നാട്ടിൽ വെളിച്ചം എത്തിക്കാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ. ഈ നിയമസഭയിൽ നിന്ന് കൊണ്ട് എന്റെ ബഹുമാന്യനായമന്ത്രി ചിലപ്പോൾ പ്രസംഗിക്കും. ഇത്ര ആയിരം വീടുകൾക്ക് വെളിച്ചംകൊടുത്തിരിക്കുന്നു. പുറത്തിറങ്ങി പറയാമോ? കോളനികളിൽ എവിടെയെങ്കിലും വെളിച്ചമെത്തിക്കാൻ കഴിഞ്ഞിട്ടുണ്ടോ. അപൂർവ്വം ചില ആളുകൾ എവിടെയെങ്കിലും ഇവ കത്തിക്കുന്നു എന്ന് പറഞ്ഞുകൊണ്ട് ഈ വികസന പ്രവർത്തനങ്ങൾക്ക് മുഴുവൻ തടസം സൃഷ്ടിക്കുന്ന നടപടിയാണ് നിങ്ങൾക്ക് ഉണ്ടാക്കാൻ കഴിഞ്ഞിട്ടുള്ളത്.

കാർഷികോൽപ്പന്നങ്ങളുടെ സ്ഥിതി എന്താണ്? ഈ ഗവൺമെന്റ് ഉറക്കമാണോ? ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷം ഏതെങ്കിലും കാർഷികോൽപ്പന്നങ്ങളുടെ വില തടയുന്നതിനോ, പിടിച്ചുനിർത്തുന്നതിനോ കഴിഞ്ഞിട്ടുണ്ടോ? നാളികേരത്തിന്റെ, അടയ്ക്കയുടെ, ഏലത്തിന്റെ, ചുക്കിന്റെ ഇങ്ങനെ, എന്തിന്, ഒരു ഉൽപ്പന്നത്തിന്റെയെങ്കിലും വില പിടിച്ച് നിർത്താനോ, തടയാനോ, കാർഷിക രംഗത്ത് പ്രവർത്തിക്കുന്ന ആളുകളെ സംരക്ഷിക്കാനോ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. എവിടെയാണ് നിങ്ങളുടെ വികസനപ്രവർത്തനം? അത് എങ്ങോട്ട് പോകുന്നു? ഈ നിലയിലാണ് നിങ്ങളുടെ വികസനപ്രവർത്തനത്തിന്റെ പോക്ക്; ആശുപത്രികളുടെ കാര്യം ഞാൻ സൂചിപ്പിച്ചു.

വിലവർദ്ധനവിനെക്കുറിച്ച് ഞാൻ സൂചിപ്പിക്കേണ്ട! ഈ രാജ്യത്തെ ജനങ്ങൾ വില വർദ്ധനവിൽ പൊറുതിമുട്ടി കഴിയുന്നു. അത്രമാത്രം അരോചകമാണ്. എന്റെ രാഷ്ട്രീയ ജീവിതത്തിൽ ഒരു പ്രധാന മന്ത്രിയും വിലവർദ്ധനവിനെ ന്യായീകരിച്ചുകൊണ്ട്, വിലവർദ്ധന ആവശ്യമാണെന്ന് പറഞ്ഞുകേട്ടിട്ടില്ല. ഇന്ന് പ്രധാന മന്ത്രിയിൽ നിന്ന് അതും കേൾക്കാൻ നമുക്ക് കഴിയുന്നു. ഈ നിലയിൽ വില വർദ്ധനകൊണ്ട് പൊറുതിമുട്ടിക്കൊണ്ടിരുക്കുന്ന ഒരു രാജ്യമായി മാറിക്കൊണ്ടിരിക്കയാണ്.

ഇവിടെ ഇന്ന് രാവിലെ റവന്യു വകുപ്പുമന്ത്രി മറുപടി പറഞ്ഞ അവസരത്തിൽ പട്ടയത്തിന് വേണ്ടി അപേക്ഷ കൊടുത്തിട്ട് ഒരു വർഷമായി കെട്ടികിടക്കുന്ന കാര്യം പറഞ്ഞു. ഈ ഒരു കൊല്ലത്തിനിടയിൽ മന്ത്രിമാർ കേരളാ ഹൗസിൽ എത്ര തവണ പോയി താമസിച്ചിട്ടുണ്ട്? റവന്യുവകുപ്പ് മന്ത്രി അടക്കമുള്ള മന്ത്രിമാർ കേരളാ ഹൗസിലും, ഡൽഹിയിലും ഈ കാലയളവിനുള്ളിൽ എത്ര തവണ പോയിട്ടുണ്ട്? അവിടെ കിടക്കുന്ന പട്ടയത്തിന്റെ നടപടികൾ ത്വരിതപ്പെടുത്താനും, കേന്ദ്രത്തിന്റെ അനുമതി വാങ്ങാനുമുള്ള നടപടി സ്വീകരിക്കാൻ അവർക്ക് കഴിഞ്ഞിട്ടില്ല. ഇവിടെ പല സുഹൃത്തുക്കളും സൂചിപ്പിച്ചതുപോലെ ഇവിടെ എന്താണ് നടക്കുന്നത്. ലജ്ജ തോന്നുന്നു, ഇന്നലെ മുഖ്യ മന്ത്രിയിൽ നിന്നും അങ്ങ് ഡേഹം ചാര പ്രവർത്തനത്തിനും കള്ളക്കടത്തിനും ഒത്താശ നൽകുന്നതായാണ് പ്രസ്താവനയുണ്ടായത്. എന്താണ് അങ്ങ് ഡേഹം പറഞ്ഞത്? മതന്യൂന പക്ഷം എന്ന സംരക്ഷണം നൽകികൊണ്ട് ചാര പ്രവർത്തനത്തിനും കള്ള

LIBRARY ARCHIVES Kerala Legislative Assembly

ക്കടത്തിനും ഒത്താശ ചെയ്യുന്ന പ്രവർത്തനമാണ് നടക്കുന്നതെന്ന വിധത്തിലാണ് ഇന്നലെ അദ്ദേഹത്തിന്റെ മറുപടിയിൽ പറഞ്ഞത്. ആ മറുപടിയിൽ ഒളിഞ്ഞു കിടക്കുന്നത് അദ്ദേഹം തന്നെ പറഞ്ഞു. മതന്യൂനപക്ഷങ്ങളുടെ വോട്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് ലഭിക്കുകയില്ല എന്ന് അദ്ദേഹം സൂചിപ്പിച്ചു. നിഗൂഢമായ അതിന്റെ പിന്നിലിരിക്കുന്ന രഹസ്യം, ഇവിടെ ചാരപ്രവർത്തനം നടന്നാലും വേണ്ടില്ല, കള്ളക്കടത്ത് നടന്നാലും വേണ്ടില്ല ഈ മതന്യൂനപക്ഷത്തിന്റെ പേരിൽ വോട്ട്. തട്ടിയെടുക്കാനുള്ള നിഗൂഢമായ, കുതന്ത്രമായ ബുദ്ധിയാണ് മുഖ്യമന്ത്രി കരുണാകരനിൽ ഒളിഞ്ഞ് കിടക്കുന്നതെന്ന് ഞാൻ സൂചിപ്പിച്ചാൽ നിഷേധിക്കാൻ കഴിയുമോ? എന്താണ് ഇവിടെ നടക്കുന്നത്? ഇവിടെ വരുന്ന ആളുകൾ ആരെല്ലാമാണ്? ഇന്ത്യൻ പ്രധാന മന്ത്രിയോ അല്ലെങ്കിൽ കേന്ദ്ര അഭ്യന്തര വകുപ്പോ ഇതിനെക്കുറിച്ച് ആലോചിക്കുകയും അന്വേഷിക്കുകയും ചെയ്യണം. ഞാൻ ഒരു മതത്തിനെതിരായിട്ടല്ല പറയുന്നത്. ഇവിടെ ചാരപണി, നടത്താൻ കള്ളക്കടത്ത് നടത്താനുള്ള അവസരം ഉണ്ടാക്കുന്നത് ഭരണത്തിലിരിക്കുന്ന ആളുകളുടെ ചുമതലയിലാണ്. ഉത്തരവാദിത്വമുള്ള ആളുകൾ അധികാര ദുർവിനിയോഗം ചെയ്തുകൊണ്ട് അതിന് പ്രേരിപ്പിക്കുന്നു. ഇവർ സത്യ പ്രതിജ്ഞ ചെയ്യുന്നതിന് വിരുദ്ധമായി പ്രവർത്തിക്കുന്നു. അത് ഒരു മുഖ്യമന്ത്രി ഒത്താശ നൽകി അംഗീകരിക്കുന്നു. ഇത്തരത്തിൽ ഈ രാജ്യത്തിന്റെ പ്രവർത്തനം കൊണ്ടുപോകാൻ ആണ് ഈ സപ്ളിമെന്ററി ബഡ്ജറ് അവതരിപ്പിച്ചുകൊണ്ട് ആവശ്യപ്പെടുന്നത്. ഈ സപ്ളിമെന്ററി ബഡ്ജറിൽ ആവശ്യപ്പെട്ടിരിക്കുന്ന തുകകൾ ഓരോന്നോരോന്നായി ഞാൻ എടുത്ത് കാണിക്കുന്നില്ല.

വിദ്യാഭ്യാസ രംഗത്ത് പത്ത് കോടിയിൽ പരം രൂപ അധികം ചോദിച്ചിട്ടുണ്ട്. വിദ്യാഭ്യാസരംഗത്തിന് വേണ്ടി ചോദിക്കുന്ന രൂപ ഈ രാജ്യത്തെ മുതലാളിമാർക്കും കള്ളക്കച്ചവടക്കാർക്കും ആയി പള്ളിക്കൂടങ്ങളും കോളേജുകളും ആരംഭിക്കാൻ അവസരമുണ്ടാക്കുന്നതിന് വേണ്ടിയാണ്. അതുപോലെ തന്നെ ഒരൊറ ദിവസം കൊണ്ട് അദ്ധ്യാപകരുടെ സ്ട്രങ്ത് പരിശോധിക്കാൻ ഈ ഗവൺമെന്റ് തീരുമാനിച്ചു. ആ ഒറ കാര്യത്തിന് വേണ്ടി അഞ്ച് ലക്ഷം രൂപയാണ് അധികച്ചെലവായി ഈ ഉപധനാഭ്യർത്ഥനയിൽ ചോദിച്ചിരിക്കുന്നത്.

വികസന പ്രവർത്തനങ്ങളെക്കുറിച്ച് ഒരു കാര്യം കൂടി, വികസന പ്രവർത്തനങ്ങളെക്കുറിച്ച് അക്കമിട്ട് പറയുന്ന മന്ത്രിമാരും, ഗവൺമെന്റും ഇത് ശ്രദ്ധിക്കണം. എന്റെ നിയോജക മണ്ഡലത്തിൽ ഞാൻ പറയുന്നു. ശ്രീ. സി. എച്ച്. മുഹമ്മദ് കോയ തറക്കല്ലിട്ട വക്കം പണയിൽകടവ് പാലം, ഇതുവരെ അതിന്റെ പണി തുടങ്ങാൻ പോലും ആരംഭം കുറിച്ചിട്ടില്ല. അതുപോലെ തന്നെയാണ് ഇരപ്പുപാലത്തിന്റെ പണിയും. എന്റെ നിയോജക മണ്ഡലത്തിലെ കടയ്ക്കാവൂരിൽ ഒരു പോലീസ് സ്റ്റേഷനുവേണ്ടി ഒരു കെട്ടിടം പണിതിട്ട് വർഷങ്ങളായി. അവിടെ വയറിങ്ങ് ചെയ്തത് ഇലക്ട്രിസിറ്റി കൊടുക്കാത്ത ഒറ കാരണം കൊണ്ട് കടയ്ക്കാവൂരിൽ ലക്ഷക്കണക്കിന് രൂപ മുടക്കി പണിത ആ കെട്ടിടം ഉപയോഗിക്കാൻ കഴിയാതെ വാടകകെട്ടിടത്തിൽ ഇപ്പോഴും കിടക്കുന്നു. വികസന പ്രവർത്തനത്തെക്കുറിച്ച് പ്രസംഗിക്കുന്ന മന്ത്രിമാർ ഇതൊന്നും ശ്രദ്ധിക്കുന്നില്ല. മന്ത്രിമാരുടെ ശ്രദ്ധ മുഴുവൻ സ്വന്തം കാര്യങ്ങളിൽ മാത്രമാണ്. മറ്റൊന്നിനെക്കുറിച്ചും ചിന്തിക്കാൻ അവർക്ക് കഴിയില്ല. അങ്ങനെ മൂല്യശോഷണം സംഭവിച്ച, അടിത്തറ തകർന്നിരിക്കുന്ന ഈ ഗവൺമെന്റ് കൊണ്ടുവന്നിരിക്കുന്ന ഈ ഉപധനാഭ്യർത്ഥനയെ ഞാൻ ശക്തിയുക്തം എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ജെ. ലൂക്കോസ്: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഉപ ധനാഭ്യർത്ഥനകളെ ശക്തിയായി പിന്താങ്ങുകയാണ്. പ്രതിപക്ഷത്തുനിന്നും സംസാരിച്ച മൂസാൻകുട്ടി മുതൽ വിജയദാസ് വരെയുള്ള ആളുകൾ ഈ ഗവൺമെന്റ് വികസനപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ എന്നുചോദിച്ച് ഈ ഗവൺമെന്റിന്റെ ചെയ്തികളെ വിമർശിച്ചു. ഏറ്റവും അവസാനം സംസാരിച്ച ശ്രീ. വിജയദാസ്തന്നെ മാർച്ച് 31-നുശേഷം ഈ ഗവൺമെന്റ് തരിപ്പണമാകുമെന്ന് പ്രതീക്ഷിക്കുകയാണ്. അത് തരിപ്പണമാകുകയില്ല. 1987 മേയ്മാസം വരെ കാലാവധി പൂർത്തിയാക്കിക്കൊണ്ട്, വിജയദാസുംപ്പെടെയുള്ളവർക്ക് മിനിമം പെൻഷൻ നൽകിക്കൊണ്ടു മാത്രമേ ഈ ഗവൺമെന്റ് പോകുകയുള്ളൂ എന്നുള്ള കാര്യം ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്. ആ കാര്യത്തിൽ ഉറപ്പുണ്ട്. ഈ ഗവൺമെന്റ് വികസനപ്രവർത്തനങ്ങളും നടപ്പിലാക്കിയിട്ടുണ്ട് എന്നുള്ളത് കഴിഞ്ഞ മൂന്നു ദിവസത്തെ ചർച്ചാവേളയിൽ ഭരണകക്ഷിയംഗങ്ങളെല്ലാംതന്നെ സൂചിപ്പിച്ചിട്ടുണ്ട്. മുഖ്യമന്ത്രി ഉൾപ്പെടെയുള്ള ആളുകൾ വികസനപ്രവർത്തനത്തിനുവേണ്ടിയുള്ള തുക പൂർണ്ണമായും നീക്കിവയ്ക്കുകയും ചെലവഴിക്കുകയും ചെയ്തുവന്ന കാര്യം ഇവിടെ സൂചിപ്പിച്ചു. വികസന വകുപ്പു മുഖേന നടപ്പിലാക്കിയിട്ടുള്ള റോഡിനേറെയും വീടുകളുടേയും നിർമ്മാണത്തെക്കുറിച്ച് കുട്ട്യാലി ഇവിടെ സൂചിപ്പിച്ചു. നമുക്കറിയാം, നമ്മുടെ സംസ്ഥാനത്ത് എല്ലാ കാര്യത്തിനും ജനങ്ങൾ സമീപിക്കേണ്ടത് വില്ലേജ് ഓഫീസിനെയാണ്. ആ വില്ലേജ് ആഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ജനപങ്കാളിത്തത്തോടുകൂടിയുള്ള ബൃഹത്തായ പദ്ധതി ഇന്ന് നടന്നുകൊണ്ടിരിക്കുകയാണ്. അതുപോലെ നമ്മുടെ സംസ്ഥാനത്തുള്ള വില്ലേജുകളിൽ ജനങ്ങൾക്ക് അസൗകര്യമായതിന്റെ പേരിൽ ഇരുന്നൂറിൽപ്പരം വില്ലേജുകൾ വിഭജിച്ചുകൊണ്ട് ഭരണസൗകര്യം ഇന്ന് ഉണ്ടാക്കിയിട്ടുണ്ട്. അതുപോലെ, കൂടുതലായി ആവശ്യമുള്ള പ്രദേശങ്ങളിൽ താലൂക്കുകൾ രൂപീകരിക്കാനും പുതിയ റവന്യൂ ഡിവിഷനുകൾ ആരംഭിക്കാനും താമസംവിനാ ഈ ഗവൺമെന്റ് മുന്നോട്ടുവരും എന്നുള്ള കാര്യത്തിൽ ആർക്കും സംശയംവേണ്ട. അതുപോലെ ദുർബല വിഭാഗത്തിൽപ്പെടുന്ന ആളുകൾക്ക് വീടുകളുണ്ടാക്കിക്കൊടുക്കുന്നതിന് കഴിഞ്ഞ വർഷം സന്നദ്ധ സംഘടനകളുടെ സഹായത്തോടുകൂടിയുള്ള പരിപാടിയുണ്ടായിരുന്നു. 1500 രൂപ സന്നദ്ധ സംഘടനകൾ മുടക്കിയിരുന്ന സ്ഥാനത്ത് ഇന്ന് 250 രൂപ മാത്രം സന്നദ്ധ സംഘടന മുടക്കുകയും 1500 രൂപ സബ്സിഡി നൽകുകയും ചെയ്തുകൊണ്ട് പാവപ്പെട്ട ആളുകൾക്ക് 1,00,000 വീടുകൾ നിർമ്മിച്ചുകൊടുക്കുവാനുള്ള ബൃഹത്തായ പദ്ധതിയുമായി മുന്നോട്ടു നീങ്ങും. സർ, ശ്രീ. വിജയദാസിന് വെളിച്ച വിപ്ലവത്തിന്റെകാര്യത്തിൽ സംശയമുണ്ട്. വെളിച്ച വിപ്ലവം തിരുവനന്തപുരം ജില്ലയിൽ ആദ്യമായി ആരംഭിച്ചുകൊണ്ട് അങ്ങ് കാസർകോട് ജില്ലവരെ തിരഞ്ഞെടുത്ത ഓരോ ഗ്രാമത്തിലും പത്തു മുതൽ പതിനഞ്ച് കിലോമീറ്റർവരെയുള്ള അമ്പൂരി മുതൽ അങ്ങ് വെള്ളരിക്കുണ്ടു വരെയുള്ള പ്രദേശങ്ങളിൽ വെളിച്ചമെത്തിക്കാൻ സാധിച്ചിട്ടുണ്ട്. വാല്ട്ടേജ് ഇംപ്രൂവ്മെന്റ് ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ ആഫീസുകൾ അനുവദിക്കുന്ന സാഹചര്യങ്ങൾ എന്നുവേണ്ട വൈദ്യുതി എത്തിക്കാനുള്ള എല്ലാ ശ്രമങ്ങളും നടത്തിയിട്ടുണ്ട്.

അതുപോലെ വിദ്യാഭ്യാസരംഗത്തെപ്പറ്റി പറഞ്ഞു. ഏതാനും ചില സ്വകാര്യ മാനേജുമെന്റുകൾ അഴിമതി നടത്തുന്നുവെന്നുള്ളതിന്റെ പേരിൽ ഈ സംസ്ഥാനത്തുള്ള സ്വകാര്യമാനേജുമെന്റുകളെ മുഴുവൻ അഴിമതിക്കാരായി ചിത്രീകരിക്കുവാൻ സാദ്ധ്യമല്ല. നമ്മുടെ സംസ്ഥാനത്തിന് സാമ്പത്തികമായി ബുദ്ധിമുട്ടുകളുണ്ട്. അങ്ങനെയുള്ള സാഹചര്യത്തിൽ നമ്മുടെ സംസ്ഥാ

LIBRARY ARCHIVES Kerala Legislative Assembly

നത്തെ കുട്ടികൾക്ക് പഠിക്കാനും നേഴ്സറി വിദ്യാഭ്യാസം മുതൽ സർവ്വകലാശാല വിദ്യാഭ്യാസംവരെയുള്ള രംഗങ്ങളിൽ ആവശ്യമായ വിദ്യാഭ്യാസസ്ഥാപനങ്ങളും അനുവദിച്ചുകൊടുക്കാനും കുട്ടികൾക്ക് പഠിക്കാനും വേണ്ടിയുള്ള ക്രമീകരണങ്ങളും ഈ രാജ്യത്ത് നടപ്പിലാക്കിയിട്ടുണ്ട്. നമുക്കറിയാം നമ്മുടെ സംസ്ഥാനത്തെ കുട്ടികൾ സാങ്കേതിക വിദ്യാഭ്യാസത്തിന് മറ്റു സംസ്ഥാനങ്ങളെ അഭയം തേടുന്നുണ്ട്. അതു മാറ്റിയെടുത്തുകൊണ്ട് നമ്മുടെ സംസ്ഥാനത്തുതന്നെ വേണ്ടത്ര പുതിയ സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങളും അനുവദിക്കണം എന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ നയം. ജൂനിയർ ടെക്നിക്കൽ സ്കൂളുകളായാലും പോളിടെക്നിക്കുകളായാലും എൻജിനീയറിങ് കോളേജായാലും അതുപോലുള്ള സ്ഥാപനങ്ങളും കൂടുതലായി നമ്മുടെ സംസ്ഥാനത്ത് ആരംഭിക്കണം. അതോടൊപ്പംതന്നെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സൗകര്യങ്ങളും നമ്മുടെ സംസ്ഥാനത്ത് കൂടുതലായി ഏർപ്പെടുത്തണം. പ്രൊഫഷണൽ ഹയർ സെക്കൻറി സൗകര്യങ്ങളും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ഇനിയും കൂടുതലായി നടപ്പിലാക്കുമെന്നുള്ള കാര്യത്തിൽ സംശയമില്ല.

സർ, അടുത്തതായി പറയാനുള്ളത് കർഷകരെക്കുറിച്ചാണ്. വരൾച്ചമൂലവും വെള്ളപ്പൊക്കംമൂലവും കർഷകർക്ക് കൂടുതൽ നാശനഷ്ടങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ആ ദുഃസ്ഥിതി പരിഹരിക്കുന്നതിന് കേന്ദ്രഗവൺമെന്റിൽനിന്ന് കിട്ടാവുന്ന ആനുകൂല്യങ്ങളും വാങ്ങിയെടുക്കുന്നതിന് ഈ ഗവൺമെന്റ് പരമാവധി ശ്രമിച്ചിട്ടുണ്ട് എന്നുള്ളതിന്റെ കണക്കുകളും ഇവിടെ ഉദ്ധരിച്ചിട്ടുണ്ട്. സർ കുട്ടനാടൻ മേഖലയിൽ, പ്രത്യേകിച്ച് വടക്കൻ കുട്ടനാടൻ മേഖലയിൽ ഈ വർഷം സമയത്ത് തണ്ണീർമുക്കം ബണ്ടിൽ ഷട്ടർ ഇടാത്തതുമൂലം ബുദ്ധിമുട്ടുണ്ടായിട്ടുണ്ട്. അതുപോലെ തന്നെ വൈക്കം, വെച്ചൂർ, കരയാർ ഇങ്ങനെയുള്ള സ്ഥലങ്ങളിൽ ഓരുമുട്ടുകളും സമയത്ത് സ്ഥാപിക്കാത്തതുമൂലം ഓരുവെള്ളംകയറി വടക്കൻ കുട്ടനാടിലെ നെൽകൃഷി പൂർണ്ണമായി നശിച്ചിരിക്കുകയാണ്. ആ സാഹചര്യത്തിലും ഈ ഗവൺമെന്റ് അതിനുവേണ്ടിയുള്ള നടപടികളും—കർഷകർക്ക് ആവശ്യമായിട്ടുള്ള സഹായങ്ങളും കഴിഞ്ഞ കാലങ്ങളിൽ ചെയ്തിരുന്നതുപോലെ ചെയ്യണമെന്ന് ഞാൻ സൂചിപ്പിക്കുകയാണ്.

അതുപോലെതന്നെ നമ്മുടെ ഹരിജന വിഭാഗങ്ങൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിൽ കഴിഞ്ഞകാല ഗവൺമെന്റുകളെ അപേക്ഷിച്ച് ഈ ഗവൺമെന്റ് ശ്രമിച്ചിട്ടുണ്ട്. അതുപോലെ മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും നൽകുന്നതിന് ഈ ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നു എന്ന് കാണാൻ സാധിക്കും. യാത്രാപ്രശ്നം പരിഹരിക്കാനും ഈ ഗവൺമെന്റ് പരമാവധി ശ്രമിച്ചിട്ടുണ്ട്. ഇവിടെ ഭക്ഷ്യസാധനങ്ങളുടെ വില വർദ്ധനയെക്കുറിച്ച് സൂചിപ്പിച്ചു. കാലാകാലങ്ങളിൽ കേന്ദ്രഗവൺമെന്റിൽനിന്ന് കിട്ടുന്ന നിർദ്ദേശമനുസരിച്ച് വില വർദ്ധിപ്പിക്കേണ്ടിവരുകയാണെങ്കിൽ വില വർദ്ധിപ്പിക്കണം. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ആവശ്യമായ സൗജന്യങ്ങളും ഏർപ്പെടുത്തിക്കൊണ്ട് നിത്യോപയോഗസാധനങ്ങളും കൊടുക്കുന്നതിനും ഗവൺമെന്റ് ശ്രമിച്ചിട്ടുണ്ട്. മാവേലിസ്റ്റോറുകൾവഴി ആയാലും അതുപോലെ ഓണം, ബക്രീഡ്, ക്രിസ്മസ് തുടങ്ങിയ ആവസരങ്ങളിൽ ഏർപ്പെടുത്തുന്ന പ്രത്യേക മാർക്കറ്റുകൾ മുഖേനയായാലും വിലനിലവാരം നിലനിർത്തുന്നതിന് ഈ ഗവൺമെന്റിനു സാധിച്ചിട്ടുണ്ട്.

അതുപോലെതന്നെ ഇവിടെ ചില ആളുകൾ സൂചിപ്പിച്ചു, വി.ഐ.പി. മാർക്ക് വേണ്ടി റോഡുകൾ നിർമ്മിക്കുന്നുവെന്ന്. വി.ഐ.പി.മാർക്ക് വേണ്ടി മാത്രമല്ല റോഡ് നിർമ്മിച്ചത്. നമ്മുടെ സംസ്ഥാനത്തെ വ്യാപാരങ്ങൾക്ക് നമ്മുടെ ടാക്സ് ചുമത്തുന്നുണ്ട്. അങ്ങനെയുള്ള വാഹനങ്ങൾക്ക് റോഡുകളിൽ

LIBRARY ARCHIVES Kerala Legislative Assembly

കൂടി സുരക്ഷിതമായി സഞ്ചരിക്കണം. മറ്റ് ആളുകൾക്ക് സഞ്ചരിക്കണം. അതിന് കഴിവുള്ളിടത്തോളം നമ്മുടെ പ്രധാനപ്പെട്ട റോഡുകളും അതുപോലെ ലിങ്ക് റോഡുകളും സംരക്ഷിക്കുന്നതിന് ഈ ഗവൺമെന്റ് മുന്നോട്ടുവന്നിട്ടുണ്ട്. റോഡുകളിൽകൂടി സഞ്ചരിക്കുന്ന ആളുകൾക്ക് അതു മനസ്സിലാക്കാൻ സാധിക്കും. അതിൽ തർക്കമില്ല.

അതുപോലെ ചികിൽസാസൗകര്യങ്ങൾ. അതിന് കൂടുതൽ പ്രാധാന്യം നൽകുന്നുണ്ട്. ഇവിടെ നയപ്രഖ്യാപന പ്രസംഗത്തിൽ തന്നെ സൂചിപ്പിച്ചിട്ടുണ്ട്, പുതിയ ഡിസ്പെൻസറികൾ ആരംഭിക്കുമെന്ന്. കോട്ടയം മെഡിക്കൽ കോളേജ് മൂന്നുനാലു വില്ലേജുകൾക്ക് പൊതുവായിട്ടുള്ള മെഡിക്കൽ കോളേജാണ്. അതിന്റെ രജതജൂബിലി വർഷമാണ് ഇത്. കൂടുതൽ വികസനങ്ങൾ അങ്ങനെയുള്ള സ്ഥാപനങ്ങൾക്ക് നൽകിക്കൊണ്ട്, അതിന് ആവശ്യമായിട്ടുള്ള ഫണ്ടുകൾ അനുവദിച്ചുകൊണ്ട്, മറ്റ് ഗ്രാമങ്ങളിൽ ചികിൽസാസൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ട്, അതുപോലെ വിദ്യാഭ്യാസസൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ട്, വെളിച്ചം എത്തിച്ചുകൊണ്ട്, കുടിവെള്ളം എത്തിച്ചുകൊണ്ട് ഇങ്ങനെയുള്ള എല്ലാ രംഗങ്ങളിലും ജനക്ഷേമകരമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഈ ഗവൺമെന്റിനുവേണ്ടി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. എ. വി. താമരാക്ഷൻ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ ശക്തിയായി എതിർക്കുകയാണ്. ഈ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി വളരെ മെച്ചമാണെന്നാണ് കഴിഞ്ഞദിവസം ധനകാര്യവകുപ്പുമന്ത്രി ഈ നിയമസഭയിൽ പറഞ്ഞത്. സംസ്ഥാന സർക്കാരിന്റെ കെടുകാര്യസ്ഥതയും സാമുദായിക, ജാതിയ കക്ഷികളുടെ സ്വജനപക്ഷപാത നടപടികളുമാണ് ഈ സംസ്ഥാനത്തിന്റെ സാമ്പത്തികരംഗം തകർത്തിരിക്കുന്നത് എന്ന് മുഖ്യ മന്ത്രി ചെയർമാനായിട്ടുള്ള സംസ്ഥാന പ്ലാനിംഗ് ബോർഡ് പറയുന്നു. ആ പ്ലാനിംഗ് ബോർഡിന്റെ നിഗമനം തന്നെയാണ് ഗവർണ്ണരുടെ നയപ്രഖ്യാപന പ്രസംഗത്തിലും സൂചിപ്പിച്ചിരിക്കുന്നത്. എന്താണ് നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നത്. ''താരതമ്യേന ഉയർന്ന ശതമാനത്തിലുള്ള കേന്ദ്രധനസഹായമുണ്ടായിട്ടും ഇതാണ് സ്ഥിതി. അനേകവർഷങ്ങളായി സംസ്ഥാനത്തിന്റെ പ്രതിശീർഷ പ്ലാൻ ഔട്ട്ലേ അഖിലേന്ത്യാ ശരാശരിയെക്കാൾ താഴെയാണ്. അത് വളരെ കുറവാണെന്നാണ് സൂചിപ്പിച്ചിരിക്കുന്നത്. അഖിലേന്ത്യാ ശരാശരി 1108 രൂപ ഉള്ളപ്പോൾ കേരളത്തിന്റേത് 224 രൂപയാണ്. ഞാൻ സൂചിപ്പിക്കുന്നത് ഈ സംസ്ഥാന മുഖ്യമന്ത്രി ചെയർമാനായിട്ടുള്ള പ്ലാനിംഗ് ബോർഡും ഗവർണ്ണരുടെ നയപ്രഖ്യാപന പ്രസംഗത്തിലും ധനകാര്യവകുപ്പിന്റെ സ്ഥിതികൊണ്ട് സാമ്പത്തികരംഗം തകർത്തിരിക്കുന്നു എന്നു പറഞ്ഞപ്പോൾ നാണവും മാനവും ഉള്ളയാളാണെങ്കിൽ ആ കസേരയിൽ ഒരു നിമിഷംപോലും ഇരിക്കുകയില്ല. യശശ്ശരീരനായ പി. ടി. ചാക്കോയുടെ പാരമ്പര്യമാണ് ശ്രീ. മാണി ഉയർത്തുന്നത്. ശ്രീ. മാണിക്ക് ശ്രീ. പി. ടി. ചാക്കോയുടെ പാരമ്പര്യത്തിന് അവകാശമുണ്ടോ? ആർ. ശങ്കറിന്റെ മന്ത്രിസഭയിൽ വിശ്വാസം ഇല്ലെന്നു പറഞ്ഞപ്പോൾ ഒരു നിമിഷം അറച്ചുനിൽക്കാതെ മന്ത്രിക്കസേര വലിച്ചെറിഞ്ഞുപോയ ശ്രീ. പി. ടി. ചാക്കോയുടെ അനുയായിയാണെന്നു പറയാൻ ശ്രീ. കെ. എം. മാണിക്ക് കഴിയുമോ? ആട്ടും തൊഴിയുംകൊണ്ട് എങ്ങനെയും ഭരിച്ചാൽ മതിയെന്നാണ് ശ്രീ. മാണി ആഗ്രഹിക്കുന്നത്. ഈ സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി എന്താണ്. ഈ നാടിന്റെ, ഭാവിയെക്കുറിച്ച് രാഷ്ട്രീയപാർട്ടികളും ജനങ്ങളും വളരെ ഗൗരവമായി ചിന്തിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

അനുദിനം നമ്മുടെ കാർഷിക വ്യാവസായിക രംഗമാകെ തകർന്നു. ഇൻഡ്യയിൽ ഏറ്റവും തകർച്ചയിലേയ്ക്ക് പോകാൻ പോകുന്ന സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. വിഭവസമാഹരണ രംഗത്ത് ഏറ്റവും കുറ്റകരമായ അനാസ്ഥയാണ് നമ്മുടെ സംസ്ഥാനം കാണിച്ചിരിക്കുന്നത്. നമ്മുടെ വിഭവം എന്നു പറഞ്ഞാൽ പ്രത്യക്ഷ നികുതിയും പരോക്ഷനികുതിയുമാണ്. പ്രത്യക്ഷനികുതിയെന്നു പറയുന്നത് കാർഷികാദായ നികുതിയും ഭൂനികുതിയുമാണ്. നമ്മുടെ സംസ്ഥാനത്തിന്റെ മൊത്തവരുമാനത്തിന്റെ 20 ശതമാനം കാർഷികാദായനികുതിയിൽ നിന്നും ഭൂനികുതിയിൽ നിന്നുമാണ് ഉണ്ടായിരുന്നതെങ്കിൽ അത് വന്നുവന്ന് ഇപ്പോൾ മൂന്നുശതമാനമായി കുറഞ്ഞിരിക്കുകയാണ്. 1979–80–ൽ പോലും കാർഷികാദായ നികുതി 6 ശതമാനമായിരുന്നു. 1983–84 ആയപ്പോൾ അത് മൂന്നുശതമാനമായി കുറഞ്ഞു. നികുതിപിരിക്കാൻ കഴിയുന്ന താരതമ്യേന സമ്പന്നരിൽ നിന്നും റബ്ബർ കർഷകരിൽ നിന്നുപോലും പണം പിരിക്കാതെ എല്ലാവർക്കും ഒട്ടേറെ ആനുകൂല്യങ്ങളും ഈ ഖജനാവിൽ നിന്ന് സബ്സിഡിയായിട്ട് കൊടുത്തുകൊണ്ട് ഈ നാടിനെ പാപ്പരാക്കുന്ന നയമാണ് പ്രത്യക്ഷനികുതി രംഗത്ത് സ്വീകരിക്കുന്നത്..

എന്താണ് പരോക്ഷനികുതി. ഇന്ന് നമ്മുടെ സംസ്ഥാനത്തെ പരോക്ഷനികുതിയിൽ മൊത്തവരുമാനത്തിന്റെ 63 ശതമാനം സെയിൽസ് ടാക്സിൽ നിന്നുമാണ്. ആ സെയിൽടാക്സിന്റെ ഭാരം ആരാണ് താങ്ങുന്നത് അത് സാധാരണക്കാരായ, പാവപ്പെട്ട ആളുകളാണ് താങ്ങുന്നത്. ആ പാവപ്പെട്ടയാളുകളും കൊടുക്കുന്ന നികുതിപോലും കച്ചവടക്കാരിൽ നിന്ന് വാങ്ങാൻ ശ്രീ. മാണിക്ക് കഴിയുന്നുണ്ടോ? പ്ലാനിംഗ് ബോർഡ് പറയുന്നത് എന്താണെന്ന് അറിയാമോ? പ്ലാനിംഗ് ബോർഡ് പറയുന്നത്, തമിഴ്നാട്ടിലും കർണ്ണാടകത്തിലും കഴിഞ്ഞ നാളുകളിൽ ആ സംസ്ഥാനങ്ങളുടെ മൊത്തവരുമാനത്തിന്റെ 200 ശതമാനത്തിൽ താഴെ വർദ്ധിച്ചപ്പോൾ അതിന് അനുസരണമായി നികുതി വർദ്ധനവ് ആ സംസ്ഥാനങ്ങളിലുണ്ടായി എന്നാണ്. പ്ലാനിംഗ് ബോർഡിന്റെ കണക്കുകൾ ശ്രീ. മാണിയുടെ കയ്യിലുണ്ട്. അത് ഞാൻ വിശദീകരിക്കുന്നില്ല. എന്നാൽ കേരളത്തിൽ ഈ കാലയളവിൽ നമ്മുടെ സംസ്ഥാനത്തിന്റെ മൊത്തവരുമാനം 300 ശതമാനം വർദ്ധിച്ചിട്ടുണ്ട്, സെയിൽസ്ടാക്സിൽ നിന്നുള്ളവരുമാനം 125 ശതമാനം ആയി, ഇത് കേരളത്തിൽ കുറയുന്നത്, വിദേശരാജ്യങ്ങളിൽ നിന്നുള്ള വരുമാനം കൂടാതെയാണ്. എനിക്ക് അറിയാം ഒരുവർഷം 600 കോടി രൂപ വിദേശരാജ്യങ്ങളിൽ നിന്ന് കേരളത്തിലേയ്ക്ക് ഒഴുകുന്നുണ്ട്. അതിൽ ഭൂരിപക്ഷം തുകയും ഉപഭോഗവസ്തുക്കൾക്ക് വേണ്ടിയാണ് ചെലവഴിക്കുന്നത്. അങ്ങനെ നികുതി 125 ശതമാനം എന്നുള്ളത് 400 ശതമാനമായി കേരളത്തിൽ വർദ്ധിപ്പിക്കപ്പെടേണ്ടതാണ്. അങ്ങനെയുള്ള ഈ സംസ്ഥാനത്ത് പ്രത്യക്ഷനികുതിയിലായിരുന്നാലും പരോക്ഷനികുതിയിലായിരുന്നാലും ശരി നമ്മുടെ സംസ്ഥാനത്തിന്റെ വിഭവസമാഹരണ രംഗത്ത് പിരിച്ചെടുക്കാൻ കഴിയുന്ന തുകപോലും പിരിച്ചെടുക്കാൻ കഴിയാതെ ചില സമ്മർദ്ദങ്ങൾക്ക് വഴങ്ങി, അവർക്കെല്ലാം ഇളവ് കൊടുത്തുകൊണ്ട് നമ്മുടെ സംസ്ഥാനത്തിലെ ഖജനാവ് കാലിയാക്കുന്ന നടപടിയാണ്.ഒരുഭാഗത്ത് സ്വീകരിക്കുന്നത്.

മറൊരുഭാഗത്ത് നടക്കുന്നതെന്താണെന്ന് പറയാം. ഉൽപ്പാദനരംഗത്ത്, നമ്മുടെ പ്ലാൻ പദ്ധതിയുടെ വെറും 15 ശതമാനം മുതൽ 18 ശതമാനം വരെയാണ് ഇന്ന് കേരളത്തിൽ ചെലവഴിക്കപ്പെടുന്നത്. കേരളംപോലെ ഇത്രയും വിദ്യാഭ്യാസമുള്ള, ലക്ഷക്കണക്കിന് ചെറുപ്പക്കാർ തൊഴിലില്ലാതെ

LIBRARY ARCHIVES Kerala Legislative Assembly

നിൽക്കുന്ന ഈ സംസ്ഥാനത്ത് ഉൽപ്പാദന രംഗത്ത് പണം മുടക്കാൻ കഴിയുന്നില്ലായെങ്കിൽ ഈ നാട് തകർന്നു തകർന്നു നാശത്തിന്റെ നെല്ലിപ്പലകയിലേക്ക് പോകാൻ പോകുകയാണ്.

ജാതിമതശക്തികളുടെ സമ്മർദ്ദങ്ങൾക്ക് വഴങ്ങി ഓരോ വർഷവും ഓരോ ദിവസവും നൂറുകണക്കിന് സ്കൂളുകളും കോളേജുകളും സർവ്വകലാശാലകളും അനുവദിക്കുന്നത് ആർക്കുവേണ്ടിയാണ്, ഈ നാട്ടിനുവേണ്ടിയാണോ? ഉൽപ്പാദനരംഗത്ത് പണം ചെലവഴിക്കാൻ കഴിയാതെ സമ്മർദ്ദങ്ങൾക്കു വഴങ്ങി ജാതി ശക്തികളേയും പ്രതിപക്ഷ പാർട്ടികളേയും പ്രീണിപ്പിക്കാൻ വേണ്ടി ഈ സംസ്ഥാനത്തിന്റെ ഖജനാവ് മുഴുവൻ ആ രംഗത്ത് കൊടുത്തുകൊണ്ട്, സാമ്പത്തികരംഗം തകർത്തതിന്റെ ഉത്തരവാദിത്വം ശ്രീ. മാണിയിൽ ആരോപിച്ചുകൊണ്ടാണ് പ്ലാനിംഗ് ബോർഡും മുഖ്യമന്ത്രിയും ഗവർണ്ണറും പറയുന്നതെങ്കിൽ ആ സ്ഥാനത്തു നിന്ന് ഇറങ്ങിപ്പോകാൻ ശ്രീ. മാണിക്കു കഴിയുമോ. ഈ നാടിനെ രക്ഷിക്കാൻ ശ്രീ. മാണിക്ക് കഴിയുമോ. ഇനിയും നാണമില്ലാതെ അവിടെയിരിക്കാനാണ് പോകുന്നതെങ്കിൽ അതിനെതിരെ ഞങ്ങൾ മുന്നോട്ടു വരേണ്ടിയിരിക്കുകയാണ്. ഞാൻ ഉപധനാഭ്യർത്ഥനകളെ ശക്തിയായി എതിർക്കുന്നു.

ശ്രീ. കെ. ജി. ആർ. കർത്താ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. കൂടുതൽ കാലം ഭരിക്കുമ്പോൾ ധാരാളം കുറവുകൾ പറയാനുണ്ടാകും; അഭിപ്രായങ്ങളും അഭിപ്രായവ്യത്യാസങ്ങളും ഉണ്ടാകും. ഉദിച്ചുപൊങ്ങുന്ന ചന്ദ്രനെ നോക്കുമ്പോൾ വിമർശകർ കാണുന്നത് അതിലെ കളങ്കമാണ്. ചെറിയ കാര്യങ്ങൾ വളരെ പൊക്കിപ്പിടിച്ച് പറയാൻ ഞാനാഗ്രഹിക്കുന്നില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം നാനാരംഗങ്ങളിൽ ജനക്ഷേമകരമായി നിരവധി കാര്യങ്ങൾ ചെയ്തിട്ടുണ്ട്. പക്ഷേ, പെട്ടെന്ന് ചെയ്യാവുന്ന ചില നിസ്സാര കാര്യങ്ങൾ ചെയ്യുന്നില്ലായെന്ന് എനിക്ക് പരിതിയുണ്ട്. അതിന് കാരണം ആരുടെയെങ്കിലും സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കാത്തതുകൊണ്ടായിരിക്കാം. ഒരു കാര്യം ഞാൻ വളരെ അഭിമാനപൂർവ്വം പറയുകയാണ്. വില്ലേജുകൾ വിഭജിക്കുകയെന്ന നല്ല പരിവർത്തനം ഈ ഭരണസംവിധാനത്തിൽ ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ കാലയളവിൽ ഞങ്ങൾ താലൂക്കുകൾ അപ്രകാരം വിഭജിക്കണമെന്ന് പറയുകയുണ്ടായി. ഒരുപക്ഷേ ഈ സാമ്പത്തിക വർഷത്തിലെങ്കിലും അപ്രകാരമുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

പൊതുമരാമത്തുവകുപ്പിനെ സംബന്ധിച്ച് വളരെ ബുദ്ധിമുട്ടുകൾ ഉണ്ടെങ്കിൽ പോലും ധാരാളം ജോലി ചെയ്തുതീർക്കേണ്ട കാലഘട്ടമാണിത്. കഴിഞ്ഞപ്രാവശ്യം അസംബ്ലി കൂടിയപ്പോൾ റോഡുകളുടെ ശോചനീയാവസ്ഥയെപ്പറ്റി ഞാൻ ഇവിടെ പറയുകയായി. ഒരു യുദ്ധകാലാടിസ്ഥാനത്തിൽ നമ്മുടെ പ്രധാനപ്പെട്ട റോഡുകളെല്ലാം അതിമനോഹരമാക്കാൻ സാധിച്ചുവെന്നതിൽ യാതൊരു സംശയവുമില്ല. കഴിഞ്ഞ അസംബ്ലി കൂടിയ കാലഘട്ടത്തിൽ നാം വളരെ ബുദ്ധിമുട്ടി. ഇപ്പോൾ റോഡുകളെല്ലാം ഉപയോഗപ്രദമാക്കി. പ്രത്യേകമായ ചില നിയോജകമണ്ഡലങ്ങളുടെ ബുദ്ധിമുട്ടുകൾ മനസ്സിലാക്കി അത് തീർക്കാൻവേണ്ടി സ്പെഷ്യൽ ഓർഡർ വഴി നിർദ്ദേശം കൊടുക്കും. അങ്ങനെ നിർദ്ദേശം കൊടുത്താൽ ആ പണികൾ ചെയ്തു തീർക്കാൻവേണ്ടി ശ്രദ്ധ ചെലുത്താത്ത നിരവധി ഉദ്യോഗസ്ഥൻമാർ നമ്മുടെ ഇടയിലുണ്ട്. അവരെ നിലയ്ക്ക് നിർത്തേണ്ട ചുമതല നമ്മുടെ ഗവൺമെന്റിനുണ്ട്. അതാണ് പോരായ്മയായിട്ട് പറയാനുള്ളത്. മൂന്നു വർഷമായി ഒരു ആശുപത്രികെട്ടിടം പണിയാൻ ഉത്തരവ്

LIBRARY ARCHIVES Kerala Legislative Assembly

നൽകിയിട്ട്. കഴിഞ്ഞ വർഷം സ്പെഷ്യൽ സാംഗ്ഷൻ കൊടുത്തിട്ടും. ഇന്നും അതിന്റെ മണ്ണ് പരിശോധിച്ചുകൊണ്ട് ഉദ്യോഗസ്ഥൻമാർ നടക്കുകയാണ്. തൃപ്പൂണിത്തുറയിലെ ഗവൺമെന്റ് ആശുപത്രിയെപ്പറ്റിയാണ് പറയുന്നത്. മന്ത്രിമാരെപ്പറ്റിയല്ല. സർക്കാരിനെ ശക്തിപ്പെടുത്തേണ്ടയാളുകൾ, സർക്കാരിന്റെ വികസനത്തിൽ ശ്രദ്ധിക്കേണ്ടയാളുകൾ, ഉദാസീനത കാണിക്കുകയാണ്.

മറ്റൊരു കാര്യം മുഖ്യമന്ത്രിയുടെ മുൻപിൽ വയ്ക്കാൻ എനിക്ക് സന്തോഷമുണ്ട്. കുറിച്ചിയിൽ എൻ. എസ്. എസ്. നടത്തുന്ന ഒരു ഹോമിയോ കോളേജുണ്ട്. അവിടെ ഡിപ്ലോമാ കോഴ്സും കഴിഞ്ഞ മൂന്നു കൊല്ലമായി ഡിഗ്രി കോഴ്സും നടത്തിക്കൊണ്ടിരിക്കുകയാണ്. ആ കോളേജിന്റെ ചില പ്രത്യേക ബുദ്ധിമുട്ടുകൾ കൂടി മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ ഞാൻ പെടുത്തുകയാണ്. എൻട്രൻസ് എക്സാമിനേഷൻ പാസ്സായിട്ടുള്ള കുട്ടികളാണ് അവിടെ പഠിക്കുന്നത്. അവിടത്തെ അദ്ധ്യാപകരെ രണ്ടായിക്കാണുന്നുവെന്നുള്ളതാണ് എനിക്ക് പറയുവാനുള്ളത്. അവിടെ ഡയറക്ടർ പേമെന്റ് സിസ്റ്റം നടപ്പിലാക്കണമെന്ന് ഞങ്ങളിൽ ചില എം. എൽ. എ. മാർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ അറിയിച്ചിട്ടുണ്ട്. അത് പരിശോധിക്കുമെന്നാണ് എന്റെ വിശ്വാസം. എത്രയോ കാലമായി പ്രൈവറ്റ് പാർട്ടികൾ നടത്തുന്ന കോളേജുകളിലെ അദ്ധ്യാപകർക്ക് ശ്രീ. താമരാക്ഷൻ ഉൾപ്പെടെയുള്ള അദ്ധ്യാപകർക്ക് ഡയറക്ടർ പേമെന്റ് ആണ് കിട്ടിക്കൊണ്ടിരിക്കുന്നത്. ആ ഡയറക്ടർ പേമെന്റ് ഈ ഹോമിയോ കോളേജിലും കൊടുക്കാൻ ആവശ്യമായ പരിഗണന ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഈ ഗവർമെന്റിന്റെ മറ്റ് പല വികസന പ്രവർത്തനങ്ങളെപ്പറ്റിയും ശ്ലാഘിക്കാൻ ധാരാളമുണ്ട്.

സർ, ശുദ്ധജലക്ഷാമം പരിഹരിച്ച ഒരു ഗവൺമെന്റാണിതെന്ന് അഭിമാനപൂർവ്വം പറയാൻ കഴിയും. കേരളത്തിലെ കുന്നുകളിലും മലകളിലും കായലോരപ്രദേശങ്ങളിലും ശുദ്ധജലവിതരണം നടത്തി ജനങ്ങൾക്ക് യുദ്ധകാലാടിസ്ഥാനത്തിൽ കുടിവെള്ളം എത്തിച്ചുകൊടുത്ത ഒരു ഗവൺമെന്റാണിത്. ആലുവാപ്പുഴയിൽ വെള്ളം ഉണ്ടെങ്കിൽ മാത്രമേ എറണാകുളത്ത് വെള്ളം എത്തിച്ചുകൊടുക്കാൻ കഴിയുകയുള്ളു. ആലുവാപ്പുഴയിൽ വെള്ളമില്ലെങ്കിൽ ഗവൺമെന്റ് എന്തു ചെയ്യും. അക്കാര്യത്തിൽ ഗവൺമെന്റിനെ കുറ്റം പറഞ്ഞതുകൊണ്ട് എന്താണ് ഫലം? ഈ സംസ്ഥാനത്ത് മുഴുവൻ ശുദ്ധജലം വിതരണം ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കിയെന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ നേട്ടം. കഴിഞ്ഞ ഇരുപതിരുപത്തഞ്ച് വർഷമായി ശുദ്ധജലദൗർല്ലഭ്യം അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന തൃക്കാക്കര മലകളിൽ ശുദ്ധജലം എത്തിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു. അതിൽ ഈ ഗവൺമെന്റിനെ അഭിമാനത്തോടും ആവേശത്തോടും കൂടി ഞാൻ അഭിനന്ദിക്കുന്നു.

ഹരിജനകോളനികളിലെല്ലാം വൈദ്യുതി എത്തിച്ചുകൊടുത്ത ഒരു ഗവൺമെന്റാണിത്. ദാരിദ്ര്യരേഖയ്ക്ക് താഴെക്കഴിയുന്ന ആളുകൾക്കുവേണ്ടി പഞ്ചായത്തുകൾതോറും 100 കണക്കിന് വീടുകൾ ഭവന നിർമ്മാണ പദ്ധതിയിലൂടെ നിർമ്മിച്ചുകൊടുത്ത ഒരു ഗവൺമെന്റാണിത്.

ഇത്രയും നല്ല കാര്യങ്ങൾ ചെയ്ത ഈ ഗവൺമെന്റ് സമ്പൂർണ്ണമായി ഭരിക്കുമെന്നു ഉറപ്പിച്ചു തന്നെ പറയാനാഗ്രഹിക്കുകയാണ്. പക്ഷേ ചന്ദ്രനിൽ കളങ്കമെന്നപോലെ ചില പോരായ്മകളില്ലാതില്ല. അവ തിരു

LIBRARY ARCHIVES Kerala Legislative Assembly

ത്താൻ ഗവൺമെൻറ് ശ്രദ്ധിക്കണം. ജനാഭിലാഷങ്ങളെ മാനിച്ചുകൊണ്ട് ശക്തിയുള്ള ഒരു ഗവൺമെൻറായി മുന്നോട്ടു പോകുകയും, നിയോജക മണ്ഡലങ്ങളിൽ എം. എൽ. എ. മാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്തുകൊണ്ട് അവ പരിഹരിക്കാൻ തയ്യാറാകുകയും വേണം. ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി അനുകൂലിച്ചുകൊണ്ട് എൻെറ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എസ്. ആർ. തങ്കരാജ്: സർ, ചരിത്ര വിദ്യാർത്ഥികളോട് അടുത്തകാല കേരള രാഷ്ട്രീയത്തിലെ കുപ്രസിദ്ധനായ വില്ലനാരായിരുന്നു എന്നു ചോദിച്ചാൽ ഇന്ന് നമ്മുടെ സംസ്ഥാനം ഭരിക്കുന്ന മുഖ്യമന്ത്രി കരുണാകരനാണെന്നു പിൽക്കാലത്തു രേഖപ്പെടുത്തേണ്ട മുഖ്യമന്ത്രി കരുണാകരനും അദ്ദേഹത്തിൻെറ സഹപ്രവർത്തകരും അവതരിപ്പിച്ചിരിക്കുന്ന ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. ഈ ധനാഭ്യർത്ഥനകളെ അംഗീകരിക്കുക എന്നുപറഞ്ഞാൽ ഈ ധൂർത്തിനേയും അഴിമതിയേയും അംഗീകരിക്കുക എന്നാണർത്ഥം. ഉദാഹരണമായി കഴിഞ്ഞ നാല് മാസക്കാലമായി അനുവദിച്ചിട്ടുള്ള നമ്മുടെ സംസ്ഥാനത്തെ മന്ത്രിമാരുടെ യാത്രപ്പടി എത്ര യാണെന്നു നോക്കിയാൽ മതി. ഇവിടെ മിതവ്യയം കൊണ്ട് കമ്മി നികത്തുകയാണെന്ന് ആവർത്തിച്ചാവർത്തിച്ച് പറയുന്ന നമ്മുടെ മന്ത്രിമാരുടെ യാത്രാപ്പടിയുടെ കണക്ക് അവർ നടത്തിയിട്ടുള്ള ധൂർത്തിൻെറ കഥകൾ നിരത്തിവയ്ക്കുകയാണ്. കഴിഞ്ഞ നാല് മാസത്തെ യാത്രപ്പടിയുടെയും ടെലഫോൺ കാളിൻേറയും കണക്കു നോക്കിയതിൽ ഏറ്റവും കൂടുതൽ യാത്രപ്പടി വാങ്ങിച്ചിരിക്കുന്നത് തൊഴിൽ വകുപ്പുമന്ത്രി ശ്രീ. ശിവദാസനാണ്, ഒരു ലക്ഷത്തോളം രൂപയാണ് അദ്ദേഹം നാല് മാസത്തേക്ക് യാത്രപ്പടിയിനത്തിൽ വാങ്ങിച്ചിരിക്കുന്നത്. എൻെറ പ്രിയപ്പെട്ട മന്ത്രിമാരെ നിങ്ങൾ ഇഷ്ടംപോലെ വിഹരിച്ചുകൊള്ളൂ, പക്ഷേ അതിനൊരു പെരുമാറ്റച്ചട്ടം ഉണ്ടാക്കണം. ആവശ്യമായിവരുന്ന കാര്യങ്ങൾക്ക് യാത്ര ചെയ്യരുതെന്നും ഫോൺ വിളിക്കരുതെന്നും ഞാൻ പറയുന്നില്ല. 4 മാസത്തിനുള്ളിൽ 1,20,000 രൂപയുടെ ടെലഫോൺകാൾ വിളിച്ച മന്ത്രിമാർ ഈ സംസ്ഥാനത്ത് ഉള്ളപ്പോൾ, ധൂർത്തടിക്കുന്നതിനുവേണ്ടി ഖജനാവിലെ പണം ഇനിയും അനുവദിച്ചുകൊടുക്കണമെന്നാണ് അവർ ആവശ്യപ്പെടുന്നത്. ഭരണബഞ്ചുകളിലിരിക്കുന്ന എൻെറ പ്രിയസുഹൃത്തുക്കളെ മനസ്സാക്ഷിക്കുത്തില്ലാതെ നിങ്ങൾക്ക് എങ്ങനെ ഇതിനോട് അനുകൂലിക്കാൻ കഴിയും?

സർ, ഇവിടെ വ്യവസായരംഗത്തെക്കുറിച്ചും ഭക്ഷ്യരംഗത്തെ കുറിച്ചും ജലവിതരണ രംഗത്തെക്കുറിച്ചും കെട്ടിടനിർമ്മാണ രംഗത്തെക്കുറിച്ചുമൊക്കെ എൻെറ സുഹൃത്തുക്കൾ വാതോരാതെ സംസാരിച്ചു. ഈ സംസ്ഥാനത്തെ ലക്ഷക്കണക്കിന് ആളുകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുമായിരുന്ന ഒരു വ്യവസായമേഖല എന്തു ചെയ്തെന്ന് നെഞ്ചത്ത് കൈവച്ചുകൊണ്ട് ആ രംഗത്ത് പ്രവർത്തിക്കുന്ന മന്ത്രിക്ക് പറയാൻ സാധിക്കുമോ? ചെറിയ ഒരു ഉദാഹരണം ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുകയാണ്. ബാലരാമപുരത്ത് പ്രവർത്തിക്കുന്ന തിരുവനന്തപുരം സ്പിന്നിംഗ് മില്ലിൻെറ കാര്യമാണ് ഞാൻ പറയുന്നത്. നല്ലരീതിയിൽ പ്രവർത്തിച്ചാൽ ഏതാണ്ട് 1,500-ളം ആളുകൾക്ക് തൊഴിലവസരം കിട്ടുന്ന ആ സ്ഥാപനത്തിൽ ഇന്ന് ഏതാണ്ട് 500-ളം ആളുകൾക്ക് മാത്രമേ തൊഴിലുള്ളൂ. രണ്ടുമൂന്നു വർഷമായി അവിടെ സ്ഥിരമായിട്ട് ഒരു മാനേജിംഗ് ഡയറക്ടറില്ല. മൂന്നു നാല് മില്ലുകൾക്കുവേണ്ടി ഒരു മാനേജിംഗ് ഡയറക്ടറേയാണ് വച്ചിട്ടുള്ളത്. മില്ല് സുഗമമായി പ്രവർത്തിക്കണമെങ്കിൽ പൂർണ്ണസമയം പ്രവർത്തിക്കുന്ന ഒരു മാനേജിംഗ് ഡയറക്ടർ വേണം. ബാലരാമപുരത്ത് പ്രവർ

LIBRARY ARCHIVES Kerala Legislative Assembly

ത്തിക്കുന്ന തിരുവനന്തപുരം സ്പിന്നിംഗ് മില്ലിന്റെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് പ്രവർത്തിക്കുന്നത് തിരുവനന്തപുരത്താണ്. അതിനുവേണ്ടി പ്രതിമാസം 30,000 രൂപ വാടകയിനത്തിൽ കൊടുക്കുന്നുണ്ട്. ഈ ഓഫീസുകൾക്ക് പ്രവർത്തിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ബാലരാമപുരം സ്പിന്നിംഗ് മില്ലിന്റെ കെട്ടിടങ്ങളിൽ തന്നെയുണ്ടെന്നുള്ള വസ്തുത നിങ്ങളാരും മറന്നുകളയരുത്. പലയവസരങ്ങളിലും സ്വകാര്യമായിപ്പോലും, മന്ത്രിമാരോട് ഈ പ്രശ്നത്തിനൊരു പരിഹാരമുണ്ടാക്കണമെന്നു ഞാൻ ആവശ്യപ്പെട്ടിട്ടുള്ളതാണ്. ഈ സംസ്ഥാനത്തെ പാവപ്പെട്ടവർക്ക് ഒരൊറ്റ ദിവസത്തെ തൊഴിൽ കൊടുക്കുവാൻ സാധിക്കാതിരിക്കുമ്പോൾ ഇങ്ങനെ സർക്കാർ ഖജനാവിലെ പണം ധൂർത്തടിക്കുന്നത് എന്തിനാണ്? അതിന് അവർക്ക് ഒരു മറുപടിയുമില്ല. അവർക്ക് ഇഷ്ടംപോലെ ധൂർത്തടിക്കുന്നതിന് പണം ആവശ്യപ്പെട്ടിരിക്കുകയാണ്.

സർ, എനിക്ക് ബഹുമാനപ്പെട്ട റവന്യൂ മിനിസ്റ്ററോട് ചോദിക്കുവാനുള്ളത് കർഷകത്തൊഴിലാളി പെൻഷനുവേണ്ടിയുള്ള ലക്ഷക്കണക്കിന് അപേക്ഷകൾ താൽക്കാലികമായി അതിൽ ഒന്നും ചെയ്യേണ്ടായെന്നു പറഞ്ഞ് വില്ലേജ് ഓഫീസുകളിലും ജില്ലാ ലേബർ ഓഫീസുകളിലും വാരിക്കെട്ടി അയേൺസേഫിൽ സേഫ്കസ്റ്റഡിയിൽ സൂക്ഷിച്ചിരിക്കുകയാണ്. എന്നിട്ട് ഈ തുക യാതൊരു തർക്കവും കൂടാതെ നമ്മൾ പാസ്സാക്കിക്കൊടുക്കണമെന്നാണ് പറയുന്നത്. ജീവിതത്തിന്റെ നല്ലകാലം മുഴുവൻ മണ്ണിനെ പൊന്നാക്കാൻവേണ്ടി അദ്ധ്വാനിച്ച പാവപ്പെട്ട കർഷകത്തൊഴിലാളികൾക്ക് ജീവിതാന്ത്യത്തിൽ ഒരു ചെറിയ തുക പെൻഷനായിട്ട് കൊടുക്കുന്നതിനുള്ള അപേക്ഷകളാണ് ഇങ്ങനെ കെട്ടിവച്ചിരിക്കുന്നത്.

ഇവിടെ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ആളുകൾക്കുവേണ്ടി വീട് വച്ചു കൊടുത്തതിനെപ്പറ്റി മുഖ്യമന്ത്രി വാതോരാതെ പ്രസംഗിക്കുന്നതുകേട്ടു. അദ്ദേഹം അവതരിപ്പിച്ച കണക്കുകളെല്ലാം കേരളത്തിലേതു തന്നെയാണോയെന്നു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് കണ്ണുള്ളവർക്ക് കാണാൻ സാധിക്കുമെന്നാണ്. ചെറിയ ഓരോ തുക ടോക്കൺ എമൗണ്ടെന്നുള്ള നിലയിൽ ഒരു പിടി ആളുകൾക്ക് കൊടുത്തിട്ടുണ്ടെന്നുള്ളതു ഞാൻ വിസ്മരിക്കുന്നില്ല. പക്ഷേ ആയിരക്കണക്കിന് ആളുകൾ അപേക്ഷകളുമായി താലൂക്കാഫീസുകളിലും കളക്ടറാഫീസുകളിലും ക്യൂ നിൽക്കുകയാണ്. ആദ്യഗഡു കിട്ടിയവർക്ക് രണ്ടാമത്തെ ഗഡു കിട്ടാൻ നിവൃത്തിയില്ല. പതിനായിരത്തിൽപരം അപേക്ഷകർക്ക് ആദ്യഗഡുപോലും കിട്ടാൻ പറ്റാത്തെ ഒരു സാഹചര്യമാണുള്ളത്. ഈ സംസ്ഥാനത്തെ റോഡുകളുടെ സ്ഥിതിയൊന്നും പായാതിരിക്കുകയാണ് ഭേദം. അതുകൊണ്ട് ഞാൻ അക്കാര്യങ്ങളിലേക്ക് കടക്കാനാഗ്രഹിക്കുന്നില്ല.

പക്ഷേ ഒന്നുരണ്ടു കാര്യങ്ങൾകൂടി എനിക്ക് പറയാനുണ്ട്. ഇവിടെ പ്രസംഗിച്ച പലരും വലിയ ഹരിജൻ—ഗിരിജനപ്രേമം കാണിക്കുകയുണ്ടായി. എന്നാൽ ഒന്നുരണ്ടു വർഷമായിട്ട് കോളേജുകളിലും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പഠിക്കുന്ന ഹരിജൻ—ഗിരിജന വിദ്യാർത്ഥികൾക്ക് സ്റ്റൈഫൻഡ് പോലും കൊടുക്കുന്നില്ല എന്ന് പലയിടത്തു നിന്നും പ്രാതികൾ വന്നുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ വികലാംഗപെൻഷൻ കൊടുക്കുന്നുണ്ടോ? കഴിഞ്ഞ 6 മാസക്കാലമായി കേരളത്തിലെ ഒരൊറ്റ വികലാംഗനും ഒരൊറ്റ പൈസപോലും കൊടുത്തിട്ടില്ല. ജോലി ചെയ്തു ജീവിക്കുവാൻ നിവൃത്തിയില്ലാത്ത ക്ഷയരോഗികൾക്കുള്ള ആനുകൂല്യങ്ങൾ നൽകിയിട്ടും ആറേഴു മാസങ്ങൾ കഴിഞ്ഞിരിക്കുകയാണ്. ഇതിനെപ്പറ്റിയൊന്നും ഒരു വാക്കുപറയാൻ

LIBRARY ARCHIVES Kerala Legislative Assembly

75144

ശ്രീ. മണിമംഗലത്തു കുട്ട്യാലിയെപ്പോലുള്ള അംഗങ്ങൾക്ക് സമയമില്ല. അദ്ദേഹത്തിന് ഇവിടെ വന്നു ബംഗാളിനെക്കുറിച്ച് പറയാൻ സമയമുണ്ട്.

ശ്രീമതി കമലം കൈകാര്യംചെയ്യുന്ന വകുപ്പിലാണ് പ്രസ്സ് പ്രവർത്തിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലം മുതലുള്ള നടപടിക്രമമാണ്, പ്രസ്സിൽ പുതുതായി ആളെ എടുക്കുമ്പോൾ 50 ശതമാനം നിയമനം അതിൽ അപ്രൻറീസ് കഴിഞ്ഞ ആളുകൾക്ക് കൊടുക്കണമെന്ന്. ഇതിനെ സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശവും വന്നിട്ടുണ്ട്. അടുത്തകാലത്ത് മണ്ണന്തല ഒരു പ്രസ്സ് തുടങ്ങി. കുറച്ചു ആളുകളെ എടുത്തു. കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശം അംഗീകരിച്ചുകൊണ്ട് അത്തരത്തിലുള്ള ആളുകൾക്ക് നിയമനം കൊടുക്കണമെന്ന് പല ആളുകളും രേഖാമൂലവും മെമ്മോറാണ്ടം വഴിയും ആവശ്യപ്പെട്ടു. 1977-ലെയും 1986-ലെ കേന്ദ്ര ഗവൺമെന്റ് നിർദ്ദേശം നടപ്പാക്കാൻ തയ്യാറാകാതെ പാർശ്വവർത്തികളെ നിയമിച്ചു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേരളത്തിൽ മറ്റ് ചില പ്രദേശങ്ങളിൽ പ്രസ്സ് സ്ഥാപിക്കുന്നതിനുവേണ്ടി സ്ഥലം വിലയ്ക്ക് വാങ്ങിയിട്ടുണ്ട്. അവിടെയൊന്നും കെട്ടിടം കെട്ടുകയോ പ്രസ്സ് സ്ഥാപിക്കുകയോ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാതെ സ്വന്തം നിയോജക മണ്ഡലത്തിലെ കൽപ്പറ്റയിൽ വാടകയ്ക്കെടുത്ത കെട്ടിടത്തിൽ പ്രസ്സ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിരിക്കുകയാണ്. ലക്ഷക്കണക്കിന് രൂപയുടെ അഴിമതി അതിന്റെ പിന്നിലുണ്ട്. എല്ലാ മന്ത്രിമാർക്കും വകുപ്പുദ്യോഗസ്ഥൻമാർക്കും ഈ അഴിമതിയിൽ പങ്കുണ്ട്. അവരെല്ലാം അവരവരുടെ ആളുകളെ ഈ സ്ഥാപനത്തിൽ നിയമിച്ചിരിക്കുകയാണ്. ഈ സംസ്ഥാനത്തെ ചട്ടവട്ടങ്ങളൊന്നും അനുസരിക്കാതെ ധൂർത്തും അഴിമതിയും നടത്തുന്ന ഈ സർക്കാരിന്റെ ധനാഭ്യർത്ഥനകളെ - ഞാൻ ഒരിക്കൽകൂടി എതിർക്കുന്നു.

ശ്രീ. വി. ജെ. തങ്കപ്പൻ: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. കമ്മ്യൂണിസ്റ്റ് വിരുദ്ധ രാഷ്ട്രീയാടിത്തറയുള്ള ഒരു ഗവൺമെന്റാണിത്. ഈ ഗവൺമെന്റിന്റെ ഘടകകക്ഷികളെ യോജിപ്പിച്ചു നിർത്തുന്നത് കമ്മ്യൂണിസ്റ്റ് വിദ്വേഷ ചിന്താഗതി മാത്രമാണ്. മറ്റെല്ലാ കാര്യങ്ങളിലും ഗവൺമെന്റിന്റെ ഘടകകക്ഷികളും തമ്മിൽ പോരാണ്. കമ്മ്യൂണിസ്റ്റ് വിരുദ്ധം പോയാൽ എത്തുവരെ പോകാൻ കഴിയും, എന്തെല്ലാം അഴിമതികളും നടത്താൻ കഴിയും എന്നുള്ളതിന് പ്രധാന ഉദാഹരണമാണ് ഈ ഗവൺമെന്റ്. നമ്മുടെ രാജ്യങ്ങളിലെ ഏറ്റവും വലിയ ചാരനായ റാംസ്വരൂപൻ, അയാൾ കേന്ദ്രഗവൺമെന്റിലും കേന്ദ്രഗവൺമെന്റ് ഓഫീസുകളിലും മന്ത്രിമാരുടെ മന്ദിരങ്ങളിലും മണിയറകളിലും എല്ലാം കടന്നുചെന്ന് രഹസ്യങ്ങൾ ചോർത്തിയെടുത്ത് വിദേശരാജ്യങ്ങൾക്ക് വിറ്റ് കാശാക്കിയത് കമ്മ്യൂണിസ്റ്റ് വിരുദ്ധ ചിന്താഗതിയെന്നു പറഞ്ഞുകൊണ്ടാണ്. ലാർക്കിൻ സഹോദരൻമാർ, കുമർ നാരായണൻമാർ, റാംസ്വരൂപൻമാർ എല്ലാം ഈ മന്ത്രിസഭയിലുണ്ട്. ഇന്ന് കമ്മ്യൂണിസ്റ്റ് വിരുദ്ധം എന്ന് പറയുന്നത് എന്തും ചെയ്യുന്നതിനുള്ള ലൈസൻസാണ്. ഇതാണ് കഴിഞ്ഞ 46 മാസങ്ങളായി ശ്രീമാൻ കരുണാകരന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റു കൈക്കൊണ്ടിട്ടുള്ള നയം. മുൻമുഖ്യമന്ത്രി ശ്രീ. സി. അച്യുതമേനോനെ പലപ്പോഴും ഭരണകക്ഷിനേതാക്കൻമാരും മുഖ്യമന്ത്രിയും ടി. എച്ച്. മുസ്തഫയുമെല്ലാം ഉദ്ധരിക്കാറുണ്ട്. അദ്ദേഹത്തിന്റെ ശൈലിതന്നെ ഞാൻ കടമെടുത്തു സംസാരിക്കട്ടെ. ''കുറേവാളികൾ മന്ത്രിമാരായി മന്ത്രിമന്ദിരങ്ങളിൽ താമസിക്കുകയും കൊടിവച്ച കാറിൽ സഞ്ചരിക്കുകയും സെക്രട്ടേറിയറ്റിൽ ഭരണം നടത്തുകയും ചെയ്യുന്നു''. ഏതെല്ലാം രീതിയിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

കുറ്റവാളികളാണ് ഇവിടെയുള്ളത്. നമ്മുടെ ആഭ്യന്തരമന്ത്രിയെ കുറിച്ച് പത്രങ്ങളിൽ വാർത്തവന്നാൽ അത് രാഷ്ട്രീയ പ്രേരിതമെന്ന് പറയും. എന്റെ പാർട്ടിയുടെ സെക്രട്ടറി പറഞ്ഞാലും അതുതന്നെ പറയും. എന്നാൽ ആഭ്യന്തര വകുപ്പുമന്ത്രി സി. ഐ. എ. ചാരനായിരുന്നതുകൊണ്ട് രാജിവയ്ക്കണമെന്ന് ആവശ്യപ്പെട്ടത് കോൺഗ്രസ്സ് (ഐ) പാർട്ടിയുടെ തിരുവനന്തപുരം ജില്ലാ കമ്മിറ്റി വൈസ്പ്രസിഡന്റായ ശ്രീ. രഘുചന്ദ്രപാൽ ആണ്. അയാളെ ഇപ്പോൾ സസ്പെന്റു ചെയ്തുവെന്ന് പറയുന്നു. ശ്രീമാൻ എം. പി. ഗംഗാധരൻ രാജിവച്ച ആ ദിവസം അനുശോചനം അറിയിക്കുവാൻ എം. പി. ഗംഗാധരന്റെ വീട്ടിൽ പോയത് രഘുചന്ദ്രപാലും കൂടി ചേർന്നാണ്. രഘുചന്ദ്രപാലും മുഖ്യമന്ത്രി ശ്രീ. കരുണാകരനും എം. പി. ഗംഗാധരനും തമ്മിലുള്ള ബന്ധം എല്ലാവർക്കും അറിവുള്ളതാണ്. അങ്ങനെ മുഖ്യമന്ത്രിയുമായി അടുത്തു ബന്ധമുള്ള ഒരു കോൺഗ്രസ്സ് നേതാവ്—കൂടെ കിടക്കുന്നവനെ രാപ്പനി അറിയാവൂ എന്ന് പറയുന്നതുപോലെ കാര്യങ്ങൾ വ്യക്തമായി അറിയാവുന്ന ഒരു കോൺഗ്രസ്സ് (ഐ) നേതാവാണ്, ശ്രീമാൻ വയലാർ രവി. സി. ഐ. എ. ചാരനാണ്, രാജിവയ്ക്കണം എന്ന് ആവശ്യപ്പെട്ടിരിക്കുന്നത്. ഞങ്ങളാരും ആവശ്യപ്പെട്ടതല്ല. പത്രത്തിൽ പ്രസ്താവന വന്നു. ചുമരായ ചുമരുകളിലെല്ലാം എഴുതി വച്ചിരിക്കുന്നു. ബസ്സിന്റെ ബോഡിയിൽ പോസ്റ്റർ എഴുതി ഒട്ടിച്ചിരിക്കുന്നു; സി. ഐ. എ. ചാരൻ ശ്രീ. വയലാർ രവി രാജിവയ്ക്കണമെന്ന്.

ഇൻഡ്യയുടെ മണ്ണിൽ കാലുകുത്താൻ അനുവദിക്കണമെന്ന് ഇൻഡ്യാഗവൺമെൻറ് വ്യക്തമായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള വിദേശീയരായ രണ്ടുപേരെ—അവർ സാമ്പത്തിക കുറ്റവാളികളാകാം തീവ്രവാദികളാകാം—പൂമാലയിട്ട് സ്വീകരിച്ച് സ്റ്റേറ്റ് കാറിൽ നാഷണൽ ഫ്ളാഗ് പറപ്പിച്ചുകൊണ്ട് യാത്ര ചെയ്യാൻ, അവർക്ക് അകമ്പടി സേവിക്കാൻ അവരെ റെസ്റ്റുഹൗസുകളിൽ താമസിപ്പിക്കാൻ തുനിഞ്ഞ രണ്ടാളുകൾ ഈ മന്ത്രിസഭയിലുണ്ട്.—ശ്രീമാൻ ഇ. അഹമ്മദും യു. എ. ബീരാനും. ശ്രീ. അച്യുതമേനോന്റെ ഭാഷയിൽ പറഞ്ഞാൽ ഈ കുറ്റവാളികളെ എന്ത് ചെയ്യണം? ചിലർ മന:സാക്ഷിക്കുത്തുകൊണ്ടോ പൊതുജനാഭിപ്രായം മൂലമുണ്ടാകുന്ന സമ്മർദ്ദം കൊണ്ടോ രാജിവച്ചേക്കാം. എന്നാൽ ഈ മന്ത്രിമാർ രാജിവച്ചാൽ മാത്രം മതിയോ? കുറ്റവാളികൾ രാജിവച്ചാൽ മതിയോ?. കുറ്റവിചാരണ ചെയ്തു ഇവരെ ജയിലിൽ അടയ്ക്കേണ്ടതാണ് എന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. രാജിവച്ച് പോയാൽ മാത്രം പോര. ഏക്സ്ട്രീം പെനാൽറ്റി കൊടുക്കണം എന്ന് ഞാൻ പറയുന്നില്ല. തൂക്കിക്കൊല്ലണമെന്ന് പറയുന്നില്ല, ജയിലിൽ അടച്ചാൽ മതി. ഇങ്ങനെ കുറ്റവാളികൾ നിറഞ്ഞ ഒരു ഗവൺമെൻറ്, കുറ്റവാളികൾ ഭരണം നടത്തുന്ന ഒരു മന്ത്രിസഭയും ആണ് ഇത്.

ഈ സംസ്ഥാനത്തിന്റെ നെയ്ത്തു തൊഴിലാളികളുടെ അവസ്ഥ എന്താണ്? ഇന്ന് മേശപ്പുറത്തുവച്ച ഉത്തരം വിശ്വസിക്കാമെങ്കിൽ കൈത്തറി സഹകരണ സംഘങ്ങളിൽ കെട്ടികിടക്കുന്ന ജൗളി 20 കോടി രൂപയ്ക്കുണ്ട്. ബഹുമാന്യനായ വ്യവസായവകുപ്പു മന്ത്രി പലപ്പോഴും അവകാശപ്പെടുന്നുണ്ട്. അദ്ദേഹം വന്നതിനുശേഷം നൂറു ദിവസവും റിബേറ്റ് സെയിൽസ് അനുവദിച്ചിരിക്കുന്നുവെന്ന്. റിബേറ്റ് സെയിൽ അനുവദിച്ചാൽ തൊഴിലാളിക്ക് എന്ത് ഗുണം? ഈ സംസ്ഥാന ഗവൺമെന്റു 7 കോടിയിൽ പരം രൂപ സംസ്ഥാന കൈത്തറി സഹകരണസംഘങ്ങൾക്ക് കൊടുക്കാനുണ്ട്. 1984–85, 1985–86 എന്നീ വർഷങ്ങളിലുള്ളതുമാത്രമല്ല, 1983–84 സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിലെ റിബേറ്റ് ഗ്രാന്റും ഇന്നുവരെ കൊടുത്തു തീർത്തിട്ടില്ല. കൈത്തറി സഹകരണ സംഘങ്ങൾ ബാങ്കുകളിൽനിന്ന് കടമെടുക്കുന്ന രൂപകൊണ്ടാ

LIBRARY ARCHIVES Kerala Legislative Assembly

ണ് തുണി ഉല്പാദിപ്പിക്കുന്നത്. അങ്ങനെ ഉല്പാദിപ്പിക്കപ്പെട്ട 20 കോടിയിൽപ്പരം രൂപയ്ക്കുള്ള തുണിത്തരങ്ങൾ വിറ്റഴിയാതെ കെട്ടിക്കിടക്കുന്നു. 1983–84, 1984–85, 1985–86 എന്നീ വർഷങ്ങളിൽ ഗവൺമെന്റു തിരിച്ചു കൊടുക്കേണ്ട റിബേറ്റ് ഗ്രാന്റ് ഏകദേശം 7 കോടിയോളം രൂപ വരും. കൂടുതലായി ഉല്പാദിപ്പിക്കാൻ നൂലോ ചായമോ വാങ്ങാൻ കഴിയാതെ സഹകരണസംഘങ്ങളുടെ തറികൾ പ്രവർത്തന രഹിതമാണ്. സർ, ഞാൻ ചോദിക്കുന്നു. എന്തിനീ മന്ത്രി? വിദേശികളെ സ്വീകരിക്കാൻപോകുന്ന സമയം അതിനുപയോഗിക്കുന്ന സമ്പത്ത് ഈ രാജ്യത്തെ കൈത്തറി നെയ്ത്തുകാരനെ സഹായിക്കുന്നതിനുവേണ്ടി ചെലവാക്കാൻ മനക്കെടുന്നില്ല. കൈത്തറിനെയ്ത്തിന് 100 ദിവസവും റിബേറ്റ് സെയിൽ അനുവദിച്ചുവെന്നു പറഞ്ഞു കൈകഴുകി മാറുകയാണ് മന്ത്രി ചെയ്യുന്നത്. അതിനുവേണ്ടി ഒരു പൈസ പോലും നീക്കിവയ്ക്കാനോ സഹായിക്കാനോ ഈ ഗവൺമെന്റു തയ്യാറല്ല; മന്ത്രി തയ്യാറല്ല. സർ, അവർക്ക് ധൂർത്തടിക്കാൻ ഇഷ്ടംപോലെ പണമുണ്ട്. ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത് വിദ്യാഭ്യാസമേഖലയെ സംബന്ധിച്ചാണ്.

ഇവിടെ കൈത്തറി നെയ്ത്തുകാരന് പണം കൊടുക്കാനില്ല, തറികൾ പ്രവർത്തിപ്പിക്കാനുള്ള പൈസയില്ല. ഗവൺമെന്റിന്റെ കൈയിൽ കൊടുക്കാനില്ല. പക്ഷേ വിദ്യാഭ്യാസമേഖലയിൽ ഈ ഗവൺമെന്റു അധികാരത്തിൽ വന്നതിനുശേഷം 738 വിദ്യാലയങ്ങൾ സ്വകാര്യ മേഖലയിൽ അനുവദിച്ചിരിക്കുന്നു. അതിൽ 331 വിദ്യാലയങ്ങൾ സർക്കാരിന്റെ സഹായമുള്ള സ്വകാര്യമേഖലയിലെ വിദ്യാലയങ്ങളാണ്. അങ്ങനെ 331 എയിഡഡ് സ്ക്കൂളുകളും 293 അൺഎയിഡഡ് വിദ്യാലയങ്ങളും അനുവദിച്ച് പ്രവർത്തിപ്പിച്ചതിന്റെ ഫലമായി ഏകദേശം 400 ഗവൺമെന്റു സ്ക്കൂളുകൾ അൺഎക്കണോമിക് ആണെന്ന് പറഞ്ഞു നിർത്താൻ പോകുന്നു. മാത്രമല്ല, 5205 സ്വകാര്യ സ്ക്കൂളുകളിലെ അദ്ധ്യാപകരെ പ്രൊട്ടക്ടഡ് അദ്ധ്യാപകരായി ഡിക്ലയർ ചെയ്തു ഒരു ജോലിയുമില്ലാതെ ഒരു ജോലിയും ചെയ്യിക്കാതെ കഴിഞ്ഞമൂന്നു വർഷങ്ങളായി ശമ്പളം കൊടുക്കുന്നു.

സർ, ഈ വർഷത്തെ കണക്കു ചോദിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്, 1985–86 വർഷത്തിൽ ഇതുവരെയായി, അതായത്, ഫെബ്രുവരി അവസാനദിവസംവരെ 9,36,90,000 രൂപ ജോലി ചെയ്യാതെ പ്രൊട്ടക്ടഡ് അദ്ധ്യാപകരെന്ന നാമത്തിൽ അറിയപ്പെടുന്ന ആളുകൾക്ക് ശമ്പളമായി കൊടുത്തിരിക്കുന്നുവെന്നാണ്. ഇവിടെ ശരത്ചന്ദ്രപ്രസാദിന്റെ വിപ്ലവ വിദ്യാർത്ഥി സംഘടനയുടെ നേതാക്കൻമാരുണ്ടല്ലോ, പൊതു വിദ്യാഭ്യാസമേഖലയെ മുഴുവൻ സ്വകാര്യമേഖലയ്ക്ക് തീറെഴുതിക്കൊടുത്ത് വിദ്യാഭ്യാസക്കച്ചവടം നടത്തുന്ന ഏർപ്പാട് നിറുത്താൻ അവർക്ക് ആവശ്യപ്പെടാൻ കഴിയില്ലേ? 331 സ്വകാര്യവിദ്യാലയങ്ങളിൽ അദ്ധ്യാപകരായി നിയമിക്കപ്പെട്ടവർതന്നെ ഏകദേശം അയ്യായിരത്തോളംപേർ വരും. അവർക്കു ശമ്പളം കൊടുക്കാൻ വീണ്ടും ഒരു പത്തുകോടി രൂപയോളം വേണ്ടിവരും. അതുപോലെ 331 വിദ്യാലയങ്ങൾക്ക് ഗ്രാന്റ് കൊടുക്കണമെങ്കിൽ പിന്നെയും കോടിക്കണക്കിന് രൂപ വേണ്ടിവരുന്നു. ഇങ്ങനെ വിദ്യാഭ്യാസ മേഖലയിൽ യാതൊരു നിയന്ത്രണവുമില്ലാതെ സ്വകാര്യ വിദ്യാലയങ്ങൾ—എയിഡഡ് ആയാലും അൺഎയിഡഡ് ആയാലും—അനുവദിച്ചുകൊണ്ട് സ്വകാര്യവ്യക്തികൾക്ക് അടിയറവച്ചിരിക്കുന്നു. അതുകൊണ്ടുണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടമാണ് ജോലിചെയ്യാതെ അയ്യായിരത്തിൽപ്പരം അദ്ധ്യാപകർക്ക് ശമ്പളമായി കൊടുക്കുന്നത്. അതു കൂടാതെ സ്വകാര്യമേഖലയിലുള്ള അൺഎയിഡഡ് സ്ക്കൂളുകൾ അനുവദിച്ചുകൊണ്ട് അവിടെ നടക്കുന്ന അഴിമതികൾക്ക് ഈ ഗവൺമെന്റ് കൂട്ടുനിൽക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഈ ഗവൺമെൻറ് 150 അൺഎയിഡഡ് സ്കൂളുകൾക്ക് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിരിക്കുന്നത് പത്രങ്ങളിലൊക്കെ വന്നിരിക്കുന്നു. സർ, വിദ്യാഭ്യാസമേഖലയെക്കുറിച്ച് അങ്ങുതന്നെ ഇവിടെ പ്രസംഗിച്ചിട്ടുണ്ട്. അങ്ങ് കൊച്ചിൻയൂണിവേഴ്സിറ്റി ഓർഡിനൻസിനെക്കുറിച്ച് പറഞ്ഞ വാചകം എൻറെ മുമ്പിലുണ്ട്. ഇന്ന് വിദ്യാഭ്യാസമേഖലയിലെ എല്ലാ ജനാധിപത്യ മര്യാദകളെയും ലംഘിച്ചുകൊണ്ട് ഉള്ളതായിരുന്നു ഈ ഓർഡിനൻസ് എന്ന് അങ്ങ് തന്നെയാണ് പറഞ്ഞിട്ടുള്ളത്. വിദ്യാഭ്യാസ മേഖലയെ സ്വകാര്യമേഖലയ്ക്ക് അടിയറ വയ്ക്കുകയും വിൽപ്പനച്ചരക്കാക്കി മാറ്റുകയും ചെയ്തിരിക്കുന്നു. വിദ്യാഭ്യാസരംഗത്ത്, പ്രത്യേകിച്ച് ഹയർ എഡ്യൂക്കേഷൻ മേഖലയിൽ നിലനിന്നിരുന്ന എല്ലാ ജനാധിപത്യ മര്യാദകളെയും, കീഴ്വഴക്കങ്ങളെയും തകർത്തുകൊണ്ട് ഏകാധിപത്യ ഭരണമാണ് നടക്കുന്നത്. ഒരു പ്രത്യേക മതവിഭാഗത്തിനുവേണ്ടി, ആ മതവിഭാഗത്തിലെ പ്രമാണിമാർക്കുവേണ്ടി വിദ്യാഭ്യാസ മേഖലയെ തീറെഴുതുന്ന ഈ മന്ത്രിയും മന്ത്രിസഭയുമാണ് ഭരിക്കുന്നത്. വെള്ളായണിപരമുമാരും കായംകുളം കൊച്ചുണ്ണിമാരും മുള്ളമുട്ടടിമമാരും എം. പി. ഗംഗാധരൻമാരും മാളയിലെ പയ്യൻമാരുമായി ഭരിക്കുന്ന ഈ ഗവൺമെൻറു കൊണ്ടുവന്നിട്ടുള്ള ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. കെ. മുഹമ്മദാലി]

ശ്രീ. എം. വി. മാണി: സർ, ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. ഇവിടെ ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് ശ്രീ. ഹസ്സൻ അവതരിപ്പിച്ച നന്ദി പ്രമേയത്തിന് എതിരായി പ്രസംഗിച്ചപ്പോൾ ശ്രീ. കെ. പി. പ്രഭാകരൻ കേരളാ കോൺഗ്രസ്സിനെക്കുറിച്ച് പറയുകയുണ്ടായി; ദേശീയ നയത്തിൽ കോൺഗ്രസ്സുമായി യോജിച്ചു നിൽക്കുന്ന ഒരു സംസ്ഥാന പാർട്ടിയെന്നുള്ളനിലയിൽ കേരള കോൺഗ്രസ്സിന് പ്രസക്തിയില്ലായെന്ന്. അതുപോലെതന്നെ കോൺഗ്രസ്സിൻറെ ദേശീയ നയങ്ങളുമായി യോജിക്കുന്നതുകൊണ്ട് കേരളാ കോൺഗ്രസ്സ് കോൺഗ്രസ്സിൽ ലയിക്കുകയാണ് നല്ലതെന്നും അദ്ദേഹം ഒരു ഉപദേശരൂപേണ പറയുകയുണ്ടായി. ഞാനിതിന് മറുപടി പറയുന്നതിനു മുമ്പ് നമ്മുടെ രാജ്യത്ത് സംസ്ഥാന പാർട്ടികളുടെ ആവശ്യകതയുണ്ടോയെന്ന് സമർത്ഥിക്കാൻ ആഗ്രഹിക്കുകയാണ്. ഭാഷകൊണ്ടും സംസ്ക്കാരംകൊണ്ടും കൃഷികൊണ്ടും വൈവിദ്ധ്യങ്ങളായ താൽപ്പര്യങ്ങളും പുലർത്തുന്ന ഇൻഡ്യയെപ്പോലുള്ള ഒരു രാജ്യത്ത് സ്വാഭാവികമായും പ്രാദേശികമായ അസമത്വങ്ങളും അസന്തുലിതാവസ്ഥയുമെല്ലാം ഉണ്ടാവുക സ്വാഭാവികമാണ്. അതുകൊണ്ടുതന്നെ നമ്മുടെ ഭരണഘടനാ നിർമ്മാതാക്കൾ ജാതീയമായും ഭാഷാപരമായും പിന്നോക്കം നിൽക്കുന്ന ന്യൂനപക്ഷങ്ങൾക്ക് പ്രത്യേക പരിഗണന നൽകിക്കൊണ്ട് ഭരണഘടനയിൽ ചില ഉറപ്പുകളും സംരക്ഷണങ്ങളും നടത്തിയത്. ഇൻഡ്യയെപ്പോലുള്ള ഒരു വലിയരാജ്യത്ത് എല്ലാ സംസ്ഥാനങ്ങളുടെയും താൽപ്പര്യങ്ങളെ ചിലപ്പോൾ കേന്ദ്രഗവൺമെൻറിന് ഒരുപോലെ നോക്കാൻ കഴിഞ്ഞുവെന്നു വരില്ല. പ്രത്യേകിച്ചും കേരളത്തെപ്പോലെ കൃഷിയിലും തൊഴിലിലുമെല്ലാം വ്യത്യസ്തമായ നിലപാടുകളുള്ള ഒരു സംസ്ഥാനത്ത്. നമ്മുടെ സംസ്ഥാനത്തെ പ്രധാന ഉൽപ്പന്നംതന്നെ നാണ്യവിളകളാണ്. നാണ്യവിളകയറ്റുമതിയും ഉൽപ്പാദിപ്പിക്കുന്ന മറെറാരു സംസ്ഥാനം ഇൻഡ്യയിലില്ല. അതുപോലെ ഈ നാണ്യവിളകൾ പ്രധാനമായും ഉപയോഗിക്കുന്നതും ഇൻഡ്യയിൽ തന്നെയാണ്. അതുകൊണ്ട് സ്വാഭാവികമായും ഈ നാണ്യവിളകളുടെ ഇറക്കുമതി കേരളത്തിലെ സമ്പദ്വ്യവസ്ഥയേയും ജനങ്ങളേയും ബാധിക്കുമെന്നുള്ളതിൽ സംശയമില്ല. ഇൻഡ്യയെപ്പോലുള്ള ഒരു വലിയ രാജ്യത്ത് ദേശീയ കക്ഷികൾക്കു ചിലപ്പോൾ എല്ലാ താൽപര്യങ്ങളും നോക്കുവാൻ കഴിഞ്ഞെന്നുവരില്ല.

LIBRARY ARCHIVES Kerala Legislative Assembly

സർ, നമുക്കറിയാം റബ്ബ് പറിനെ സംബന്ധിച്ചിടത്തോളം കേരളത്തിൽ മാത്രം ഉൽപ്പാദിപ്പിക്കുന്ന ഒരു നാണ്യവിളയാണ്. അതുപോലെ ഇൻഡ്യയിലെ മുഴുവൻ സംസ്ഥാനങ്ങൾക്കും ആവശ്യമുള്ളതുമാണ്. അസംസ്കൃതവസ്തുവായതുകൊണ്ട് വ്യാവസായിക ഉൽപ്പന്നമായി ഉപയോഗിക്കുന്നതുകൊണ്ട് റബ്ബറിന്റെവില കുറച്ചു കിട്ടണമെന്നാണ് അവർ ആഗ്രഹിക്കുന്നത്. അതിനു വേണ്ടി റബ്ബർ ഇറക്കുമതി ചെയ്താൽ കേരളത്തിന്റെ സമ്പദ്വ്യവസ്ഥയെ അത് ബാധിക്കും. അങ്ങനെയൊരു നടപടിവന്നാൽ കോൺഗ്രസ്സുമായി കൂടിച്ചേർന്നു നിൽക്കുന്നുവെന്ന് വച്ചുകൊണ്ട് കേരളാകോൺഗ്രസ്സ് പാർട്ടി അതിനെ സ്വാഗതം ചെയ്യുമെന്ന് നിങ്ങളാരും ധരിക്കേണ്ട ഞങ്ങളതിനെ എതിർക്കുകതന്നെ ചെയ്യും.

ഇവിടെ നാളികേരത്തെ സംബന്ധിച്ചിടത്തോളം കൊപ്ര ഇറക്കുമതി ചെയ്യുന്നതിന്റെ ഫലമായി നാളികേര കർഷകർ വളരെയധികം ബുദ്ധിമുട്ടുകളും അനുഭവിക്കുന്നുണ്ട്, കേരളത്തിന്റെ സമ്പദ്ഘടനയ്ക്കും വളരെയധികം തകരാറുകളും സംഭവിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെയാണ് ഞങ്ങൾ വളരെ വ്യക്തമായി കേന്ദ്രഗവൺമെന്റിനെ ബോദ്ധ്യപ്പെടുത്തുന്നതിനുവേണ്ടി വ്യവസ്ഥാപിത മാർഗ്ഗത്തിൽകൂടി അതിനെ എതിർത്തതും.

ആസ്സാം പ്രശ്നത്തിൽ ആസ്സാമിനെ സംബന്ധിച്ചിടത്തോളം മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി എന്തുമാത്രം കളളക്കളികളിച്ചു. അവിടെ വിദേശീയപ്രശ്നം അതിരൂക്ഷമായി വന്നു. ആസ്സാമികളെ സംബന്ധിച്ചിടത്തോളം അവിടെ ജീവിക്കാൻ സാധിക്കാത്ത സ്ഥിതിവിശേഷം വന്നു. അവർ സംഘടിച്ച് ആസ്സാം ഗണതന്ത്ര പരിഷത്ത് എന്ന പാർട്ടിക്ക് രൂപം കൊടുത്തു. കമ്മ്യൂണിസ്റ്റു മാർക്സിസ്റ്റുപാർട്ടി അതിനെതിരായി നിന്നു. ആസ്സാമിലെ ഭൂരിപക്ഷത്തിന്റെ കൂടെ നിൽക്കാൻ അവർക്ക് സാധിച്ചില്ല. എന്താണ് അവിടെയുണ്ടായത്? തെരഞ്ഞെടുപ്പിൽ ആസ്സാം ഗണതന്ത്രപരിഷത്ത് വിജയിച്ചു. അതുകൊണ്ട് ആസ്സാം ഇൻഡ്യയിൽനിന്ന് മാറിപ്പോകണമെന്നൊന്നും ഞാൻ പറയുന്നില്ല. അങ്ങനെ അവർ പറയുമെന്ന് തോന്നുന്നില്ല. ഈ അവസരത്തിൽ ഞാൻ ചോദിക്കുകയാണ്, കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് എന്നാണ് ദേശീയ ബോധമുണ്ടായതെന്ന്. 1947–ലാണ് ഇൻഡ്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയത്. അന്ന് കേരളാ കോൺഗ്രസ്സ് ഇല്ലെങ്കിൽത്തന്നെയും കമ്മ്യൂണിസ്റ്റു പാർട്ടിക്ക് എത്രകാലമെടുത്തു ഇൻഡ്യ സ്വാതന്ത്ര്യം പ്രാപിച്ചുവെന്നു പറയാൻ. അഞ്ചുകൊല്ലം വരെ ഇരിക്കേണ്ടിവന്നു. ഇൻഡ്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയെന്ന് സോവിയറ്റ് യൂണിയൻ പറഞ്ഞതിനു ശേഷമാണ് നിങ്ങൾ സമ്മതിച്ചത്. നിങ്ങൾക്ക് നാണമുണ്ടോ ദേശീയബോധത്തെക്കുറിച്ച് പറയാൻ? 1962–ൽ ചൈന ഇൻഡ്യയെ ആക്രമിച്ചു. അപ്പോൾ ശ്രീ. നമ്പൂതിരിപ്പാട് ചൈന ചൈനയുടേത് എന്നും ഇൻഡ്യ ഇൻഡ്യയുടേത് എന്നും പറയുന്ന സ്ഥലത്ത് യുദ്ധം നടക്കുമെന്നാണ് പറഞ്ഞത്. ..... (ബഹളം)
..... ഈ രാജ്യത്തെ ഒരു ശത്രുരാജ്യം വന്നാക്രമിച്ചപ്പോൾ ഇങ്ങനെ പറഞ്ഞ നിങ്ങൾക്ക് എന്ത് ദേശീയബോധമാണുള്ളത്? ഈ രാജ്യത്ത് 1950 മുതൽ പഞ്ചവൽസരപദ്ധതികൾ ആരംഭിച്ചു. അപ്പോഴും സോവിയറ്റുയൂണിയൻ പറഞ്ഞപ്പോഴാണ് നിങ്ങൾ പഞ്ചവൽസര പദ്ധതികൾ അംഗീകരിക്കാൻ സമ്മതിച്ചത്. നിങ്ങളെ ഗൈഡുചെയ്യുന്ന സ്ഥലങ്ങൾ വേറെയാണ്. ഞങ്ങളെ ഗൈഡു ചെയ്യുന്നത് ഇൻഡ്യയിൽത്തന്നെയാണ്. ഞങ്ങൾ ഇൻഡ്യയെക്കുറിച്ച് അഭിമാനം കൊള്ളുന്നവരാണ്. ഇൻഡ്യയ്ക്കെതിരായി എന്തുവ

LIBRARY ARCHIVES Kerala Legislative Assembly

ന്നാലും അതിനെ നേരിടാൻ എന്തു ത്യാഗവും സഹിക്കാൻ ഞങ്ങൾ തയ്യാറാണ്. പ്രാദേശികമായ ബുദ്ധിമുട്ടുകൾ ഞങ്ങൾ പറയും; അതിൽ സംശയമില്ല. പ്രാദേശികമായ ബുദ്ധിമുട്ടുകൾ മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് കോൺഗ്രസ്സിന്റെ നേതാക്കൻമാർ മതന്യൂനപക്ഷങ്ങൾക്ക്, ഭരണഘടനയിൽ സംരക്ഷണം നൽകുന്നത്. മതന്യൂനപക്ഷങ്ങൾക്കും ഭാഷാന്യൂനപക്ഷങ്ങൾക്കും പിന്നോക്കം നിൽക്കുന്ന മേഖലകൾക്കും ഏറ്റവും കൂടുതൽ സംരക്ഷണം നൽകുന്ന പാർട്ടിയാണ് കോൺഗ്രസ്സ് പാർട്ടിയെന്ന് ഞങ്ങൾ ഉറച്ചുവിശ്വസിക്കുന്നു. അതുകൊണ്ടുതന്നെയാണ് ഞങ്ങൾ അവരുമായി ഒന്നിച്ച് നിൽക്കുന്നതും. അതിന് യാതൊരു സംശയവുമില്ല. ഞങ്ങൾക്കതിൽ അഭിമാനമേയുള്ളു. 1970–ൽ ഒറ്റയ്ക്കു നിന്ന് 14 സീറ്റുകൾ വാങ്ങിച്ചവരാണ് കേരളാ കോൺഗ്രസ്സുകാർ. 1971–ൽ പാർലമെന്റ് ഇലക്ഷൻ വന്നപ്പോൾ ഇൻഡ്യയിൽ ദേശീയതലത്തിൽത്തന്നെ മുറുകെപ്പിടിച്ചുകൊണ്ടു നിൽക്കുന്ന കോൺഗ്രസ്സുമായി ഒരുമിച്ചു നേരിട്ടു. ഞങ്ങൾ വീണ്ടും കോൺഗ്രസ്സിലേയ്ക്ക് വന്നില്ല. ഞങ്ങളുടെ നിലപാടിൽത്തന്നെ തുടർന്നു. ഞങ്ങൾക്ക് രാഷ്ട്രീയമായി എങ്ങനെ നിലയ്ക്കണമെന്ന കാര്യത്തെക്കുറിച്ച് സി. പി. ഐ. യുടെയും മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും പ്രത്യേക ഉപദേശമൊന്നും വേണ്ട. ഞങ്ങൾ ഞങ്ങളുടെ നിലപാടുതന്നെയെടുക്കും. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഉറച്ച നിലപാടുണ്ട്. സോവിയറ്റ് യൂണിയനും ചൈനയും പറയുന്നതുകേട്ട് നയങ്ങൾ രൂപീകരിക്കുന്നവരല്ല ഞങ്ങൾ. ഞങ്ങൾ ഇൻഡ്യയിൽ ജനിച്ചുവളർന്നവരായതുകൊണ്ട് ഇൻഡ്യയുടെ സംസ്ക്കാരത്തിൽ അടിയുറച്ച് വിശ്വസിക്കുന്നു. ഇൻഡ്യയുടെ അഖണ്ഡതയ്ക്കെതിരായി ഇൻഡ്യയിൽ വർഗ്ഗീയത തലപൊക്കുന്നതിനെതിരായി കേരള കോൺഗ്രസ്സ് എന്നും പടപൊരുതും.

സർ, അവസാനമായി കുവൈറ്റ് യാത്രക്കാരെ സംബന്ധിച്ച് ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. കുവൈറ്റ് പ്രശ്നം സംബന്ധിച്ച് ഒരു മണിക്കൂർ ചർച്ചയുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അതിനെപ്പറ്റി സംസാരിച്ചപ്പോൾ വളരെ ബാലൻസോടുകൂടിത്തന്നെ അതിന്റെ ആമുഖം തുടങ്ങിയെന്നുള്ള കാര്യത്തിൽ എനിക്ക് വളരെ സന്തോഷമുണ്ട്. നമ്മുടെ ആയിരക്കണക്കിന് സഹോദരൻമാർ ജോലി ചെയ്യുന്ന സ്ഥലമാണ് കുവൈറ്റ്. ഇവിടെ വർഗ്ഗീയത കുത്തിപ്പൊക്കാൻ ഇടയാകാത്ത രീതിയിൽ വളരെ സംയമനം പാലിക്കേണ്ട വിഷയമാണെന്നാണ് എനിക്ക് പറയുവാനുള്ളത്. ഇവിടെ അനധികൃതമായി വന്നിട്ടുള്ളവരെ സ്വീകരിച്ചതോ അല്ലെങ്കിൽ ഇവിടെ യാത്ര ചെയ്തതോ ശരിയാണെന്ന അഭിപ്രായമെനിക്കില്ല. എന്നാലും ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം അല്പം സംയമനം പാലിച്ചില്ലെങ്കിൽ അത് വളരെ ഭീഷ്യങ്ങൾ വരുത്താൻ സാദ്ധ്യതയുണ്ട്. ഈ അവസരത്തിൽ ഈ ഉപധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

[ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. നമ്മുടെ സെക്രട്ടേറിയറ്റ് മറ്റൊരു സെൻട്രൽ ജയിലാണ്. ബോർഡില്ലെന്നു മാത്രമേയുള്ളു. ബോർഡില്ലാത്ത ഏക സർക്കാർ സ്ഥാപനം നമ്മുടെ സെക്രട്ടേറിയറ്റ് മാത്രമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇതിനകത്ത് കള്ളൻമാരും കൊള്ളക്കാരും കൊലയാളികളും രാജ്യദ്രോഹികളുമുണ്ട്. ഇവിടെ തുറന്ന ജയിലിൽ പത്തൊൻപതു പേരാണ്. അതിൽ മൂന്നു പേർ പരോളിൽ ഇറങ്ങിയിരിക്കയാണ്. ഇൻഡ്യയുടെ മോചനം ഇസ്ലാമിലൂടെ ഇസ്ലാമിന്റെ അന്ത്യം ഇൻഡ്യയിൽ. ഇതിന് ആക്കം കൂട്ടിയ രാജ്യദ്രോഹികളായ മന്ത്രിമാരെ കൽത്തുറുങ്കിലടയ്ക്കണം. അവരെ മുക്കാലിയിൽ കെട്ടി അടിക്കുകയും വേണം. വ്യാജ സർട്ടിഫിക്കറ്റുകളുണ്ടാക്കി രാഷ്ട്രീയ സ്വാധീനത്തിൽ ഉദ്യോഗം നേടിയ സർവ്വീസിൽ ഇരിക്കുന്ന നിരവധി താപ്പാനകളും ഈ സെക്രട്ടേറിയറ്റിലുണ്ട്. കരകൗശല വികസന കോർപ്പറേഷന്റെ പേഴ്സണൽ ആൻഡ് അഡ്മിനിസ്ട്രേറ്റീവ് മാനേജർ ശ്രീ. എൻ. ശങ്കരൻ നായരുടെ സർട്ടിഫിക്കറ്റുകളും മാർക്ക് ലിസ്റ്റുകളും എല്ലാം വ്യാജമാണ്. കരകൗശലത്തിലെ അഴിമതിയിലൂടെ പ്രൊമോഷൻ നേടിയ മാന്യനാണ് അദ്ദേഹം. മദ്രാസ് സർവ്വകലാശാലയുടെ ബി. എസ്. സി. സർട്ടിഫിക്കറ്റ്, കൽക്കട്ടാ സർവ്വകലാശാലയുടെ എൽ. എൽ. ബി., എം. കോം ഡിപ്ലോമ ഇൻ മാനേജ്മെന്റ് സർട്ടിഫിക്കറ്റുകളും, കൽക്കട്ടാ സർവ്വകലാശാലയുടേതായി നൽകിയ എൽ. എൽ. ബി. അവസാന വർഷ പരീക്ഷയുടെ മാർക്ക് ലിസ്റ്റ് ഇവയെല്ലാം വ്യാജമാണ്. 1967 ജൂണിൽ ഇയാൾ എൽ. എൽ. ബി. പാസായതായ സർട്ടിഫിക്കറ്റാണ്. മാർക്ക് ലിസ്റ്റ് 1968-ൽ നടത്തിയ പരീക്ഷയുടേയും. ഇവയുടെയെല്ലാം ഫോട്ടോസ്റ്റാറ്റ് കോപ്പിയാണ് ഇത്. സംശയമുണ്ടെങ്കിൽ ഇതെടുത്ത് പരിശോധിക്കണം. ഈ സർട്ടിഫിക്കറ്റിൽ സീലില്ല, ഒപ്പില്ല, ഒരു ഇനിഷ്യലുപോലുമില്ല. ഇതിന് മന്ത്രി കൂട്ടുനില്ക്കുകയാണ്. ലക്ഷക്കണക്കിന് രൂപയുടെ അഴിമതിയാണ് ഈ വ്യാജ സർട്ടിഫിക്കറ്റുകളുടെ പിറകിൽ നടന്നിരിക്കുന്നത്. ഇതിനെക്കുറിച്ച് അന്വേഷണം നടത്തുവാൻ സർക്കാർ തയ്യാറുണ്ടോ? മുഖ്യമന്ത്രി തയ്യാറുണ്ടോ? ഞാൻ ഈ ഫോട്ടോ സ്റ്റാറ്റുകളുടെ കോപ്പി മേശപ്പുറത്തു വയ്ക്കുകയാണ്. സെക്രട്ടറിയറ്റിൽ ആരും ജോലി ചെയ്യുന്നില്ല. കഴിഞ്ഞ ജനുവരി മാസം 31-ാം തീയതിവരെ തൊണ്ണൂറായിരം ഫയലുകൾ ചുവപ്പുനാടയിൽ കുരുങ്ങി ശ്വാസം മുട്ടിക്കിടക്കുകയാണ്. രണ്ടു കൊല്ലം കഴിഞ്ഞ് ഫയലുകൾ എണ്ണായിരത്തോളമുണ്ട്. ഏറ്റവും കൂടുതൽ വിദ്യാഭ്യാസവകുപ്പിലാണ്. ഇത് ഞാൻ പറയുന്നതല്ല, മുഖ്യമന്ത്രിതന്നെ പറഞ്ഞതാണ്. സർക്കാർ ആഫീസ് ഡയറി രാഷ്ട്രീയക്കാരുടെ വിഹാര കേന്ദ്രമായി മാറിയിരിക്കുകയാണ്. ഇവിടെ അധികാര വികേന്ദ്രീകരണത്തിന് തുരങ്കം വച്ചു. ഇവിടത്തെ ഡി. പി. ഐ. ആഫീസിൽ പത്തു ശതമാനമാണ് കൈക്കൂലി വാങ്ങുന്നത്. വർഷങ്ങളോളം ഫയലുകൾ പൂഴ്ത്തിവച്ച് നൂറു കണക്കിന് അദ്ധ്യാപകരെ കഷ്ടപ്പെടുത്തുകയാണ്. അതിന് അറുതി വരുത്തണം. ഈ വക കാര്യങ്ങളെക്കുറിച്ച് അന്വേഷണം നടത്താൻ സർക്കാർ തയ്യാറാകണം. ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ ശക്തിയായി എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. വാസുദേവമേനോൻ: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഈ ഉപധനാഭ്യർത്ഥനകളും നമ്മുടെ മന്ത്രിമാർക്കും സംസ്ഥാനത്തിന്റെ ഭരണ തലവൻമാർക്കും എല്ലാം വേണ്ടി ചെലവഴിച്ചതും അതുപോലെതന്നെ കൃഷി, ആഭ്യന്തരം തുടങ്ങിയ വകുപ്പുകൾക്കുവേണ്ടി കൂടുതലായി ചെലവഴിച്ചതുമായ തുകയാണ്. നമ്മുടെ രാജ്യത്ത് ബഡ്ജറ്റ് പാസാക്കിക്കൊടുക്കുന്ന തുകകളും എങ്ങനെ ചെലവഴിച്ചുവെന്ന് ഇന്ന് ഈ രാജ്യത്തെ സ്ഥിതി തന്നെ പരിശോധിച്ചു നോക്കിയാൽ കാണാൻ സാധിക്കും. ഇവിടെ വളരെ ഗംഭീരമായിട്ട് ഈ ഗവൺമെന്റിന്റെ നേട്ടങ്ങളെക്കുറിച്ച് പറയുന്ന സന്ദർഭത്തിൽ രാജ്യത്ത് ഏറ്റവും ഗൗരവതരമായ സ്ഥിതി ഉണ്ടായിരിക്കുന്നുയെന്ന കാര്യം കാണാൻ ഗവൺമെന്റ് കൂട്ടാക്കിയില്ല. ഇവിടെയുള്ള കാലാവസ്ഥാ നിരീക്ഷകൻമാർ അടക്കം ശാസ്ത്രജ്ഞൻമാർ ഈ ഗവൺമെന്റിന് ഇപ്പോഴും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഈ വർഷം നമ്മുടെ കാലവർഷം വളരെ വൈകിയേ തുടങ്ങൂവെന്ന് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഇന്നത്തെ പത്രത്തിൽ ഉണ്ട്, നമ്മുടെ കുളങ്ങളും കിണറുകളുമെല്ലാം വറ്റി വരണ്ടിരിക്കുന്നുയെന്ന്. ഇവിടെ റവന്യൂ വകുപ്പുമന്ത്രി ഇതു പറഞ്ഞ സമയത്ത് വരൾച്ച ഉണ്ടായിട്ടുണ്ട്, ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നു പറഞ്ഞു. ഇത്രയും വലിയ ഒരു വരൾച്ചയെ നേരിടുന്നതിനു വേണ്ടി ഈ ഗവൺമെന്റ് ഗൗരവതരമായി ചിന്തിച്ചിട്ടുണ്ടോ? ഈ കാര്യത്തെ സംബന്ധിച്ച് എന്തെങ്കിലും സത്വരമായ നടപടികളും എടുത്തതായി കാണാൻ സാധിച്ചിട്ടില്ല. ഈ രാജ്യത്ത് എന്തൊപത്തുണ്ടായാലും ശരി അതൊന്നു പരിഹരിക്കാതെ ഏതെങ്കിലും തരത്തിൽ ഗവൺമെന്റ് തട്ടികൂട്ടി നിലനിൽക്കുകയാണ് ചെയ്യുന്നത്. ഈ രാജ്യത്തെ ആകെ ബാധിക്കുന്ന വരൾച്ച പോലെയുള്ള കാര്യങ്ങളെ സംബന്ധിച്ചുപോലും ആലോചിക്കുവാൻ ഈ ഗവൺമെന്റ് ശ്രദ്ധിക്കുന്നില്ല.

സർ, നമ്മുടെ മുഖ്യമന്ത്രി ഇന്നലെ ഇവിടെ പറഞ്ഞ കാര്യം ഏറ്റവും വലിയ രാജ്യദ്രോഹപരമായിട്ടുള്ള കാര്യമല്ലേ? ബഹുമാനപ്പെട്ട കരുണാകരനോട് എനിക്കു ചോദിക്കുവാനുള്ളത്, ഇൻഡ്യാ—ചൈന അതിർത്തിത്തർക്കത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട കരുണാകരന്റെയും ഇൻഡ്യൻ നാഷണൽ കോൺഗ്രസിന്റെയും അഭിപ്രായമെന്താണ്? കോൺഗ്രസുകാർക്കാർക്കെങ്കിലും പറയാനുണ്ടോ? ഇതാണോ നിങ്ങളുടെ അഭിപ്രായം? അതായത്, അതിർത്തി വെട്ടിപ്പിടിക്കണമെന്നുള്ള അഭിപ്രായമാണോ? തർക്കപ്രദേശങ്ങളെല്ലാം സൈന്യത്തെയയച്ച് വെട്ടിപ്പിടിക്കണമെന്നുള്ളതാണോ നിങ്ങളുടെ അഭിപ്രായം? ഈ അഭിപ്രായം ഇൻഡ്യാ ഗവൺമെന്റ് മാറ്റി അതിർത്തിത്തർക്കം രമ്യമായി പരിഹരിക്കണമെന്നും കൂടിയാലോചനയിലൂടെ പരിഹരിക്കണമെന്നും രമ്യതയിലും സൗഹാർദ്ദത്തിലും പരിഹരിക്കേണ്ടതാണെന്നും ഉള്ള നയം ഇൻഡ്യാ ഗവൺമെന്റ് അംഗീകരിച്ചിരിക്കുന്നു. ഇവിടെ കോൺഗ്രസ് (ഐ)

LIBRARY ARCHIVES Kerala Legislative Assembly

യുടെ അഭിപ്രായമെന്താണ്? ഇവിടെയുള്ള ഘടകകക്ഷികൾക്കുവേണ്ടി മാറി പ്പറയുകയാണോയെന്നെനിക്കറിയില്ല. ശ്രീ. നമ്പൂതിരിപ്പാട് പറഞ്ഞതാണ് ശരി യെന്നു ഇൻഡ്യാ ഗവൺമെൻറും ശ്രീമതി ഇന്ദിരാഗാന്ധിയും ശ്രീ. രാജീവ് ഗാന്ധിയുമെല്ലാം പറഞ്ഞശേഷം ഇവിടെ മുഖ്യമന്ത്രി പറയുന്നത് നമ്മളു മായി സൗഹാർദ്ദത്തിൽ കഴിയുന്ന അയൽ രാജ്യങ്ങളുമായി യുദ്ധം പ്രഖ്യാപിക്കണമെന്നാണോ? അതാണോ ചൈനയെ സംബന്ധിച്ചിടത്തോള മുള്ള ഞങ്ങളുടെ അഭിപ്രായം എടുത്തുകാണിച്ചു ഇങ്ങനെ പുച്ഛരി ക്കുന്നതെന്ന്. വ്യക്തമാക്കി തരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

അതുപോലെതന്നെ ഇവിടെ പറഞ്ഞ വേറൊരു കാര്യമുണ്ട്. ഇവിടെ ശ്രീ. ഇ. എം. എസ്. ഭരിക്കുന്ന സമയത്ത് കിടന്നുറങ്ങുന്നവരുടെ തല റോഡിൽ കണ്ടുവെന്നുപറഞ്ഞു. അത് അന്നത്തെ നക്സലൈറ്റുകളെ സംബന്ധിച്ച് പറയുകയായിരുന്നു. നക്സലൈറ്റ് സമ്പ്രദായത്തെ സംബന്ധിച്ചുള്ള ആ ശയപരമായ എതിർപ്പിനു പുറമേ ആ ഗവൺമെൻറ് ഇരിക്കുന്ന സമയത്തു തന്നെ ശക്തമായ നടപടിയെടുത്തിട്ടുണ്ട്. നമ്മുടെ ബഹുമാന്യനായ മുഖ്യമന്ത്രി എപ്പോഴും വാഴ്ത്തിപ്പറയുന്ന ഇന്ദിരാജി രാജ്യം ഭരിച്ചു കൊണ്ടിരുന്നപ്പോഴാ സ്വന്തം വീട്ടിൽ വച്ച് അവരെ വെടിവച്ച് വീഴ്ത്തിയത് നമ്പൂതിരിപ്പാട് ഭരിച്ചിരുന്നതുകൊണ്ടാണോ? അത്തരത്തിലുള്ള ഒരു സ്ഥി തിവിശേഷം, പ്രധാനമന്ത്രിക്കു പോലും രക്ഷയില്ലാത്ത ക്രൂരമായ ഒരു സ്ഥിതി ഈ രാജ്യത്തുണ്ടായത് ശ്രീ. നമ്പൂതിരിപ്പാട് ഭരിച്ചതുകൊണ്ടു ണ്ടായ ദോഷമാണോ? ബഹുമാനപ്പെട്ട തങ്കച്ചൻ പ്രസംഗിക്കുന്ന സമയത്ത് അത് വ്യക്തമാക്കിയാൽ തരക്കേടില്ല. ശ്രീ. നമ്പൂതിരിപ്പാട് ഭരി ക്കുന്ന സമയത്ത് കിടന്നുറങ്ങുന്നവരുടെ തല കാണുകയില്ലായെന്നു ഇവിടെ പറഞ്ഞല്ലോ? ബഹുമാന്യയായ ഇന്ദിരാജിയുടെ ജീവൻപോലും, അവരുടെ സ്വന്തം വീട്ടിൽവച്ച് സ്വന്തം കാവൽക്കാർ തന്നെ അപഹരിച്ചത് ശ്രീ. നമ്പൂ തിരിപ്പാട് ഭരിച്ചതുകൊണ്ടാണോ? അതുപോലെതന്നെ പഞ്ചാബിൽ പതിനായിരക്കണക്കിനു ആളുകൾക്ക് ജീവൻ ബലിയർപ്പിക്കേണ്ടിവന്നത് ശ്രീ. നമ്പൂതിരിപ്പാട് ഭരിച്ചതുകൊണ്ടാണോ?

ശ്രീ. ഒ. ഭരതൻ: നമ്മുടെ ഇൻഡ്യൻ പ്രധാനമന്ത്രിയായിരുന്ന ശ്രീമതി ഇന്ദിരാഗാന്ധിയുടെ വധത്തെ തുടർന്ന് ഡൽഹി തെരുവീഥികളിൽ സിക്കു കാരുടെ തലയ്ക്ക് ജനാധിപത്യപരമായി മണ്ണെണ്ണ ഒഴിക്കുകയും മതേതരത്വ പരമായി തീകൊളുത്തുകയും ചെയ്തതിനെത്തുടർന്ന് ഡൽഹി തെരുവീഥി കളിലൂടെ തലയ്ക്കും താടിക്കും തീപിടിച്ചോടിയ കാര്യം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. സി. വാസുദേവമേനോൻ: ഡൽഹിയിലായതുകൊണ്ട് ജനാധിപത്യപര മായി അങ്ങനെ ചെയ്യാൻ കഴിയും. പക്ഷേ ഇവിടെ ജനാധിപത്യപരമയ രീതിയിൽ ആശുപത്രിയിൽ ചികിൽസയ്ക്കു പോയിട്ടുള്ള ആളുകളെ മരത്തിൽ കെട്ടിയിട്ട് പട്ടിയെ തല്ലുന്നതുപോലെ പരസ്യമായി പച്ചയ്ക്കു അടിച്ചു കൊല്ലാനേ കഴിയൂ. ജനാധിപത്യപരമായി ഇവിടെ അത്രയും നട ത്താനുള്ള കെൽപ്പില്ലാത്തതുകൊണ്ടാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ ഞങ്ങൾ വർഗ്ഗീയ വാദികളേയും സാമുദായിക വാദികളേയും എതിർക്കുന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട അബ്ദുബേക്കർ ഇന്നലെ ഇവിടെ പറഞ്ഞു. അദ്ദേഹം നൃപൻ ചക്രവർത്തിയെ കാണാൻ പോയ കാര്യവും ഇവിടെ പറഞ്ഞു. നൃപൻ ചക്രവർത്തി പത്തുലക്ഷം രൂപ വക്കഫ് ബോർഡിന് ഗ്രാന്റ് അനുവദിച്ചുകൊടുത്തു എന്നത് സത്യമാണ് ഞങ്ങൾ അതൊന്നും നിഷേധിക്കുന്നില്ല. പക്ഷേ അദ്ദേഹം ഒരുകാര്യം പറഞ്ഞു. ഇൻഡ്യയും പാക്കിസ്ഥാനും ആയിട്ട് യുദ്ധമുണ്ടായപ്പോൾ മാതൃരാജ്യത്തോട് ദേശസ്നേഹപരമായ നിലപാടെടുത്തിട്ടുള്ള ഞങ്ങളെയാണോ വർഗ്ഗീയ വാദികളൊണു പറയുന്നത് എന്നു ചോദിച്ചു. ശ്രീ. അബ്ദുബേക്കർ മറന്നുപോയോ, നിങ്ങൾ ഈ നിലപാടെടുക്കുന്ന സമയത്ത് നിങ്ങളെ 'പിണ്ടി–പീക്കിംഗ് ഏജന്റ്' എന്നാണ് വിളിച്ചത്. രാജ്യത്ത് മുസ്ലിമായിട്ടുള്ള മുറുക്കാൻ കടക്കാർക്കുപോലും രക്ഷയില്ലാത്ത ഒരു സ്ഥിതിവന്നപ്പോൾ അതിന്റെ നേരെനോക്കി അതിനെ പ്രതിഷേധിക്കാൻപോലും നട്ടെല്ലില്ലാത്തവരായിരുന്നു നിങ്ങൾ. മുസ്ലിങ്ങളെ സംബന്ധിച്ചിടത്തോളം ആപത്തു വരുന്നുവെന്നുപറഞ്ഞപ്പോൾ അതിനെ ഏറ്റെടുത്തുകൊണ്ട് രാജ്യമാസകലം ഓടിനടന്ന് മുസ്ലീങ്ങളുടെ പൗരാവകാശ മടക്കം അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി സഖാവ് നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലാണ് ശക്തമായ പ്രക്ഷോഭണമാരംഭിച്ചത്. അതിന്റെ ഫലമാണ് 1965–ൽ ഉണ്ടായ തെരഞ്ഞെടുപ്പിന്റെ ഫലം. ഇപ്പോൾ അവിടെയാണ് തൊഴുത്ത് എന്നതുകൊണ്ട് പഴയതെല്ലാം സൗകര്യപൂർവ്വം മറന്നുകളഞ്ഞു; അന്നാക്ഷേപിച്ചതെല്ലാം മറന്നുകളഞ്ഞു.

നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കം, നമ്മുടെ രാജ്യം അംഗീകരിക്കപ്പെട്ട തത്വങ്ങൾക്കെതിരായി സാംസാരിക്കുന്നതുകേട്ടപ്പോൾ ഇവിടെ നടന്നുവെന്ന് പറയുന്നതിൽ ആർക്കാണ് പങ്ക്; ഒന്നോ രണ്ടോ ആളുകൾക്കു മാത്രമാണോ? ആർക്കെല്ലാം പങ്കുണ്ടെന്നുള്ളതിനെക്കുറിച്ച് അന്വേഷിക്കുമ്പോൾ വെളിച്ചത്താകും. അതിനെക്കുറിച്ച് ഇവിടെ ചർച്ചചെയ്യുന്നതുകൊണ്ട് ഞാൻ കൂടുതലൊന്നും സംസാരിക്കുന്നില്ല.

നേട്ടങ്ങളെ സംബന്ധിച്ച് പറയുന്ന സന്ദർഭത്തിൽ കുറെക്കാര്യങ്ങൾ പറയുകയുണ്ടായി. കേരളാ കോൺഗ്രസ് അദ്ധ്വാന വർഗ്ഗത്തിന്റെ ആളുകളാണ്. അവർ തോട്ടം കർഷകർക്കുവേണ്ടിയാണ് വാദിക്കുന്നത് എന്നാണ് പറയുന്നത്. നെൽക്കൃഷിക്കു പുറപ്പെട്ടാൽ കെട്ടുതാലിവരെ പറിച്ചു വിൽക്കേണ്ടിവരും. അതാണ് കേരളത്തിന്റെ സ്ഥിതി എന്നു ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

ടി. എസ്. ജോണിന്റെ പത്രമായ 'മലയാളമനോരമ' പറഞ്ഞിരിക്കുന്നു. എ ഡിറ്റോറിയലാണ്. നെൽക്കൃഷിക്കു പുറപ്പെട്ടവൻ വാസ്തവത്തിൽ ക്രിമിനൽ പുള്ളിയാണ്. ഡാമിൽ പോലും വെള്ളമില്ലാതെ വരൾച്ച ബാധിച്ച അവസരത്തിൽ പോലും ഇറിഗേഷൻ ടാക്സ് ചുമത്തി. ഇറിഗേഷൻ ടാക്സ് അടച്ചില്ലെങ്കിൽ അതിന് ജപ്തി, അവരുടെമേൽ നടപടി. ആ നടപടികളും നിറുത്തിവയ്ക്കുവാനുള്ള സൻമനസുപോലും നിങ്ങൾ കാണിച്ചില്ല. എങ്ങനെ നെൽക്കൃഷി കുറയാതെയിരിക്കും? ലാൻറ് യൂട്ടിലൈസേഷനെ സംബന്ധിച്ച് പറഞ്ഞപ്പോൾ ശ്രീ. എ. .എൽ. ജേക്കബ് ഇവിടെ നെൽക്കൃഷി കുറഞ്ഞു വരുന്നതിനെ സംബന്ധിച്ച് പറഞ്ഞു. എങ്ങനെ കുറയാതെയിരിക്കും? നെൽക്കൃഷി ചെയ്യുന്നവൻ കുറ്റക്കാരനാണ്. ക്രിമിനൽ പുള്ളിയാണ്. അതുകൊണ്ട് ആ ആക്ടിൽ ഭേദഗതിവരുത്തുന്ന സമയത്ത് അതേക്കുറിച്ച് പറയാം. ഈ തരത്തിലാണ് കേരളത്തിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്ന് മനസ്സിലാക്കണം.

കേരളം എന്നു പറഞ്ഞാൽ കേരവൃക്ഷങ്ങൾ വളരുന്ന സംസ്ഥാനമാണ്. അതിന്റെ ഉൽപ്പാദനം കുറയുന്നുവെന്നു മാത്രമല്ല ഉൽപ്പാദിപ്പിക്കപ്പെടുന്ന നാളികേരത്തിനു വിലയില്ലാതെ കർഷകർ അങ്ങേയറ്റം ഞെളിപിരികൊള്ളുകയാണ്,' അങ്ങനെയാണ് 'മലയാള മനോരമ' എഴുതിയിരിക്കുന്നത്. എന്തു പറയുന്നു നിങ്ങളുടെ ഭരണത്തെ സംബന്ധിച്ച്? നാലുവർഷം ഭരിച്ചു ഇനിയും ഞങ്ങൾ കാലാവധി പൂർത്തിയാക്കും എന്നാണ് പറയുന്നത്. പക്ഷേ ആ ഭരണത്തിൽ കാർഷിക രാജ്യമായ കേരളത്തിലെ ബഹുഭൂരിപക്ഷം വരുന്ന കർഷകരെ' സംബന്ധിച്ചിടത്തോളം ഉള്ള സ്ഥിതിയെന്താണ്? നെൽക്കൃഷി ചെയ്യാൻ പറ്റുന്നില്ല. നാളികേരത്തിന്റെ ഉൽപ്പാദനം കുറയുന്നു. ഉൽപ്പാദിപ്പിക്കപ്പെടുന്ന നാളികേരത്തിനു വിലയില്ല. എന്നാൽ ഇപ്പോൾ കേരളത്തിന്റെ സമ്പദ് വ്യവസ്ഥ എന്താണ് ?

വ്യവസായത്തിന്റെ സ്ഥിതിയെന്താണെന്നു പറയാമോ? നമ്മുടെ ഏറ്റവും വലിയ ഫാക്ടറിയായിരുന്ന മാവൂർ റയോൺസ് ഫാക്ടറി പൂട്ടിയിട്ട് എത്രവർഷമായി? അയ്യായിരം ആളുകൾക്ക് ജോലിയുണ്ടായിരുന്നതാണ് അവിടെ. അത് ഇതുവരെ തുറക്കാൻ സാധിച്ചോ? പെരുമ്പാവൂർ റയോൺസ് ഫാക്ടറിയുടെ സ്ഥിതിയെന്താണ്? ആയിരം ആളുകൾക്കു ജോലി ഉണ്ടായിരുന്ന ഫാക്ടറിയാണ്. ഇന്നിവിടെ ഭരണപക്ഷത്തുനിന്നുണ്ടായ ഒരു ശ്രദ്ധക്ഷണിക്കലിൽ പറഞ്ഞ റൂബി റബ്ബർ വർക്കസ് സുമാർ നാനൂറോളം ആളുകൾക്കു ജോലിയുണ്ടായിരുന്നതായ ഒരു ഫാക്ടറിയായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കൈത്തറി വ്യവസായത്തെ സംബന്ധിച്ച് പറഞ്ഞാൽ, ആ വ്യവസായത്തിനു കൊടുക്കേണ്ട റിബേറ്റ് പോലും കൊടുക്കാതെയിരിക്കുകയാണ്. രാജഗോപാലാചാരിയുടെ കാലം മുതൽ നാളിതുവരെ കൈത്തറിക്കു റിബേറ്റ് കൊടുത്തുകൊണ്ടിരുന്നതാണ്. ആ റിബേറ്റ് സംഖ്യപോലും തിരിച്ചു കൊടുക്കാൻ നിങ്ങൾക്കു കഴിഞ്ഞോ? നിങ്ങൾ അവരെ വലുതായൊന്നും സഹായിക്കേണ്ട. അവർക്ക് കൊടുക്കാനുള്ള ആനുകൂല്യങ്ങൾ ഇൻഡ്യാ ഗവൺമെന്റ് നൽകുന്ന ആനുകൂല്യമാണ്. നിങ്ങൾ എന്ത് അഭിവൃദ്ധിയാണ് ഈ രാജ്യത്തുണ്ടാക്കിയത്?

ഈ രാജ്യത്തെ രണ്ടു പൊതുമേഖലാ സ്ഥാപനങ്ങളാണ്, ഇലക്ട്രിസിറ്റി ബോർഡും ട്രാൻസ്പോർട്ട് കോർപ്പറേഷനും. ഇലക്ട്രിസിറ്റി ബോർഡിനെ സംബന്ധിച്ച് പത്രത്തിൽ വന്നതു വായിച്ചാൽ വളരെ ദുരിതമാണ്. ഏതാണ്ട് ഇരുനൂറോളം മോട്ടോറുകൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ നിന്നും കടം വാങ്ങി ജലസേചനം നടത്തുന്നതിന് അൻപതിനായിരവും ഒരുലക്ഷവും ഒക്കെ മുടക്കി കിണർകുഴിച്ച് അതിൽനിന്നും ഉള്ള വെള്ളമുപയോഗിച്ച് കൃഷിനടത്തിവരുന്ന ആളുകൾ അതിന്റെ പലിശ കൊടുക്കുന്നതിനടക്കം വിഷമിക്കുകയാണ്. അവർക്ക് ഇന്ന് വോൾട്ടേജ് കുറവായതുകൊണ്ട് ആ മോട്ടോറുകൾ വർക്ക് ചെയ്യിപ്പിക്കുവാൻ സാധിക്കുന്നില്ല. ഇത് ഏതെങ്കിലും ഒരു പ്രദേശത്തെ കാര്യം എന്നു പറഞ്ഞ് തള്ളിക്കളയരുത്. ഇത് പൊതുവായിട്ടുള്ള സ്ഥിതിയാണ്.

അതുപോലെയുള്ള ഒരു മഹാ തട്ടിപ്പാണ് ഈ സ്ലാബ് സിസ്റ്റം. ഉപയോഗിക്കാത്ത കറന്റിന് ചാർജ് ഈടാക്കുന്നു എന്നു പത്രത്തിൽകണ്ടു അപ്പോൾ ഇതുവരെ ചെയ്തത് ഉപയോഗിക്കാത്ത കറന്റിനു ചാർജ് വസൂലാക്കുകയായിരുന്നു. നമ്മുടെ നാട്ടിലെ പൊതുമേഖലാസ്ഥാപനങ്ങൾ ജനങ്ങൾക്ക് നൽകാനുദ്ദേശിക്കുന്ന പ്രയോജനം നൽകുന്നില്ല. അവ ആരു വിചാരിച്ചാലും നന്നാകുകയുമില്ല. അവിടെയെല്ലാം രാഷ്ട്രീയ വ്യവസായമാണ് നടക്കുന്നത്. പിന്നെ എങ്ങനെയാണ് നന്നാകുന്നത്?

വിദ്യാഭ്യാസമേഖലയെ സംബന്ധിച്ച് പറയുകയാണെങ്കിൽ ഒരു വർഷത്തിൽ വെറുതെയിരിക്കുന്ന അദ്ധ്യാപകർക്കായി അഞ്ചുകോടിരൂപ കൊടുക്കും. സ്കൂൾ അനുവദിക്കുന്നതു സംബന്ധിച്ച ഒരു സർവ്വേ റിപ്പോർട്ട് മുൻപുണ്ടായിരുന്നു. ആ സർവ്വേ റിപ്പോർട്ട് പോലും നോക്കാതെയാതൊരു ലക്കും ലഗാനുമില്ലാതെ ഗവൺമെന്റ് സ്കൂളിന്റെ പരിസരത്തും, മറ്റു സ്കൂളുകളുടെ പരിസരത്തും പുതിയ സ്കൂളുകൾ കൊടുത്തു. അതിന്റെ ഫലമായി സ്കൂളിൽ കുട്ടികൾ കുറയുന്നു. അദ്ധ്യാപകർക്ക് ജോലിയില്ലാതെയാകുന്നു. അവരുടെ താൽപ്പര്യം സംരക്ഷിക്കുന്നു. ഈ റ ജ്യത്ത് സ്കൂൾ വ്യവസായം നടത്തുന്നതിനുവേണ്ടി, സാമുദായികവും

LIBRARY ARCHIVES Kerala Legislative Assembly

രാഷ്ട്രീയവും വർഗ്ഗീയവുമായ വ്യവസായം നടത്തുന്നതിനുവേണ്ടി പൊതു ജനാവിൽ നിന്നും പണം ധൂർത്തടിക്കുന്നു. അതുകൊണ്ടാണ് ഞാൻ ഇതിനെ എതിർക്കുന്നത്. ഒരൊറ്റ മതത്തോടും ഒരൊറ്റ സമുദായത്തോടും യാതൊരു വിദ്വേഷവും ഞങ്ങൾക്കില്ല. ഇവിടെ ഇന്ന് മുസ്ലിമിന് ഒരു ഭരണം ഹിന്ദുവിന് ഒരു ഭരണം. അതുപോലെ ഓരോ ജാതിക്കും ഓരോ ഭരണം. അതുണ്ടാക്കി ഈ രാജ്യത്തെ ചിന്നഭിന്നമാക്കരുത്. അതിനു വേണ്ടി പ്രോൽസാഹനം കൊടുത്തതിന്റെ ഫലമാണ് ഇന്നു പഞ്ചാബിലും ആസ്സാമിലും അനുഭവിച്ചുകൊണ്ടിരിക്കുന്നത്. അതുപോലെ ഈ സംസ്ഥാനത്തേയും അപകടത്തിലാക്കരുത്. ഇത്തരത്തിലുള്ള വർഗ്ഗീയവും സാമുദായികവുമായിട്ടുള്ള ശക്തികളെ വളർത്തി അവർക്കുവേണ്ടി ഭരിച്ചതിന്റെ ഫലമാണ്, ഇൻഡ്യാ ഗവൺമെന്റ് ഇത്തരം കാര്യങ്ങളെ പിന്താങ്ങുന്നു എന്നുള്ളതിന്റെ ലക്ഷണമാണ് അടുത്തകാലത്ത് കൊണ്ടുവന്നിരിക്കുന്ന ബിൽ. അതുകൊണ്ട് ഇത്തരത്തിൽ രാജ്യത്തിന് അപകടം വരുത്തുന്ന, ജനങ്ങളുടെ താൽപ്പര്യം അമ്പേ കളഞ്ഞുകുളിക്കുന്ന, ഭരണം നടത്തുന്ന ഈ ഗവൺമെന്റിന്റെ സപ്ലിമെന്ററി ഡിമാന്റിനെ ഞാൻ എതിർക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, ജനോപകാരപ്രദമായ പല പരിപാടികളും ചെയ്തുകൊണ്ടിരിക്കുന്ന ഈ ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. പ്രതിപക്ഷങ്ങളും ഇവിടെ ധനാഭ്യർത്ഥനകളേയും മറ്റും തുടരെത്തുടരെ എതിർത്തുകൊണ്ടിരിക്കുന്നതിൽ എനിക്ക് സങ്കടമുണ്ട്. യാതൊരു തത്വദീക്ഷയുമില്ലാത്ത അവസരവാദപരമായ രാഷ്ട്രീയസമീപനം സ്വീകരിച്ച ഇത്രമാത്രം പാപ്പരായ ഒരു പ്രതിപക്ഷം കേരളത്തിന്റെ ചരിത്രത്തിൽ ഇന്നുവരെ ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണ്. പ്രതിപക്ഷ കക്ഷികളും നേതാക്കൻമാരും എന്തൊക്കെ കാരണങ്ങളാണോ ഗവൺമെന്റിനെ എതിർക്കാൻ പറയുന്നത് ആ കാരണങ്ങൾക്ക് കടകവിരുദ്ധമായിട്ടുള്ള നടപടികളാണ് കഴിഞ്ഞ കാലങ്ങളിലൊക്കെ അവരുടെ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. കഴിഞ്ഞ രണ്ടുമൂന്നു ദിവസം ചർച്ച ചെയ്യപ്പെട്ട കാര്യങ്ങളിലേയ്ക്കൊന്നും കടക്കാൻ ഞാനാഗ്രഹിക്കുന്നില്ല. ഇവിടെ ബഹുമാനപ്പെട്ട ഒരംഗം പറഞ്ഞു, സഹകാര്യമേഖലയിൽ കൂടുതൽ സ്കൂളുകളനുവദിക്കുന്നു, വിദ്യാഭ്യാസ കച്ചവടം നടക്കുന്നു എന്നൊക്കെ. 1980—ലെ ശ്രീ. നായനാർ ഗവൺമെന്റിന്റെ കാലത്താണ് സഹകാര്യമേഖലയിൽ ഏറ്റവും മധികം വിദ്യാലയങ്ങൾ നൽകുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചത്. ബഹുമാനപ്പെട്ട ബേബിജോൺ അന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്നു.

മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടി കേരളത്തിലേയും ഇൻഡ്യയിലേയും പ്രധാന പ്രതിപക്ഷ കക്ഷിയാണ്. ഇൻഡ്യയിലെ പ്രതിപക്ഷ ഐക്യശ്രമങ്ങളെയെല്ലാം ഓരോ സന്ദർഭത്തിലും പരാജയപ്പെടുത്തിയത്, തകിടം മറിച്ചത് മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയായിരുന്നു. ഏതൊക്കെ സന്ദർഭത്തിൽ ഇൻഡ്യയിൽ പ്രതിപക്ഷ ഐക്യശ്രമങ്ങൾ നടത്തിയോ അപ്പോഴൊക്കെ ഇൻഡ്യയിൽ ഒരിക്കലും നടപ്പാക്കാൻ സാധിക്കാത്ത തത്വവാദങ്ങൾ ഉന്നയിച്ചുകൊണ്ട് അതിനെ പരാജയപ്പെടുത്താനാണ് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റു പാർട്ടി മുന്നോട്ടു വന്നിട്ടുള്ളത്. കേരളത്തിലും അതാണ് സ്ഥിതി. ഈ മുന്നണിയിലുള്ള കക്ഷികളുടെ അഭിപ്രായങ്ങളെ മാനിക്കാതെ അവരുടെ തനതായ സ്വഭാവവും അഭിപ്രായവും ചവുട്ടിമെതിച്ചുകൊണ്ടുള്ള ഒരു സമീപനമാണ് കേരളത്തിലെ പ്രധാന പ്രതിപക്ഷങ്ങളും ഇന്നു സ്വീകരിച്ചിട്ടുള്ളത്. ഞാൻ അതൊന്നും ആവർത്തിക്കാനാഗ്രഹിക്കുന്നില്ല. പ്രതിപക്ഷങ്ങളും അഖിലേന്ത്യാതലത്തിൽ പ്രതിപക്ഷ സമ്മേളനങ്ങളും നടത്തുകയുണ്ടായി. ഏതൊക്കെ കക്ഷികളാണതിൽ പങ്കെടുത്തിരിക്കുന്നത് ? മാർക്സിസ്റ്റ്

LIBRARY ARCHIVES Kerala Legislative Assembly

കമ്മ്യൂണിസ്റ്റു പാർട്ടി പല അവസരങ്ങളിലായി വിമർശിച്ചിട്ടുള്ള ഒരാളാണ് ഫറൂക്ക് അബ്ദുള്ള. കാശ്മീരിനെ പാക്കിസ്ഥാനോ ഒറ്റിക്കൊടുക്കാൻ ശ്രമിക്കുന്നു എന്നും രാജ്യ രക്ഷയ്ക്കെതിരായി പ്രവർത്തിക്കുന്നു എന്നും നിങ്ങൾ ആരോപിച്ച ഫറൂക്ക് അബ്ദുള്ളയെ തോളിലേറ്റിക്കൊണ്ട് പ്രതിപക്ഷ യോഗങ്ങളിൽ ഫറൂക്ക് അബ്ദുള്ളയുടെ പാർട്ടിയായ നാഷണൽ കോൺഫറൻസിനെ പങ്കെടുപ്പിക്കുകയുണ്ടായി. ഫറൂക്ക് അബ്ദുള്ളയുടെ ഗവൺമെന്റിനെ പിരിച്ചു വിട്ട സന്ദർഭത്തിൽ അവിടെ നടന്ന സമരത്തിന്റെ മുന്നിൽ നിൽക്കാൻ സഖാവ് നമ്പൂതിരിപ്പാട് കാശ്മീരിൽ പോയത് നിങ്ങൾക്ക് നിഷേധിക്കാൻ സാധിക്കുമോ? ആന്ധ്രാപ്രദേശിൽ ഭരണകക്ഷിയായ തെലുഗുദേശം നേതാവായ എൻ. ടി. ആറിനെ പൂമാലയിട്ടു സ്വീകരിച്ച് പ്രതിപക്ഷ യോഗത്തിലേക്ക് ആനയിച്ചവർ പ്രാദേശിക വാദത്തെക്കുറിച്ച് പറയുകയാണ്.

ശ്രീ. മണിമംഗലത്തു കുട്ട്യാലി: ഫറൂക്ക് അബ്ദുള്ള ഇന്ന് ഇടതു പക്ഷജനാധിപത്യ മുന്നണിയിലില്ലെന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. കെ. പി. എ. മജീദ്: പലരും ഇനി അതുപോലെ കാണുകയില്ല. അതെനിക്കറിയാം.

ശ്രീ. ബന്നി ബഹനാൻ: ആന്ധ്രപ്രദേശിലെ ശ്രീ. ബാസവപുന്നയ്യ (രാജ്യ സഭയിലേയ്ക്ക് തെരഞ്ഞെടുത്തിരിക്കുന്ന മാർക്സിസ്റ്റു പാർട്ടി പോളിറ്റ് ബ്യൂറോ അംഗമാണ്.) തെരഞ്ഞെടുത്തത് ശ്രീ. എൻ. ടി. ആറിന്റെ പാർട്ടിയുടെ പിന്തുണയോടുകൂടിയാണെന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. കെ. പി. എ. മജീദ്: ഞാൻ അതിലേയ്ക്കൊന്നും പോകുന്നില്ല. ഒരു കക്ഷി ദേശീയ കക്ഷിയായാലും പ്രാദേശിക കക്ഷിയായാലും ദേശീയ പ്രശ്നങ്ങളുടെ നേരെ അവർ സ്വീകരിക്കുന്ന സമീപനത്തിന്റെ അടിസ്ഥാനത്തിലാണ് ഓരോ കക്ഷിയേയും വിലയിരുത്തേണ്ടത്.

ഇന്ന് മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റ് പാർട്ടി ശുദ്ധീകരണ പ്രക്രിയയിലാണ്. അതിന്റെ ഒന്നാമത്തെ ശുദ്ധീകരണ ഘട്ടം എന്നു പറയുന്നത് നക്സലിസത്തിന്റെ ഉൻമൂല നാശമാണ്. രണ്ടാമത്തെ ശുദ്ധീകരണ ഘട്ടം എന്നു പറയുന്നത് അവരിലുള്ള പല ബുദ്ധി ജീവികളേയും ഒഴിവാക്കുകയോ സ്വയം ഒഴിഞ്ഞുപോവുകയോ ചെയ്തു എന്നുള്ളതാണ്. ബഡ്ജറ് അവതരിപ്പിച്ചിട്ടുള്ളപ്പോഴെല്ലാം ഇടതുപക്ഷ സഖാവത്തോടുകൂടി ബജറിനെ വ്യാഖ്യാനിച്ചിട്ടുള്ള "റെഡ് എക്കണോമിസ്റ്റ്" എന്ന പേരിൽ അറിയപ്പെടുന്ന കെ. എൻ. രാജിനെ നിങ്ങൾ അറിയുമോ? അതുപോലെ തന്നെ ഇൻഡ്യയിലെ സാമ്പത്തിക വിദഗ്ദ്ധനായ, ബംഗാളിലെ ധനകാര്യ മന്ത്രികൂടിയായിരുന്ന അശോകമിത്ര, ദാർശനികനായ സഖാവ് ചാത്തുണ്ണി മാസ്റ്റർ, പത്രപ്രവർത്തകനായ മലപ്പുറം മൂസ്സ, നാട്ടിൻ പുറത്തുള്ള ആളുകളിൽ കമ്മ്യൂണിസം വളർത്തിയെടുക്കാൻ ശ്രമിച്ച തോപ്പിൽ ഭാസി; പ്രസിദ്ധ സാഹിത്യകാരനായ എസ്. എൽ. പുരം സദാനന്ദൻ ഇങ്ങനെയുള്ള എത്രയോ ബുദ്ധിജീവികളാണ് കമ്മ്യൂണിസത്തെ തള്ളിപ്പറഞ്ഞു കൊണ്ടിരിക്കുന്നത്; കമ്മ്യൂണിസത്തിനെതിരെ ലേഖനം എഴുതിക്കൊണ്ടിരിക്കുന്ന പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അനേകം ബുദ്ധിജീവികളുടെ പടനിരയാണ് ഇന്ന് ഇൻഡ്യയിലുള്ളത്. നിങ്ങൾക്ക് നിഷേധിക്കാൻ കഴിയുകയില്ല. ആളുകൾ മരിച്ചു കഴിഞ്ഞാൽ അവരെ മറവു ചെയ്യുന്നതിനുവേണ്ടി ശുദ്ധീകരണം നടത്താറുണ്ട്. അത്തരത്തിലുള്ള ശുദ്ധീകരണമാണ് മാർക്സിസ്റ്റു പാർട്ടിയിൽ നടക്കുന്നത്. അവസാനമായി സ്വന്തം കക്ഷിയിൽ വല്ല

LIBRARY ARCHIVES Kerala Legislative Assembly

റിവിഷനിസ്റ്റുകളും ബ്ലാക്കിയുണ്ടോ എന്നന്വേഷിക്കാൻ ഭൂതക്കണ്ണാടിവെച്ചു നോക്കുന്ന സ്ഥിതിവിശേഷമാണ് മാർക്സിസ്റ്റ് പാർട്ടിയിൽ നിലനിൽക്കുന്നത്. ഇന്ന് മാർക്സിസ്റ്റു പാർട്ടി സ്വയം പരിഹാസ്യമായിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണ് ഈ ഉപധനാഭ്യർത്ഥനകളെപ്പോലും അവർ എതിർത്തുകൊണ്ടിരിക്കുന്നത്. സംഘർഷഭരിതമായ സാഹചര്യങ്ങളുടെ ഇടയിലും ചിന്തിക്കാനുള്ള ശത്കി മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇൻഡ്യയുടെ പ്രധാനമന്ത്രിയായ രാജീവ് ഗാന്ധി എത്ര ശ്രമിച്ചാലും പരിഹരിക്കാൻ കഴിയാത്ത, ഉന്മൂലനം ചെയ്യാൻ കഴിയാത്ത, ഒരു പ്രശ്നമുണ്ട്. അത് മറ്റൊന്നുമല്ല. മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ചിന്താ ദാരിദ്ര്യമാണത്. നമ്മുടെ നാട്ടിൽ നടക്കുന്ന ജനോപകാരപ്രദമായ നടപടികളൊന്നും കണ്ടില്ലെന്നാണിവർ നടിക്കുന്നത്. മുകളിൽ പറക്കുന്ന വിമാനത്തിൽ ആനേറാ ഉണ്ടോ എന്നന്വേഷിക്കാൻ ഏഴാനാകാശം വരെ നോക്കുന്നവരും ഭൂമിയിലെവിടെയെങ്കിലും ഗംഗാധരന്റെ പൈപ്പുണ്ടോ എന്നന്വേഷിക്കാൻ പാതാളം വരെ തേടിനടക്കുന്നവരുമായ മാർക്സിസ്റ്റു പാർട്ടി ഭൂമിയുടെ ഉപരിതലത്തിൽ ഈ ഗവൺമെന്റ് എന്തെല്ലാം നേട്ടങ്ങൾ ചെയ്തിട്ടുണ്ട് എന്നുള്ളത് അന്വേഷിക്കാൻ തയ്യാറാകുന്നില്ല. ശ്രീ. തോപ്പിൽ ഭാസിയുടെ ഇന്നലെ, ഇന്ന്, നാളെ എന്ന നാടകത്തിലെ ഒന്നാം രംഗത്തിന്റെ നാന്ദിയെക്കുറിച്ച് പത്രത്തിലെഴുതിയത് ഞാൻ വായിച്ചു. 'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി' എന്ന നാടകമവതരിപ്പിച്ച് നാട്ടിൻപുറത്തെ ജനങ്ങളിൽ കമ്മ്യൂണിസം ഒരാവേശമാക്കി മാറ്റിയ ഒരാളാണ് ശ്രീ. തോപ്പിൽ ഭാസി. എന്റെ ചെറുപ്പത്തിൽ, ഈ നാടകം കണ്ടുപോയാൽ കമ്മ്യൂണിസ്റ്റാകും എന്നു പറഞ്ഞ് വിലക്കു കൽപ്പിച്ച ഒരു കാലഘട്ടമായിരുന്നു. അത്രമാത്രം കാന്തശക്തിയാണ് നാടകത്തിനുള്ളത്. ''നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി'' എന്ന നാടകത്തിലെ കഥാപാത്രങ്ങളായ മാലയും കറുമ്പനും തങ്ങളെ സൃഷ്ടിച്ച കഥാകൃത്തിനെ അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്; ഞങ്ങളെ എന്തിനു സൃഷ്ടിച്ചു എന്നു ചോദിക്കുവാൻ. ഞങ്ങളോടു പറഞ്ഞ വാഗ്ദത്ത ഭൂമിയെവിടെ എന്നു ചോദിക്കാൻ. ഞങ്ങളെ സംഘടിപ്പിച്ച് സമരം നടത്തിയ കഥാപാത്രങ്ങളായ മാത്യുവും ഗോപാലനും തമ്മിൽ തല്ലി ചാവുന്നതെന്തിനെന്നു ചോദിക്കുവാൻ. താൻ രൂപവും ഭാവവും നൽകിയ കഥാപാത്രങ്ങൾ ചോദിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം കൊടുക്കുവാൻ കഴിയാതെ കഥാകൃത്ത് അകത്തുകയറി വാതിലടയ്ക്കുന്നു''. ഇത് കറുമ്പന്റെയും മാലയുടെയും മാത്രം വികാരമല്ല. ഇകിലാബ് സിന്ദാബാദ് എന്ന് മുദ്രാവാക്യം വിളിച്ചു, പകലന്തിയോളവും കമ്മ്യൂണിസ്റ്റു പ്രസ്ഥാനത്തിനുവേണ്ടി പ്രവർത്തിക്കുന്ന കേരളത്തിലെ, ഇൻഡ്യയിലെ ആയിരക്കണക്കിന് പാർട്ടി പ്രവർത്തകൻമാരുടെ വികാരമാണ്.

എന്റെ സുഹൃത്ത് ശ്രീ. സി. പി. മൂസ്സാൻകുട്ടി തിരുപുരയിൽ വഖഫ് ബോർഡിന് ഗ്രാന്റ് അനുവദിച്ചതിനെ പരാമർശിച്ചു. വഖഫ് ബോർഡിന് ഗ്രാന്റ് നൽകിയത് സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടിയാണെന്നാണ് പറഞ്ഞത്. കേരളത്തിലും ഇതുപോലെ സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടിയാണ് ഗ്രാന്റ് നൽകിയിട്ടുള്ളത്. ഇവിടെ, 12-9-1985-ൽ ഇറക്കിയിട്ടുള്ള ഒരു ജി. ഒ. യിൽ പറയുന്നത് Kerala Wakf Board has special grant for its social welfare programme എന്നാണ്. കേരളത്തിൽ സാമൂഹ്യക്ഷേമപ്രവർത്തനത്തിന്, ശ്രീ. കരുണാകരൻ സംഖ്യ നൽകിയാൽ അത് വർഗ്ഗീയതയും, നൃപൻ ചക്രവർത്തി നൽകിയാൽ അത് വർഗ്ഗീയത അല്ലാതാവുകയും ചെയ്യുന്നതെങ്ങിനെയാണ്?

ജനാബ് പി. എം. അബൂബേക്കർ സാഹിബിന്റെ പ്രസംഗത്തിന് മറുപടിയായിട്ട് പ്രതിപക്ഷ നേതാവ് സഖാവ് നായനാർ പറഞ്ഞത് മുസ്ലീം ലീഗിൽ അദ്ദേഹം കണ്ട വർഗ്ഗീയത ഇപ്പോൾ ലോകസഭയിൽ അവതരി

LIBRARY ARCHIVES Kerala Legislative Assembly

പ്പിച്ച വിവാദപരമായ വനിതാ സംരക്ഷണ ബില്ലിനെ അനുകൂലിച്ചു എന്നതാണ്. അതിന് മുസ്ലീംലീഗ് പിന്തുണ നൽകിയിരിക്കുന്നു; അതിനുവേണ്ടി പ്രചരണം നടത്തുന്നു; അതുകൊണ്ട് ലീഗുമായി കൂട്ടുകെട്ടില്ല—അതാണ് ലീഗിന്റെ വർഗ്ഗീയതയെന്നാണ് പ്രതിപക്ഷ നേതാവ് പറഞ്ഞത്. പ്രതിപക്ഷനേതാവിന്റെ കൂടെ ഇവിടെയിരിക്കുന്ന ജനതാ പാർട്ടിയുടെ അഖിലേന്ത്യാ സെക്രട്ടറിയായ സെയ്ത് ഷിഹാബുദീൻ (പാർലമെന്റംഗമാണദ്ദേഹം) രാജീവ്ഗാന്ധിയെക്കണ്ടു പറഞ്ഞു ഈ ബില്ലിനംഗീകാരം നൽകണമെന്ന്. ബില്ലിനെ അനുകൂലിക്കുന്നതുകൊണ്ടാണ് മുസ്ലീംലീഗ് ഒരു വർഗ്ഗീയ പാർട്ടിയാകുന്നതെങ്കിൽ ഒന്നാന്തരമൊരു വർഗ്ഗീയ വാദി ചന്ദ്രശേഖരന്റെ പാർട്ടിയുടെ അഖിലേന്ത്യാ സെക്രട്ടറി ഷിഹാബുദീനാണ്. ഞാൻ സമയക്കുറവുമൂലം നീട്ടി പറയുന്നില്ല. ഇവിടെ അവതരിപ്പിച്ച ഉപധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽക്കൂടി അനുകൂലിക്കുന്നു.

ശ്രീ. കെ. ടി. കുമാരൻ: സർ, ഞാൻ ഈ സപ്ലിമെന്ററി ബഡ്ജറ്റിനെ എതിർക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട ഗവർണ്ണർ ചെയ്ത പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ടുള്ള പ്രമേയം അവതരിപ്പിച്ച് രണ്ട് മൂന്നു ദിവസം ചർച്ച ചെയ്തു. ആ ചർച്ചയിൽ ദേശീയവും സാർവ്വദേശീയവും കേരളത്തിലെ പ്രത്യേക കാര്യവുമൊക്കെത്തന്നെ വളരെ വിശദമായി ഇവിടെ സംസാരിക്കുകയുണ്ടായി. എന്നാൽ ഇന്നിവിടെ നമ്മൾ ചർച്ച ചെയ്യുന്നത് ഈ കഴിഞ്ഞ കാലത്ത് ചെലവഴിച്ചിട്ടുള്ള സംഖ്യയുടെ ഒരു സപ്ലിമെന്ററി ബഡ്ജറ്റാണ്. ഈ ബഡ്ജറ്റിനെ സംബന്ധിച്ചിടത്തോളം ഭരണകക്ഷിക്ക് എന്തെങ്കിലുമൊന്ന് പറയാനുണ്ടായിരുന്നില്ല. ഈ കഴിഞ്ഞകാലത്ത് ഈ സംഖ്യ എന്തിനുവേണ്ടി ഉപയോഗിച്ചു? ഈ രാജ്യത്തിലെ ജനങ്ങൾ ഒരു ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം അവർ ആഗ്രഹിക്കുന്നത്, ഉദ്ദേശിക്കുന്നത് വെളിച്ചം, വെള്ളം, ഭക്ഷണം, തൊഴിൽ ഇത്തരത്തിലുള്ള സൗകര്യങ്ങളെ സംബന്ധിച്ചാണ്. ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം ഈ കഴിഞ്ഞകാലത്ത് ഇപ്പോൾ സപ്ലിമെന്ററി ബഡ്ജറ് കൊണ്ടുവന്ന ഈ ഗവൺമെന്റ് എന്തു ചെയ്തു എന്നുള്ളതിനെ സംബന്ധിച്ചിടത്തോളം വിശദീകരിക്കേണ്ടതായിട്ടുണ്ട്. ഇത്തരത്തിലുള്ള ഒരു വിശദീകരണം നടത്താതെ, ഇത്തരത്തിലുള്ള കാര്യങ്ങളും പറയാതെ ദേശീയവും സാർവ്വദേശീയവുമായ കാര്യങ്ങളും റഷ്യയുടേയും ചൈനയുടേയും മറ്റും കാര്യങ്ങളും ഒക്കെ പറഞ്ഞ് ജനങ്ങളുടെ ശ്രദ്ധ, ഈ ഹൗസിന്റെ ശ്രദ്ധ മറ്റു വഴിയിലേക്കു തിരിച്ചു വിടുന്നതിനുവേണ്ടിയുള്ള ബോധപൂർവ്വമായ ശ്രമമാണ്. ഇവർ നടത്തിക്കൊണ്ടിരിക്കുന്നത്. ഇവിടെ ഇന്ന് ഭരിക്കുന്നത് കേരളാ കോൺഗ്രസ്, ലീഗ്, എൻ ഡി. പി., എസ്. ആർ. പി, തുടങ്ങിയുള്ള അച്ചുതണ്ട് ഒരു ഭാഗത്തും ശ്രീമാൻ കരുണാകരന്റെ നേതൃത്വത്തിലുള്ള കോൺഗ്രസ്, 'ഐ' മറെറാരു ഭാഗത്തും നിന്നുകൊണ്ടാണ്. ഇവർ ഈ രാജ്യത്തിലെ ജനങ്ങളെ മുടിച്ചു കൊണ്ടിരിക്കുകയാണ്. ഈ രാജ്യത്തിലെ ബഹുജനാവ് കട്ടുമുടിച്ചുകൊണ്ടിരിക്കുകയാണ്. സ്വജനപക്ഷപാതവും ഈ രാജ്യത്ത് ഒരാളും ചെയ്യാൻ പാടില്ലാത്തതുമായ കാര്യങ്ങളും ഇവർ നടത്തിക്കൊണ്ടിരിക്കുകയാണ്. ഇത് ഞാൻ പറയുന്ന കാര്യമല്ല. ശ്രീമാൻ കരുണാകരന്റെ തന്നെ സഹപ്രവർത്തകനും ഒരു സാമ്പത്തികവിദഗ്ദ്ധനും കോൺഗ്രസ് 'ഐ' യുടെ നേതാവുമായിട്ടുള്ള നമ്മുടെ ഡോ. ഗോപാലകൃഷ്ണൻ വളരെ വ്യക്തമായി മാതൃഭൂമിയിൽ ലേഖനമെഴുതിയിട്ടുണ്ട്. ആ ലേഖനത്തിൽ പറയുന്നത് കേരളത്തിന്റെ ധനസ്ഥിതിയെക്കുറിച്ചുള്ള ചർച്ചയുടെ വക്കത്താണെന്നാണ്. അദ്ദേഹം പറയുന്നത് സാമുദായിക ജാതീയ കക്ഷികളുണ്ടാക്കുകയും താഴെ ഭരണസഖ്യവുമായി ബന്ധപ്പെടുത്തുകയും ചെയ്യുക എന്ന പ്രവണതയോടൊപ്പംതന്നെ ഈ സാമുദായിക ജാതീയ കക്ഷിയുടെ ധനികരായ അനുയായികൾക്ക് ജീവിതത്തിന്റെ എല്ലാ തലങ്ങളിലും

LIBRARY ARCHIVES Kerala Legislative Assembly

നൽകുന്ന സഹായധനത്തിന്റെ തോതും വർദ്ധിപ്പിച്ചിട്ടുണ്ടെന്നാണ്. സാമൂഹ്യമോ സാമ്പത്തികമോ ആയ മുൻഗണന തീരെ പരിഗണിക്കാതെ ആവശ്യമില്ലാത്ത സർവ്വകലാശാലകളും മെഡിക്കൽ കോളേജുകളും എൻജിനീയറിംഗ് കോളേജുകളും പോളിടെക്നിക്കുകളും ജൂനിയർടെക്നിക്കൽ സ്ക്കൂളുകളും കോളേജുകളും തുറന്ന് വിദ്യാഭ്യാസ രംഗത്തെ അരാജകത്വത്തിന്റെ പാതയിലേക്ക് കടത്തി വിട്ടിരിക്കുകയാണ്. ഇത് ഞാൻ പറയുന്നതല്ല, കോൺഗ്രസ് 'ഐ' യുടെ നേതാവ് പറയുന്നതാണ്. ധനതത്വശാസ്ത്രവിദഗ്ദ്ധൻ പറയുന്നതാണ്. ഇതാണ് ഇന്നിവിടെ നടക്കുന്നത്.

മറ്റൊരു കാര്യം ഞാൻ പറയാം. ഇവിടെ പ്രസംഗിച്ച എന്റെ സ്നേഹിതൻ ശ്രീ. സി. ടി. അഹമ്മദ് അലി പറഞ്ഞു ഈ രാജ്യത്ത് അങ്ങോളമിങ്ങോളം വികസന പ്രവർത്തനങ്ങളും അഴിച്ചുവിട്ടിരിക്കുന്നുവെന്ന്. ഞാൻ ചോദിക്കട്ടെ, കേരളത്തിന്റെ വടക്കേയറ്റത്തെ ജില്ലയായ വളരെ പിന്നോക്കം നിൽക്കുന്ന നമ്മുടെ ജില്ലയായ കാസർകോട് ജില്ലയിൽ എന്താണ് നടക്കുന്നത് ? നിങ്ങൾക്കറിയാമോ കുടിവെള്ളം കിട്ടുന്നില്ല. എന്റെ സ്നേഹിതൻ ശ്രീ. സി. ടി. അഹമ്മദ് അലി ഉപ്പുവെള്ളം, കുടിച്ചുകൊണ്ടാണ് ഇവിടെ വരുന്നത്. അദ്ദേഹത്തിന് നെഞ്ചത്ത് കൈവച്ച് പറയാൻ കഴിയുമോ അവിടെ ശുദ്ധജലം കിട്ടുന്നുണ്ടെന്ന് ? 18–ാം തീയതി ഇവിടെ ഉപമുഖ്യമന്ത്രിയുടെ ഒരു മറുപടിയിൽ പ്രകൃതി ക്ഷോഭ ദുരിതാശ്വാസമായി മരാമത്തു പണികൾക്ക് ലഭിച്ച തുകയിൽ ഓരോ ജില്ലയ്ക്കും അനുവദിച്ച തുകയെ സംബന്ധിച്ചിടത്തോളം പറയുന്നുണ്ട്. തിരുവനന്തപുരം ജില്ലയ്ക്ക് 91 ലക്ഷം രൂപയും കൊല്ലം ജില്ലയ്ക്ക് 47 ലക്ഷത്തിൽപ്പരം രൂപയും പത്തനംതിട്ട ജില്ലയ്ക്ക് 61 ലക്ഷം രൂപയും ആലപ്പുഴയ്ക്ക് 93 ലക്ഷം രൂപയും കോട്ടയം ജില്ലയ്ക്ക് ഒരു കോടി പതിനാറു ലക്ഷം രൂപയും ഇടുക്കി ജില്ലയ്ക്ക് 76 ലക്ഷം രൂപയും എറണാകുളം ജില്ലയ്ക്ക് ഒരു കോടി മുപ്പത്തിയൊന്നു ലക്ഷത്തിൽപ്പരം രൂപയും തൃശ്ശൂർ ജില്ലയ്ക്ക് ഒരു കോടി എട്ടു ലക്ഷത്തിൽപ്പരം രൂപയും പാലക്കാട് ജില്ലയ്ക്ക് ഒരു കോടി മുപ്പതുലക്ഷത്തിൽപ്പരം രൂപയും മലപ്പുറം ജില്ലയ്ക്ക് രണ്ടുകോടി ആറുലക്ഷത്തി നാലായിരത്തി ഇരുന്നൂറ്റി എഴുപത്തിരണ്ടു രൂപയും കോഴിക്കോട് ജില്ലയ്ക്ക് അറുപതു ലക്ഷത്തിൽപ്പരം രൂപയും വയനാട് ജില്ലയ്ക്ക് നാൽപ്പത്തിമൂന്നു ലക്ഷത്തിൽപ്പരം രൂപയും കണ്ണൂർ ജില്ലയ്ക്ക് അൻപത്തേഴു ലക്ഷം രൂപയും കാസർകോട് ജില്ലയ്ക്ക് നാൽപ്പത്തഞ്ചു ലക്ഷം രൂപയും കൊടുത്തുവെന്നു പറയുന്നു. എന്റെ സ്നേഹിതൻ ശ്രീ. സി. ടി. അഹമ്മദ് അലി വായിച്ചില്ലേ ; ഇവിടെ എന്തു വികസന പ്രവർത്തനമാണ് നടക്കുന്നത് ? യഥാർത്ഥത്തിൽ ടാറിട്ട റോഡ് റിപ്പയർ ചെയ്യുകയല്ലാതെ ഒരൊറ്റ നഷ്ടപ്പെട്ട റോഡിന്റെ പണിയോ പുതിയ റോഡിന്റെ പണിയോ ചെയ്തില്ല. ഇതാണ് വികസന പ്രവർത്തനത്തിന്റെ കാര്യം. കഴിഞ്ഞ 1983–ൽ നാം കണ്ട വരൾച്ചയെ അതിശയിപ്പിക്കുന്ന വിധത്തിലുള്ള ഒരു വരൾച്ചയാണ് ഇന്നു നമ്മുടെ സംസ്ഥാനത്ത് ഉള്ളത്. നമുക്കറിയാം ഒരു പിന്നോക്ക പ്രദേശമായ കാസർകോട് ജില്ലയിൽ വെള്ളംകിട്ടാതെ ജനങ്ങൾ അങ്ങേയറ്റം ഉഴലുകയാണ്. കാസർകോട് ജില്ലയിൽ നിരവധി തോടുകളും പുഴകളുമുണ്ട്. ആ വെള്ളം ഉപയോഗിച്ചാൽ കാർഷികാവശ്യത്തിനുള്ള വെള്ളം കിട്ടും. ഏറ്റവും ബൃഹത്തായ ഒരു പദ്ധതിയാണ് കാസർകോട് ജില്ലയിലെ കാക്കടവ് പദ്ധതി. ഇതൊരു മഹത്തായ പദ്ധതിയാണെന്നും നമ്മുടെ കേരള സംസ്ഥാനത്തിൽവച്ച് ഏറ്റവും ലാഭകരമായിട്ടുള്ള ഒരു പദ്ധതിയാണെന്നും നമ്മുടെ സെൻട്രൽ വാട്ടർ കമ്മീഷന്റെ റിപ്പോർട്ടിൽതന്നെ പറഞ്ഞിട്ടുണ്ട്. അതിവിടെയുണ്ട്. അത് നടപ്പിൽവരുത്താതെ ഉപേക്ഷിച്ചിരിക്കുകയാണ്. ആയിരക്കണക്കിന്, പതിനായിരക്കണ

LIBRARY ARCHIVES Kerala Legislative Assembly

ക്കിന് ഏക്കർ കൃഷിനിലത്തിന് വെള്ളം കൊടുക്കുന്നതിനും ശുദ്ധജലം കൊടുക്കുന്നതിനും കഴിയുന്ന ഒരു പദ്ധതിയാണ് ഈ പദ്ധതി. ഈ പദ്ധതി ഏതാനും ചില്ലറ വോട്ടുകൾക്കുവേണ്ടി ഉപേക്ഷിച്ചിരിക്കുകയാണ്. അതിന്റെ ഓഫീസും കാര്യങ്ങളുമൊക്കെ അവിടെനിന്നും മാറ്റിക്കഴിഞ്ഞിരിക്കുന്നു.

വിദ്യുച്ഛക്തിയെ സംബന്ധിച്ചിടത്തോളം പറയാം. വെളിച്ചവിപ്ലവം നടത്തിക്കൊണ്ടിരിക്കുകയാണിപ്പോഴും. പിന്നെ നമ്മുടെ കാസർകോട് ജില്ലയെ 'നോ ഇൻഡസ്ട്രി ജില്ല' യാണെന്ന് ഗവർണ്ണറെക്കൊണ്ട് പ്രഖ്യാപിപ്പിച്ചു. നമുക്കറിയാം അവിടെ വിദ്യുച്ഛക്തിയില്ലാത്തതിന്റെ പേരിൽ ഒരു വ്യവസായവും നടക്കുന്നില്ല; പുതിയ വ്യവസായങ്ങളും കൊണ്ടുവരുന്നതിനും കഴിയുന്നില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. ഇതിനുവേണ്ടി എന്താണ് അവിടെ ചെയ്തതെന്നു നമുക്കറിയാം. കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടിയുള്ള ആർ. ഇ. എസ്. പോലെയുള്ള പദ്ധതിപോലും ഇവിടെ നിറുത്തി വച്ചിരിക്കുകയാണ്. അതിന്റെ പ്രവർത്തനം നടക്കുന്നില്ല. അതാണ് ഇവിടത്തെ ഇലക്ട്രിസിറ്റിയെ സംബന്ധിച്ചിടത്തോളം എനിക്ക് പറയാനുള്ളത്.

മറ്റൊന്ന് പറയാനുള്ളത് പട്ടികജാതി പട്ടിക വർഗ്ഗക്കാരുടെ എല്ലാ കോളനികളിലും വെളിച്ചം എത്തിച്ചിട്ടുണ്ടെന്നാണ് ഇവർ പറയുന്നത്. എവിടെയാണ് എത്തിച്ചത്? എന്റെ നിയോജക മണ്ഡലത്തിൽതന്നെ കിണാവൂർ, മടിക്കൈ, വേളൂർ, കാഞ്ഞങ്ങാട് തുടങ്ങിയുള്ള നിരവധി ഹരിജൻ കോളനികളുണ്ട്. ഈ ഹരിജൻ കോളനികളിൽ വെളിച്ചമെത്തിക്കുന്നതിനുവേണ്ടി എത്രയോ നിവേദനം ബന്ധപ്പെട്ട മന്ത്രിക്ക് ഞാൻ നേരിട്ട് സമർപ്പിച്ചിട്ടുണ്ട്. ഇന്നേവരെ അവിടെ വെളിച്ചമെത്തിക്കുന്നതിനുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്.

നിത്യോപയോഗ സാധനങ്ങളെസംബന്ധിച്ചു പറയാം. ഇന്ന് മാസത്തിൽ രണ്ടോ മൂന്നോ ദിവസം മാത്രമേ അരിയും മറ്റു നിത്യോപയോഗസാധനങ്ങളും റേഷൻകടകളിൽകൂടി കിട്ടുന്നുള്ളൂ. കിട്ടുന്ന അരിതന്നെ ഉപയോഗിക്കാൻ കൊള്ളാത്ത വിധത്തിലുള്ളതാണ്. നിത്യോപയോഗ സാധനങ്ങളെ സംബന്ധിച്ചിടത്തോളം കാസർകോട് ജില്ലയിലെ ജനങ്ങളുടെ സ്ഥിതി വളരെ വളരെ ദയനീയമാണ്. റേഷൻ ഷാപ്പുകളിൽകൂടി അരിയും മറ്റു നിത്യോപയോഗ സാധനങ്ങളും കിട്ടുന്നില്ല. ഉള്ള സാധനത്തിനുതന്നെ അടിയ്ക്കടി വില വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്.

ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. റിപ്പർ സംഭവത്തെ സംബന്ധിച്ചു ശ്രീമാൻ അഹമ്മദ് അലി ഇവിടെ പറയുകയുണ്ടായി, അതിന്റെ പേരിൽ ആറേഴുപേർ മരിക്കുകയുണ്ടായി. നിരവധിയാളുകൾ പരിക്കുപറ്റി ഹോസ്പിറ്റലിൽ കിടക്കുകയാണ്. അവർക്ക് വേണ്ട ചികിത്സാസൗകര്യങ്ങളൊന്നുംതന്നെ കിട്ടുന്നില്ല. അവിടെ മരിച്ചയാളുകളുടെ ആശ്രിതർക്ക് ധനസഹായം കൊടുക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രി മാരോടഭ്യർത്ഥിക്കുവാനുള്ളത്. ഞങ്ങൾ അത് കൂട്ടായി ആവശ്യപ്പെട്ടതാണ്. തൊട്ടടുത്തു കിടക്കുന്ന കർണ്ണാടക സംസ്ഥാനത്തിൽ റിപ്പർആക്രമണംമൂലം മരിച്ചയാളുടെ കുടുംബത്തിന് പതിനായിരം രൂപയാണ് കൊടുത്തതെന്ന് നമുക്കറിയാം. ഇവിടെ എന്താണ് കൊടുത്തത്? ഒരു നയാപൈസപോലും കൊടുത്തില്ല. അങ്ങനെ കൊടുക്കുകയാണെങ്കിൽ അത്തരത്തിലുള്ള സംഭവങ്ങൾ ഇനിയുമുണ്ടാകുമെന്നുള്ളതുകൊണ്ട് അത്തരത്തിലുള്ളവർക്ക് ധനസഹായം കൊടു

LIBRARY ARCHIVES Kerala Legislative Assembly

ക്കണ്ട എന്ന് മന്ത്രിസഭ തീരുമാനിച്ചതായിട്ടാണ് ഞാൻ മനസ്സിലാക്കിയത്. മഹാകഷ്ടമായിപ്പോയിയെന്നാണ് എനിക്ക് ഇതേപ്പറ്റി പറയുവാനുള്ളത്. അതുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

ശ്രീ. പി. പി. തങ്കച്ചൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായിട്ടും അനുകൂലിക്കുന്നു. സംസ്ഥാനത്ത് കഴിഞ്ഞവർഷം ജനങ്ങൾക്ക് പ്രയോജനപ്രദമായ നിരവധി നല്ല കാര്യങ്ങൾ ചെയ്തതിനുവേണ്ടി പണം ചെലവായത് പാസ്സാക്കി കൊടുക്കരുതെന്നുള്ള ഒരഭ്യർത്ഥനയോട് ആരും തന്നെ യോജിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. പിന്നെ പ്രതിപക്ഷമെന്നുള്ള നിലയിൽ എന്തെങ്കിലുമൊന്നു പറയണ്ടേ എന്നുള്ള ഒരു ചടങ്ങ് നിർവ്വഹിക്കുന്നതിനുവേണ്ടി എതിർക്കുന്നുവെന്നല്ലാതെ നല്ലകാര്യങ്ങൾ ചെയ്യുന്നതിനുവേണ്ടി പണം ചെലവാക്കിയാൽ അല്ലെങ്കിൽ പണം ചെലവാക്കേണ്ടിവരുമ്പോൾ ചെലവാക്കരുതെന്നുള്ള ഒരു നിലപാടിനോട് ആരും തന്നെ യോജിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. മാറ് വിശദാംശങ്ങളിലേക്കൊന്നും ഞാൻ കടക്കുന്നില്ല. കാരണം കഴിഞ്ഞ മൂന്നുവർഷങ്ങളായി ഭരണകക്ഷികളുടെഭാഗത്തു നിന്നും മന്ത്രിമാരുടെ ഭാഗത്തുനിന്നുമൊക്കെ സംസാരിച്ചപ്പോൾ സംസ്ഥാനത്ത് എന്തെല്ലാം നല്ലകാര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് വിശദമായി ഈ സഭയിൽത്തന്നെ പറഞ്ഞിട്ടുള്ളതാണ്. വീണ്ടുമതാവർത്തിക്കാൻ ഞാനാഗ്രഹിക്കുന്നില്ല. ഇത്തരം കാര്യങ്ങൾ പ്രതിപക്ഷാംഗങ്ങൾ സഭയിൽ സമ്മതിച്ചില്ലെങ്കിലും അവർ മാറയ്ക്ക് സമ്മതിക്കുമെന്നാണ് എന്റെ വിശ്വാസം. കാരണം അവരുടെ നിയോജകമണ്ഡലങ്ങളിൽ ത്തന്നെ എത്രയോ നല്ലകാര്യങ്ങൾ ഭരണകക്ഷിയെന്നോ പ്രതിപക്ഷകക്ഷിയെന്നോ ഉള്ള വ്യത്യാസമില്ലാതെ ചെയ്തിട്ടുണ്ട്. എത്രയോ നല്ലകാര്യങ്ങൾ യാതൊരു വിവേചനവും കൂടാതെ ചെയ്തിരിക്കുന്നുവെന്നുള്ളത് അവരൊക്കെത്തന്നെ സമ്മതിക്കുന്നതാണ്. എന്റെ ജില്ലയുടെ കാര്യം തന്നെ എനിക്കറിയാം. ഞങ്ങൾ 14 പേരുള്ള എറണാകുളം ജില്ലയിൽ 12 പേരും ഭരണകക്ഷിയിൽപ്പെട്ട ആളുകളാണ്. വരടക്കേക്കരെയും പള്ളുരുത്തിയുമാണ് പ്രതിപക്ഷ സുഹൃത്തുക്കളുള്ള രണ്ട് നിയോജക മണ്ഡലങ്ങൾ. ഞങ്ങളുടെ നിയോജക മണ്ഡലങ്ങളിൽ ചെയ്തിട്ടുള്ളതിനേക്കാൾ കൂടുതൽ വികസന പ്രവർത്തനങ്ങൾ ശുദ്ധജല വിതരണത്തിന്റെ കാര്യത്തിലായാലും റോഡുകളുടെ വികസനത്തിന്റെ കാര്യത്തിലായാലും ചെയ്തിട്ടുണ്ടെന്നുള്ളത് പരക്കെ അംഗീകരിക്കുന്ന കാര്യമാണ്. ഞങ്ങൾക്ക് അതിലൊന്നും പരാതിയുമില്ല. കാരണം അങ്ങനെയാണ് ചെയ്യേണ്ടതും. പ്രതിപക്ഷം ആത്മാർത്ഥതയോടുകൂടി ആവശ്യപ്പെട്ടിട്ടുള്ള സ്ഥലങ്ങളിൽ അതിന് ഭരണകക്ഷിയെന്നോ പ്രതിപക്ഷ കക്ഷിയെന്നോ ഉള്ള വ്യത്യാസമില്ലാതെതന്നെ ചെയ്യണമെന്നാണ് ഞങ്ങളുടെ ആഗ്രഹം. അതിൽ യാതൊരു തർക്കവുമില്ല. അക്കാര്യങ്ങളുടെ വിശദാംശങ്ങളിലേക്കൊന്നും ഞാൻ കടക്കുന്നില്ല.

മറ്റൊരു കാര്യമെനിക്ക് സൂചിപ്പിക്കുവാനുള്ളത് ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ കാര്യത്തിൽ കേന്ദ്രഗവൺമെന്റ് യാതൊരു വിവേചനവും സംസ്ഥാനഗവൺമെന്റിനോട് കാണിച്ചില്ലെന്നുള്ളതാണ്, ബുദ്ധിമുട്ട് വരുമ്പോൾ, ആവശ്യം വരുമ്പോൾ അത് കാലവർഷക്കെടുതിയായാലും വരൾച്ചയായാലും ദുരിതാശ്വാസപ്രവർത്തനങ്ങളുടെ കാര്യത്തിലായാലും കേരളത്തോട് ഒരു പ്രത്യേക മമത കാണിക്കുന്നുവെന്ന വസ്തുത മറച്ചുവച്ചിട്ട് കാര്യമില്ല. മറേറത് സംസ്ഥാനത്തിനുകിട്ടുന്നതിനേക്കാളും കൂടുതൽ കേന്ദ്രസഹായം നമ്മുടെ സംസ്ഥാനത്തിന് നേടിയെടുക്കാനും ഈ രംഗത്ത് കൂടുതൽ സഹായം ആവശ്യമുണ്ടെന്ന് കേന്ദ്രത്തെ ബോദ്ധ്യപ്പെടുത്താനും കഴിഞ്ഞത് ശ്രീമാൻ കരുണാകരൻ നയിക്കുന്ന ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ഒരു പ്രധാനനേട്ടമാണ്.

LIBRARY ARCHIVES Kerala Legislative Assembly

മറെറാരുകാര്യം കൂടി സൂചിപ്പിക്കുവാനാഗ്രഹിക്കുകയാണ്. കേന്ദ്ര സഹായത്തിന്റെ 75 ശതമാനം ഗ്രാന്റായിട്ടാണ് പലപ്പോഴും കൊടുക്കാറുള്ളത്. കഴിഞ്ഞതവണ സംസ്ഥാന ഗവൺമെന്റിന്റെ പരിമിതികളും ബുദ്ധിമുട്ടുകളും പ്രത്യേകം കണക്കിലെടുത്തുകൊണ്ട് 7.5 ശതമാനം ഗ്രാന്റ് എന്നുള്ളത് 85 ശതമാനമാക്കിതന്നിട്ടുണ്ട്. ഇങ്ങനെ ചെയ്തതുതന്നെ കേന്ദ്രഗവൺമെന്റിന് സംസ്ഥാന ഗവൺമെന്റിനോടുള്ള ഒരു പ്രത്യേക താൽപ്പര്യത്തിന് ഉദാഹരണമാണ്. വികസനരംഗത്ത് നാം ഉദ്ദേശിച്ചതിനേക്കാൾ എത്രയോസംഖ്യ കൂടുതൽ ഈ ഗവൺമെന്റ് ചെലവഴിച്ചു. അതുതന്നെ വലിയൊരു നേട്ടമല്ലേ സർ? പലപ്പോഴും ഈ രംഗത്തൊക്കെ അനുവദിക്കുന്ന സംഖ്യ പോലും ചെലവഴിക്കാൻ സാധിക്കാത്ത സ്ഥിതിവന്നിട്ടുണ്ട്. കഴിഞ്ഞ കൊല്ലങ്ങളിലെ ചെയ്തികളെ സംബന്ധിച്ചിടത്തോളം പരിശോധിക്കുമ്പോൾ നമുക്ക് കാണാൻ സാധിക്കുന്നത് ഈ ഗവൺമെന്റു വന്നതിനു ശേഷം അനുവദിച്ച സംഖ്യയേക്കാൾ കൂടുതൽ സംഖ്യ ചെലവഴിക്കാൻ സാധിച്ചുവെന്നുള്ളതാണ്. വെള്ളപ്പൊക്ക ദുരിതാശ്വാസത്തിനുമാത്രം തന്നിട്ടുള്ളതിനേക്കാൾ കൂടുതൽ, ഏതാണ്ട് പതിനാല് പതിനഞ്ചുകോടി രൂപയോളം കൂടുതൽ ഈ ഗവൺമെന്റ് ചെലവാക്കിയിരിക്കുന്നുവെന്നുള്ളത് പ്രത്യേകം ശ്രദ്ധേയമാണ്. ഇത് പറയുമ്പോൾ ഒരു കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയുവാനാഗ്രഹിക്കുകയാണ്. മന്ത്രിസഭയുടെ പരിഗണനയ്ക്കുവേണ്ടി, ഗവൺമെന്റിന്റെ തീരുമാനത്തിനുവേണ്ടി പറയുകയാണ്. ഇവിടെ കിട്ടിയിട്ടുള്ള ദുരിതാശ്വാസഫണ്ട് കൊണ്ട് ഈ മാസം 31-ാംതീയതിയ്ക്കകം പണികളൊക്കെ തീർത്തിരിക്കണമെന്നൊണ് നിബന്ധന. സംസ്ഥാനത്തെമ്പാടും നടക്കുന്ന വിവിധ പണികളും വിവിധ കാരണങ്ങളാൽ ഈ മാസം 31-ാം തീയതികൊണ്ട് തീരുകയില്ലെന്ന് നമുക്കറിയാവുന്നതാണ്. ഈ ദുരിതാശ്വാസത്തിനുകിട്ടിയ പണം ഉപയോഗപ്പെടുത്തിക്കൊണ്ട് അത് ചെലവാക്കുന്നതിനുള്ള കാലാവധി ഏറെറവും ചുരുങ്ങിയത് ഏപ്രിൽ, മേയ് ഈ രണ്ടുമാസക്കാലം കൂടി നീട്ടിത്തരുന്നതിന് ആവശ്യപ്പെടണം. അല്ലെങ്കിൽ ഈ സംഖ്യ മുഴുവൻ ചെലവഴിക്കാനും പണിമുഴുവൻ കാലാവധിക്കു മുൻപ് പൂർത്തിയാക്കാനും കഴിയുകയില്ല. അതുകൊണ്ട് ഇക്കാര്യം ഗവൺമെന്റിന്റെ പരിഗണനയ്ക്കുവേണ്ടിവയ്ക്കണമെന്നഭ്യർത്ഥിക്കുന്നു.

ഇവിടെ എന്റെ സുഹൃത്ത് ശ്രീമാൻ വാസുദേവമേനോൻ സൂചിപ്പിച്ച മറെറാരുകാര്യം കൂടി ഈ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനാഗ്രഹിക്കുകയാണ്. വരൾച്ച വരുന്നുവെന്നുള്ളതിന്റെ ചില സൂചനകൾ നമുക്ക് ഇതിനോടകംതന്നെ കിട്ടിയിട്ടുണ്ട്. വരൾച്ച വന്നുകഴിഞ്ഞാലും രാജ്യത്തെ ജനങ്ങൾക്ക് ബുദ്ധിമുട്ടില്ലാത്ത രീതിയിൽ ആ വരൾച്ച തരണം ചെയ്യുന്നതിന് വേണ്ടിയുള്ള പരിപാടികൾ മുൻകൂട്ടി ആസൂത്രണം ചെയ്തുകൊണ്ടുള്ള പ്രവർത്തനങ്ങൾ ഗവൺമെന്റു ഭാഗത്തു നിന്നുണ്ടാകണമെന്ന വസ്തുത ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുന്നു.

അതുപോലെതന്നെ ഈ സഭയിൽ ആരും പറയാത്ത രണ്ടുമൂന്നുപ്രധാനപ്പെട്ട കാര്യങ്ങൾ ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുന്നു. ഇന്ദിരാഗാന്ധിയുടെ ഭരണകാലത്താരംഭിച്ച 'PADI' എന്നറിയപ്പെടുന്ന People's Action for Development of India യുടെ കേരള ഘടകത്തിന്റെ പ്രവർത്തനം നാളിതുവരെ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

People's of Action for Development of India സംഘടിപ്പിച്ചിട്ടുള്ള ഇതിന്റെ പ്രധാന ഉദ്ദേശം വിവിധ ഡിപ്പാർട്ടുമെന്റുകൾ നടത്തുന്ന വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയെന്നുള്ളതിനു പുറമേ അതിനൊരു ജനകീയ അടിത്തറ കൂടിയുണ്ടാക്കുകയെന്നുള്ള മുഖ്യലക്ഷ്യം കൂടി ഉണ്ട്. ആ കേരളഘടകത്തിന്റെ പ്രവർത്തനം

LIBRARY ARCHIVES Kerala Legislative Assembly

എത്രയും വേഗം അടിയന്തിരമായി ആരംഭിക്കുകയും വിവിധ വകുപ്പുകളിൽ നടക്കുന്ന വികസന പ്രവർത്തനങ്ങൾക്ക് ഒരൈക്യരൂപ്യം കൊടുക്കുകയും അതിനൊരു ജനകീയ അടിത്തറയുണ്ടാക്കാൻ വേണ്ടിയുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്യണമെന്ന് ഈയവസരത്തിൽ ഞാൻ ഗവൺമെൻറിനെ ഓർമ്മപ്പെടുത്തുകയാണ്. റൂറൽ ഡവലപ്പ്മെൻറ് ആൻറ് മാർക്കറിംഗ് സൊസൈറ്റി എന്ന് ഒരു സൊസൈറ്റി ഉണ്ട്. ഐ. ആർ. ഡി. പി. പദ്ധതിമൂലം സംസ്ഥാനത്ത് സഹായം കിട്ടുന്ന വളരെയേറെ ആളുകളുണ്ട്. അങ്ങനെ സഹായം കിട്ടുന്ന വർക്കാവശ്യമായിട്ടുള്ള റാമെറ്റീരിയൽസ് നൽകാനും അവർ ഉണ്ടാക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനും ഇന്ന് ഫലപ്രദമായൊരു സംവിധാനം നമ്മുടെ സംസ്ഥാനത്തില്ലെന്നുള്ളത് കണക്കിലെടുത്തുകൊണ്ട് അങ്ങനെ ഒരു സംവിധാനമുണ്ടാക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്കു വേണ്ടിയാണ് റൂറൽ ഡെവലപ്പ്മെൻറ് ആൻറ് മാർക്കറിംഗ് സൊസൈറ്റിക്ക് രൂപം കൊടുത്തിട്ടുള്ളത്. ആ സൊസൈറ്റിയുടെ പ്രവർത്തനം നാം ഫലപ്രദമായരീതിയിൽ ആരംഭിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. 6-ാം പദ്ധതിക്കാലത്ത് ഐ. ആർ. ഡി. പി. ഇനത്തിൽ 160 കോടിരൂപയാണ് വിവിധ കാര്യങ്ങൾക്കുവേണ്ടി വിതരണം ചെയ്തിട്ടുള്ളത്. 160 കോടിരൂപയിൽ 120 കോടിരൂപയും കഴിഞ്ഞ നാലുവർഷം കൊണ്ട് ഈ ഗവൺമെൻറ് അധികാരത്തിൽവന്നതിനുശേഷം ഐ. ആർ. ഡി.പി. പദ്ധതിമൂലം സഹായിച്ചിട്ടുള്ളതാണ്. അവർക്ക് അതിൻെറ പൂർണ്ണമായ സഹായം ലഭിക്കണമെങ്കിൽ ആവശ്യമുള്ള റാ മെറ്റീരിയൽസ് വാങ്ങാനും ഉൽപ്പന്നം വിറ്റഴിക്കാനുമുള്ള സംവിധാനം ഫലപ്രദമായി നടപ്പിലാക്കിയേ മതിയാകൂ.

മറ്റൊരു കാര്യംകൂടി ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തുവാൻ ഞാൻ ഈ സന്ദർഭത്തിൽ ആഗ്രഹിക്കുകയാണ്. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡവലപ്മെൻറ് എന്ന ഒരു പദ്ധതിയുണ്ട്. നമ്മുടെ സംസ്ഥാനത്ത് ഗവൺമെൻറ് ആവിഷ്ക്കരിച്ചിട്ടുള്ള വികസന പദ്ധതികളും പരിപാടികളുമൊക്കെ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാർക്കും ജനപങ്കാളിത്തത്തോടുകൂടി നടപ്പാക്കുന്ന ഈ പരിപാടികളിൽ പങ്കെടുക്കുന്ന പൊതുപ്രവർത്തകർക്കും, സന്നദ്ധസംഘടനകൾക്കും ഒക്കെ ഗ്രാമവികസന പ്രവർത്തനങ്ങളെക്കുറിച്ചുള്ള ഒരു പരിശീലനവും, അതുപോലെ റിസർച്ചും നടത്താൻ വേണ്ടിയുള്ള ഉദ്ദേശത്തോടുകൂടിയാണ് കേന്ദ്ര ഗവൺമെൻറ് ഇതുപോലുള്ള ഇൻസ്റ്റിറ്റ്യൂട്ടുകൾ സംസ്ഥാനങ്ങളിൽ സ്ഥാപിക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളത്. ഞാൻ മനസ്സിലാക്കുന്നിടത്തോളം തെക്കേ ഇൻഡ്യയിൽ ഈ വർഷം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ഈ സ്ഥാപനം, കേന്ദ്ര ഗവൺമെൻറ് കേരളത്തിനായി അനുവദിച്ചിട്ടുണ്ട് എന്നാണ്. അത് സംസ്ഥാന ഗവൺമെൻറ് കൊട്ടാരക്കരയിൽ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത് എന്നാണ് അറിയാൻ സാധിക്കുന്നത്. എവിടെസ്ഥാപിച്ചാലും വേണ്ടില്ല-കേന്ദ്ര പ്രധാനമായ എറണാകുളം ജില്ലയിൽ സ്ഥാപിക്കുന്നതാണ് ഏറ്റവും നല്ല തെന്നാണ് എൻെറ അഭിപ്രായം.-ഇല്ലെങ്കിൽ കൊട്ടാരക്കരയിലാണെങ്കിൽപ്പോലും അത് ഒട്ടും തന്നെ വൈകാതെ വളരെയേറെ പ്രയോജനകരമായ ഈ സ്ഥാപനത്തിൻെറ പ്രവർത്തനങ്ങൾ ആരംഭിക്കണമെന്ന് ഈ സന്ദർഭത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഒന്നുരണ്ടു കാര്യങ്ങൾകൂടി ഈ സന്ദർഭത്തിൽ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ മൂന്നു നാലു ദിവസക്കാലം കൊണ്ട് ഇവിടെ നടന്ന ചർച്ചകളിൽ ഈ ഗവൺമെൻറ് രാജി വയ്ക്കണം, ഈ ഗവൺമെൻറ് ഫലപ്രദമായി ഒന്നും ചെയ്യുന്നില്ല എന്ന് പ്രതിപക്ഷ നേതാവും പ്രതിപക്ഷ

LIBRARY ARCHIVES Kerala Legislative Assembly

ത്തിരിക്കുന്ന മറ്റു പല അംഗങ്ങളും സൂചിപ്പിക്കുകയുണ്ടായി. എന്റെ അഭിപ്രായത്തിൽ ആത്മാർത്ഥത ഈ ഗവൺമെന്റിനോടുള്ളതുകൊണ്ടാണ് അവർ അത് പറയുന്നത്. ഈ ഗവൺമെന്റ് രാജി വയ്ക്കണമെന്നുള്ള ആഗ്രഹം എനിക്കില്ല. ഓരോരുത്തരോടും വ്യക്തിപരമായി ചോദിച്ചാൽ ഈ ഗവൺമെന്റ് നിലനിന്നു കാണണമെന്നാണ് അവരും ആഗ്രഹിക്കുന്നത് എന്നുള്ളത് അവർ സമ്മതിക്കും എന്നാണ് എനിക്ക് തോന്നുന്നത്. ഈ ഗവൺമെന്റ് നിലനിന്നു കാണണമെന്ന് ഏറ്റവും കൂടുതൽ ആഗ്രഹിക്കുന്നത് സഖാവ് ഇ.എം.എസ്. ആണെന്നു പറയാൻ ഞാൻ മടിക്കുന്നില്ല ഈ നിയമസഭാ സമ്മേളന കാലഘട്ടത്തിൽ ഈ ഗവൺമെന്റിനെതിരായി ഒരു അവിശ്വാസപ്രമേയം കൊണ്ടുവരാൻ പ്രതിപക്ഷങ്ങൾക്കു സാധിക്കുമോ? സഖാവ് ഇ.എം.ശങ്കരൻ നമ്പൂതിരിപ്പാട് നിങ്ങൾക്ക് അതിനുള്ള അനുമതി തരുമോ എന്ന് ഈ സന്ദർഭത്തിൽ ഞാൻ ആത്മാർത്ഥമായി, പരസ്യമായി ചോദിക്കാൻ ആഗ്രഹിക്കുകയാണ്. തരില്ല, സഖാവ് ഇ.എം.എസിന് അറിയാം. ഈ ഗവൺമെന്റ് നിലനിൽക്കണം, ഈ ഗവൺമെന്റ് നിലനിന്നു കാണണമെന്ന് അതിയായി, ആത്മാർത്ഥമായി അദ്ദേഹം ആഗ്രഹിക്കുന്നു എന്നുള്ളത് ആർക്കും സംശയമില്ലാത്ത ഒരു കാര്യമാണ്. ശ്രീ. ഇ.എം.എസ്. മാത്രമല്ല, ഇവിടെ പ്രതിപക്ഷത്തിരിക്കുന്ന പ്രത്യേകിച്ച് മാർക്സിസ്റ്റ് പാർട്ടിയിൽപ്പെട്ട ബഹുഭൂരിപക്ഷം അംഗങ്ങളുടേയും അഭിപ്രായം അതുതന്നെയാണ് എന്നുള്ളത് ഞങ്ങൾക്കാർക്കും ഒരു സംശയവുമില്ലാത്ത കാര്യമാണ് ആദ്യമായി ഈ നിയമസഭ സമ്മേളിച്ച കാലഘട്ടത്തിൽ പ്രത്യേകിച്ച് പത്രങ്ങൾ ബലഹീനമായ പ്രതിപക്ഷമാണ് ഇത് എന്ന് എഴുതിക്കഴിഞ്ഞപ്പോൾ അങ്ങനെയല്ല എന്ന് ഒന്ന് കാണിക്കാൻവേണ്ടി, കുറേ ഒച്ച വയ്ക്കാൻവേണ്ടി ഒരു പുതിയ വാദഗതിയുമായി മുന്നോട്ടുവന്നു എന്നുള്ളതല്ലാതെ അതിൽ കൂടുതൽ ആത്മാർത്ഥതയൊന്നും എനിക്ക് തോന്നുന്നില്ല. എന്താണ് സർ, ഇന്ന് പ്രതിപക്ഷത്തിന്റെ സ്ഥിതി എന്താണ് മാർക്സിസ്റ്റ് പാർട്ടിയുടെ സ്ഥിതി? പണ്ടൊക്കെ ഞങ്ങൾ പറയാറുണ്ടായിരുന്നു മാർക്സിസ്റ്റ് പാർട്ടിയിൽ ഗ്രൂപ്പ് വഴക്ക് മൂർച്ഛിച്ചിരിക്കുന്നുവെന്ന്. അന്ന് അതൊക്കെ നിഷേധിച്ചിരുന്നു. ഇന്ന് ഒരു കാര്യം ആരും സമ്മതിക്കുമെന്നാണ് തോന്നുന്നത്. ഇന്ന് അത് മൂർച്ഛിച്ചിരിക്കുകയാണ്. ഇന്ന് തിരു—കൊച്ചിയിലുള്ള നേതാക്കൻമാർ ഒരു ഭാഗത്ത്. മലബാറിലുള്ള നേതാക്കൻമാർ മറ്റൊരു ഭാഗത്ത്. രണ്ടും രണ്ടു ചേരിയിലായി, ഒരു തുറന്ന യുദ്ധംതന്നെ ആരംഭിച്ചിരിക്കുകയാണ്. ഇതിന്റെ പ്രധാനപ്പെട്ട കാരണമെന്താണ്? എറണാകുളത്ത് നടന്ന സംസ്ഥാന സമ്മേളനത്തിൽ അവതരിപ്പിച്ച ബദൽ രേഖയിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്, ഈ സംസ്ഥാനത്ത് വളർന്നു വരുന്ന യുവാക്കൻമാരും അഭ്യധാനിക്കുന്ന അടിസ്ഥാന വർഗ്ഗങ്ങളും മാർക്സിസ്റ്റ് പാർട്ടിയിൽ നിന്ന് ഒഴുകിപ്പോകുന്നു എന്ന്. നേതൃത്വത്തിന്റെ കഴിവുകേടാണ് അത്. കാലപ്പഴക്കം ചെന്ന, കഴിവില്ലാത്തവർ നേതൃത്വസ്ഥാനത്ത് നിന്ന് ഒഴിയണമെന്നു പറഞ്ഞു അതിനെ ചോദ്യം ചെയ്തു മുന്നോട്ടു വന്ന ശ്രീ. എം. വി. രാഘവനേയും, ശ്രീ. പി. വി. കുഞ്ഞിക്കണ്ണനേയും സ്ഥിതി എന്താണ്?

ശ്രീമതി കെ. ആർ. ഗൗരി അമ്മ: ബദൽ രേഖ ശ്രീ. തങ്കച്ചനായിരുന്നല്ലോ എഴുതിക്കൊടുത്തയച്ചിരുന്നത്. അല്ലേ? ആ വാചകങ്ങളും, വാക്കുകളും! ചെറുപ്പക്കാരും യുവാക്കളും ആയിട്ടുള്ള ആളുകൾ ഒഴുകിയൊഴുകിപ്പോകുന്നു എന്നൊക്കെ പറഞ്ഞത് ബദൽരേഖ എഴുതിക്കൊടുത്തത് ശ്രീ. തങ്കച്ചനല്ലേ?

ശ്രീ. പി. പി. തങ്കച്ചൻ: ഞാൻ അല്ല, ഈ രാജ്യത്ത് നടക്കുന്ന കാര്യങ്ങളെപ്പറ്റി ആർക്കാണ് അറിയാത്തത്? പത്രങ്ങളിൽ വരുന്നു. ഇതൊക്കെ ഇന്ന് അങ്ങാടിപ്പാട്ടല്ലേ? മാർക്സിസ്റ്റ് പാർട്ടിയിൽ ഇത്തരം കാര്യങ്ങളൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

പണ്ടായിരുന്നു രഹസ്യം. ഇന്ന് ഇതൊക്കെ പാട്ടാണ്. ഇന്ന് ഏത് പാർട്ടിയേക്കാളും കൂടുതൽ രഹസ്യങ്ങൾ ചോർന്നുപോകുന്നതും പരസ്യമാകുന്നതും മൊക്കെ മാർക്സിസ്റ്റ് പാർട്ടിയുടെ പ്രവർത്തനങ്ങളിലാണ്. ഏത് പത്രങ്ങളിലാണ് നിങ്ങളുടെ യോഗങ്ങൾ ചേർന്നു കഴിഞ്ഞാൽ അതിന്റെ ചർച്ചകൾ വരാത്തത്? ഇതൊന്നും ആരും നിഷേധിച്ചിട്ടില്ലല്ലോ? അങ്ങനെ വാർത്തകൾ ചോർത്തിക്കൊടുത്തു എന്നതിന്റെ പേരിൽ ചില സഖാക്കളുടെ പേരിൽ നടപടിയെടുത്തിട്ടില്ലെ? ഈയടുത്ത കാലത്ത് ഇതൊക്കെ ഞങ്ങൾക്കും ഒക്കെ അറിയാവുന്ന കാര്യങ്ങളാണ്. ഇതൊന്നും വലിയ രഹസ്യമൊന്നുമല്ല. നേതൃത്വത്തെ ചോദ്യം ചെയ്തു. ജനാധിപത്യ പാർട്ടി എന്നാണ് പറയുന്നത്. ചോദ്യം ചെയ്യാൻ പാടില്ല. ശ്രീ. എം. വി.രാഘവനും ശ്രീ. കുഞ്ഞിക്കണ്ണനും ഈ നേതൃത്വത്തിന്റെ കഴിവുകേട് കൊണ്ടാണ് ഈ രാജ്യത്തെ അടിസ്ഥാന വർഗ്ഗങ്ങളും ചെറുപ്പക്കാരും പാർട്ടിയിൽ നിന്ന് പോകുന്നതെന്ന് പറഞ്ഞു, നേതൃത്വം മാറണമെന്നു പറഞ്ഞത് ശക്തിയായി ചോദ്യം ചെയ്തുകൊണ്ടാണ് ഈ രണ്ടുപേർക്കും അവരെ സപ്പോർട്ട് ചെയ്ത ആളുകൾക്കും പുറത്തുപോകേണ്ട ഗതികേട് വന്നിട്ടുള്ളത്.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: ബഹുമാനപ്പെട്ട രാഘവനേയും കുഞ്ഞിക്കണ്ണനേയും മാത്രമല്ല അടുത്തുതന്നെ ശ്രീ. നായനാർക്കെതിരായും നടപടി വരുന്നുവെന്നും ശ്രീ. നായനാരെ പ്രതിപക്ഷസ്ഥാനത്തു നിന്ന് മാറ്റി ശ്രീമതി ഗൗരിയെ പ്രതിപക്ഷ നേതാവാക്കുന്നു എന്നുമുള്ള കാര്യംകൂടി അങ്ങേക്ക് അറിയാമോ?

ശ്രീമതി കെ. ആർ. ഗൗരിഅമ്മ : കഴിഞ്ഞ നിയമസഭ വരെ പാട്ട് വേറെ വിധത്തിലായിരുന്നു. അന്നത്തെ പല്ലവി ഗൗരിയമ്മയ്ക്ക് കിട്ടാനുള്ള സ്ഥാനം കിട്ടിയില്ല എന്നായിരുന്നു. അനുപല്ലവി ഇപ്പോഴും വേറെയായി. വേറെ പാട്ടിന്റെ അനുപല്ലവിയാണ് ഇപ്പോഴും പാടുന്നത്. പാട്ട് മാറ്റി പല്ലവിയും അനുപല്ലവിയും പാടുന്നത് ശരിയാണോ?

ശ്രീ. പി. പി. തങ്കച്ചൻ: ഇന്ന് മാർക്സിസ്റ്റ് പാർട്ടിയുടെ പുതിയ സെക്രട്ടേറിയറ്റിൽ ശ്രീ. അച്യുതാനന്ദൻ, രവീന്ദ്രനാഥ്, സുശീലാഗോപാലൻ, ലോറൻസ്, രാമചന്ദ്രൻപിള്ള, ബാലാനന്ദൻ തുടങ്ങിയ ആളുകളല്ലേ ഉള്ളത്? കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അംഗസംഖ്യയുള്ള മുഴുവൻ ആളുകളും മലബാറിൽ, പ്രത്യേകിച്ച് കണ്ണൂർ പ്രദേശത്താണ് ഉള്ളത്. അവിടെ നിന്നും ശ്രീ. ചടയൻഗോവിന്ദൻ എന്ന ഒരാളല്ലാതെ പഴയ മലബാർ പ്രദേശത്തുനിന്ന് നിങ്ങളുടെ പാർട്ടിയുടെ സെക്രട്ടേറിയറ്റിൽ വേറെ ആരാണ് ഞാൻ മുമ്പ് പറഞ്ഞ സഖാക്കളല്ലാതെ മലബാറിന്റെ പ്രാതിനിദ്ധ്യമുള്ളവരായി ഉള്ളത്? ഈ അസംബ്ലിയിൽത്തന്നെ ഏറ്റവും കൂടുതൽ അംഗങ്ങളുള്ള.....

ശ്രീമതി കെ. ആർ. ഗൗരിഅമ്മ : ആരോ ഇവിടെ പറഞ്ഞു. ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് തിരുകൊച്ചിക്കാരനാണ് എന്ന്. ശ്രീ. ഇ. എം. എസ്. മലബാറിലുള്ള ആളാണ്. ഞങ്ങൾ മലബാറും തിരുകൊച്ചിയും നോക്കാറില്ല. മറ്റ് ജാതിയും നോക്കാറില്ല. നിങ്ങളാണ് ഇതൊക്കെ നോക്കുന്നത്.

ശ്രീ. പി. പി. തങ്കച്ചൻ: ഇതൊക്കെ എല്ലാവർക്കും അറിയാവുന്ന കാര്യങ്ങളാണ്. അങ്ങനെ നോക്കിയില്ലായിരുന്നുവെങ്കിൽ ശ്രീമതി ഗൗരിയായിരുന്നല്ലോ ഇവിടെ നേതാവും മുഖ്യമന്ത്രിയുമൊക്കെ ആകേണ്ടിയിരുന്ന യോഗ്യതയുള്ളതും അങ്ങനെയാകേണ്ട ആളും. എന്തായാലും ശ്രീ. നായനാരുടെ കാര്യം ഇവിടെ പ്രതിപക്ഷ ബഹുമാനത്തോടുകൂടി ഞാൻ പറയുന്നു—

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹത്തിന്റെ പക്വതയേയും പ്രായത്തേയും കണക്കിലെടുത്ത് അദ്ദേഹവും ഇന്ന് സൂക്ഷ്മനിരീക്ഷണത്തിലാണ്. വരുന്ന തവണ ശ്രീ. നായനാർ ഉംപ്പെടെയുള്ള ആളുകൾക്ക് സീറ്റ് കിട്ടുമോ എന്നുള്ള കാര്യം തന്നെ ഇന്ന് വളരെ സംശയത്തിലിരിക്കുന്ന സ്ഥിതിവിശേഷമാണ് ഈ രാജ്യത്ത് ഉണ്ടായിട്ടുള്ളത്. ശ്രീ. എം. വി. രാഘവന്റേയും ശ്രീ. കുഞ്ഞിക്കണ്ണന്റേയും കാര്യങ്ങൾ ഇവിടെ പറഞ്ഞു. അത് ശ്രീ. ഹസ്സനാണ് ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ തുടങ്ങിവച്ചത്. പാർട്ടിയുടെ ഡെപ്യൂട്ടി ലീഡർകൂടിയായ ശ്രീമതി ഗൗരി മറുപടി പറഞ്ഞപ്പോൾ ഒരക്ഷരം അതേക്കുറിച്ചു പറഞ്ഞോ? അതിന് ശ്രീ. ഒ. ഭരതനാണ് മറുപടി പറഞ്ഞത്. ശ്രീമതി ഗൗരിക്കുകൂടി ശ്രീ. കുഞ്ഞിക്കണ്ണന്റേയും ശ്രീ. രാഘവന്റേയും പേരിൽ നടത്തിയിട്ടുള്ള നടപടികൾ തെറ്റായിപ്പോയി എന്ന് ബോദ്ധ്യമുണ്ടെന്നാണ് എന്റെ വിശ്വാസം. അത് കൊണ്ടാണ് നിങ്ങൾ മറുപടി പറയാതെ ഒഴിഞ്ഞുമാറിയത്. അവിടെനിന്നും ശ്രീ. ഒ. ഭരതൻ മാത്രമാണ് അതിന് മറുപടി പറയാൻ രംഗത്ത് വന്നത്.

അതുപോലെതന്നെ ഈ നിയമസഭയിൽ കാണാൻ സാധിക്കുന്ന, ഞങ്ങൾക്കൊക്കെ ബുദ്ധിമുട്ടുള്ള ഒരു കാര്യം പക്വമതിയായ, പരിചയ സമ്പന്നനായ, വളരെക്കാലം തന്റെ ആയുസ്സും ആരോഗ്യവും നോക്കാതെ പാർട്ടിയെ വളർത്താൻ വേണ്ടി കഷ്ടപ്പെട്ട്, അദ്ധ്വാനിച്ചിട്ടുള്ള ശ്രീ. കുഞ്ഞിക്കണ്ണന്റേയും അതുപോലെ യുവജനങ്ങളുടെ ഹരം, മാർക്സിസ്റ്റ് പാർട്ടിയുടെ ഗ്ലാമർ എന്നൊക്കെ വിശേഷിപ്പിക്കുന്ന സഖാവ് എം. വി. രാഘവന്റേയും ശബ്ദം കേൾക്കാൻ ഞങ്ങൾക്ക് അതിയായ ആഗ്രഹമുണ്ട്. ഈ അസംബ്ലിയിലുള്ള ഞങ്ങൾക്ക് മാത്രമല്ല, ഈ സംസ്ഥാനത്തെ ജനങ്ങൾക്ക് മുഴുവൻ, ആനുകാലിക, സമകാലീനരാഷ്ട്രീയ പ്രശ്നങ്ങളെക്കുറിച്ച് ഈ രണ്ട് ഉയർന്ന നേതാക്കൻമാർക്കും എന്താണ് പറയാനുള്ളത് എന്ന് കേൾക്കാൻ അതിയായ ആഗ്രഹമുണ്ട്. ഇന്ന് നാല് ദിവസമായി അവരുടെ ശബ്ദം ഞങ്ങൾക്ക് കേൾക്കാൻ സാധിക്കുന്നില്ല. അതുകൊണ്ട് ചെയറിന്റെ അനുവാദത്തോടുകൂടി ഞാൻ വാക്കാൽ ഒരു പ്രമേയം അവതരിപ്പിക്കാൻ ഉദ്ദേശിക്കുകയാണ്. ഈ സഭയിലെ രണ്ട് പ്രമുഖ അംഗങ്ങളായ ശ്രീ. എം. വി. രാഘവനും ശ്രീ. പി. വി. കുഞ്ഞിക്കണ്ണനും ഈ സഭയിൽ ഹാജരാകുകയും പ്രസംഗിക്കാൻ അവർക്ക് അതിയായ ആഗ്രഹം ഉണ്ടായിട്ടും പ്രസംഗിക്കാൻ ഉള്ള അവരുടെ മൗലികാവകാശം നിഷേധിച്ച് വായ് അടച്ചുകെട്ടിയിരിക്കുന്ന മാർക്സിസ്റ്റ് പാർട്ടിയുടെ അത്യന്തം ദുരുദ്ദേശപരവും ഹീനവുമായ നടപടിയിൽ ഈ സഭ ശക്തിയായ പ്രതിഷേധം പ്രകടിപ്പിക്കുന്നു, നാവനക്കാൻ പോലും അവകാശം നിഷേധിക്കപ്പെട്ടിരിക്കുന്ന ഈ നേതാക്കൻമാരോട് സഭാംഗങ്ങൾക്ക് പൂർണ്ണമായ സഹതാപമുണ്ട്. അത് ഞങ്ങൾ പ്രകടിപ്പിക്കുന്നു. അഭിപ്രായസ്വാതന്ത്ര്യത്തിൻമേലുള്ള മാർക്സിസ്റ്റ് പാർട്ടിയുടെ ഈ കൈയേറ്റം അവസാനിപ്പിക്കണമെന്ന് ഈ സഭ മാർക്സിസ്റ്റ് പാർട്ടിയോട് അഭ്യർത്ഥിക്കുന്നു. അതോടൊപ്പംതന്നെ ഊരുവിലക്ക് അവകാശലംഘനമായി ഈ സഭ കണക്കാക്കുന്നു. ഈ സമ്മേളന കാലത്ത് എന്തെങ്കിലുമൊന്ന് ഉരിയാടാൻ അവർക്ക് അനുവാദം കൊടുക്കണമെന്ന് ബഹുമാനപ്പെട്ട സ്പീക്കറോട് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. പ്രതിപക്ഷങ്ങൾ ഉൾപ്പെടെ ഈ പ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എം. എം. ഹസ്സൻ: ശ്രീ. തങ്കച്ചന്റെ പ്രമേയത്തിന് ഒരു ചെറിയ ഭേദഗതി. ഇവരുടെ പ്രാതിനിധ്യാവകാശങ്ങൾ ധ്വംസിക്കപ്പെട്ടത് മനുഷ്യാവകാശകമ്മീഷന്റെ പരിഗണനയിൽ സമർപ്പിക്കണമെന്ന ഭേദഗതിക്കൂടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പി. തങ്കച്ചൻ: ആ ഭേഗതികൂടി ഞാൻ സ്വീകരിച്ചു, ഐകകണ്ഠ്യേന ഈ സഭ ആ പ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

[അദ്ധ്യക്ഷ വേദിയിൽ മി. സ്പീക്കർ]

ശ്രീ. വി. കേശവൻ: സർ, ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. അതിലേക്ക് കടക്കുന്നതിനുമുമ്പ് ഇന്ന് ഉച്ചയ്ക്കുശേഷം അല്ലെങ്കിൽ മാർച്ച് 31 നു ശേഷം ഇവിടെ നടക്കാൻ പോകുന്ന ഒരു അനുശോചന ചടങ്ങിനുള്ള പ്രമേയം ആദ്യമായി ഞാൻ അവതരിപ്പിക്കുകയാണ്. രാജ്യരക്ഷാചട്ടങ്ങളെ ലംഘിച്ചും ഖജനാവ് മുടിച്ചും ഈ രാജ്യത്ത് പിൻതിരിപ്പൻ ശക്തികളുടെയും വിഘടനശക്തികളുടെയും അഴിഞ്ഞാട്ടത്തിന് കളമൊരുക്കിയ ശ്രീ. കരുണാകരൻ സർക്കാരിന്റെ അവസാനം കുറിക്കുന്ന, ഈ സമയത്ത് അതിനുവേണ്ടിയുള്ള അനുശോചനപ്രമേയം ഞാൻ ഇവിടെ അവതരിപ്പിക്കുകയാണ്. ഉപധനാഭ്യർത്ഥനകളുടെ തുടക്കം കുറിച്ചുകൊണ്ട് ശ്രീ. കുട്ട്യാലി കൊയിലാണ്ടി തെരുവുകളിൽ നടത്തുന്ന പ്രസംഗത്തിന്റെ പകർപ്പ് ഇവിടെ ആവർത്തിക്കുകയുണ്ടായി. ഈ ഗവൺമെന്റ് ചെലവാക്കിയ തുകയെ സംബന്ധിച്ചുള്ള കാര്യങ്ങളോ, ഈ നാടിന്റെ പുരോഗതിക്കുവേണ്ടി സർക്കാർ ചെയ്ത കാര്യങ്ങളോ ഭരണകക്ഷിയിലെ പ്രമുഖ കോൺഗ്രസ് നേതാവായ അദ്ദേഹത്തിന് പറയാൻ ഉണ്ടായിരുന്നില്ല. അദ്ദേഹത്തിന് ഒരു ബുദ്ധിമുട്ട് തോന്നിയത് പഞ്ചാബ് തെരഞ്ഞെടുപ്പിൽ സഖാവ് ഇ. എം. എസ്. പോകാത്തതിലാണ്. അതുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്നാണ് അദ്ദേഹം പറയുന്നത്. അത് എന്ത് ന്യായമാണെന്ന് എനിക്ക് അറിയുകയില്ല. പഞ്ചാബിലെ തെരഞ്ഞെടുപ്പിന് സഖാവ് ഇ. എം. എസ്. പോയില്ല. കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയുടെ പോളിറ്റ്ബ്യൂറോ മെമ്പർമാരായ സഖാവ് പി. ടി. രണദിവെയും. ഹർകിഷൻ സുർജിത്സിംഗും അടക്കമുള്ള പ്രമുഖരായ നേതാക്കൻമാർ അവിടെ തെരഞ്ഞെടുപ്പ് പ്രവർത്തനത്തിന് ഉണ്ടായിരുന്നു. എല്ലാവർക്കും അറിയാവുന്നതുപോലെ കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയുടെ 12-ാം അഖിലേന്ത്യാ സമ്മേളനത്തിന്റെ ഒരുക്കങ്ങൾ നടത്തിക്കൊണ്ടിരുന്ന സമയത്ത് അതിന്റെ ജനറൽ സെക്രട്ടറി എന്നുള്ള നിലയിൽ സഖാവ് ഇ. എം. എസ്. അക്കാലത്ത് നടന്നിട്ടുള്ള പല തെരഞ്ഞെടുപ്പ് രംഗത്തും പോയിട്ടില്ല. കേരളത്തെ സംബന്ധിച്ചിടത്തോളം രാഷ്ട്രീയ പ്രാധാന്യമർഹിക്കുന്ന ഒരു തെരഞ്ഞെടുപ്പായിരുന്നു റാന്നി ഉപതെരഞ്ഞെടുപ്പ്. ആ ഉപതെരഞ്ഞെടുപ്പിൽ പങ്കെടുക്കണമെന്ന് എല്ലാവരും അന്ന് ആവശ്യപ്പെട്ടിട്ടും അദ്ദേഹത്തിന് വരാൻ കഴിയുകയില്ല എന്ന് അറിയിച്ചിരുന്നു. അങ്ങനെ ആ തെരഞ്ഞെടുപ്പിൽ പങ്കെടുക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. ഒരു കാര്യം ശ്രീ. കുട്ട്യാലിയോടും കോൺഗ്രസ്സിനോടും ചോദിക്കട്ടെ. ശ്രീമതി ഇന്ദിരാഗാന്ധി ജീവിച്ചിരിക്കുമ്പോഴും മരിച്ചതിനുശേഷവും അവരുടെ പടമുപയോഗിച്ച് വോട്ടുപിടിക്കാൻ ശ്രമിച്ച നിങ്ങൾ എന്തുകൊണ്ട് പഞ്ചാബ് തെരഞ്ഞെടുപ്പിൽ ശ്രീമതി ഇന്ദിരാഗാന്ധിയുടെ പേരുപോലും വച്ചില്ല? അതിന് മറുപടി പറയണം. ശ്രീമതി ഇന്ദിരാഗാന്ധിയുടെ പേരുപോലും ആ തെരഞ്ഞെടുപ്പു രംഗത്ത് ഉപയോഗിച്ചു പോകരുതെന്ന് കേന്ദ്ര നേതൃത്വം നിർദ്ദേശം കൊടുത്തതുകൊണ്ടാണ് നിങ്ങൾ ഉപയോഗിക്കാതിരുന്നത്. അവരുടെ പേരുപോലും ഉരിയാടാതെ, വചനങ്ങൾ ഉദ്ധരിക്കാതെയാണ് നിങ്ങൾ വോട്ടുപിടിച്ചത്. ഈ ഗവൺമെന്റിന്റെ നേട്ടങ്ങളെപ്പറ്റി ഒന്നും പറയാനില്ലാത്തതുകൊണ്ട് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയേയും അതിന്റെ നേതാക്കൻമാരേയും കുറെ തെറി പറഞ്ഞുകൊണ്ട് ഇവിടെ നിന്ന് രക്ഷപ്പെടാം എന്നാണ് വിചാരമെങ്കിൽ കേരളത്തിലെ ജനങ്ങൾ അത് അനുവദിയ്ക്കുകയില്ലായെന്ന് ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

വികസന പ്രവർത്തനങ്ങളും ധാരാളം നടത്തിയിരിക്കുന്നുവെന്നു പറഞ്ഞു. എവിടെയാണ് വികസനപ്രവർത്തനങ്ങളും നടന്നത്? മന്ത്രിമാരുടെയും വിദ്യാഭ്യാസക്കച്ചവടക്കാരുടെയും മദ്യഷാപ്പു കോൺട്രാക്ടർമാരുടെയും പോക്കറ്റുകളും വികസിച്ചു; ബ്ലേഡ് കമ്പനികളുടെ പണപ്പെട്ടി വികസിച്ചു, രേണുകക്ഷിപ്രവർത്തകരുടെ സാമ്പത്തികനില വികസിച്ചുവെന്നതിൽ കവിഞ്ഞ് ഈ സംസ്ഥാനത്തെ ജനങ്ങൾക്ക് എന്തു ഗുണമാണുണ്ടായിട്ടുള്ളത്?

കാർഷികരംഗത്തെ സ്ഥിതിയെപ്പറ്റി ഇവിടെ പറഞ്ഞു. നെൽപ്പാടങ്ങളും നികത്തിക്കൊണ്ടിരിക്കുകയാണ്. കൃഷിവകുപ്പുമന്ത്രി ഇവിടെ പറഞ്ഞ കണക്ക് തെറ്റാണ്. അദ്ദേഹം പറഞ്ഞത് 12,910 ഏക്കർ ഭൂമി നികത്തിയെന്നാണ്. എന്നാൽ ഇവിടുത്തെ നെൽക്കൃഷി ഭൂമിയുടെ മൂന്നിലൊന്നു ഭാഗം ഇതിനകം നികത്തിക്കഴിഞ്ഞിരിക്കുകയാണ്. റോഡിൽകൂടി സഞ്ചരിക്കുന്നയാളുകൾക്ക് ഇതു കാണാൻ സാധിക്കും. ഇരുപത്തി മൂവായിരം ടൺ നെല്ലുൽപ്പാദനം കുറഞ്ഞുവെന്നു പറയുന്നത് അസംബന്ധമാണ്, അത് ശരിയായ കണക്കല്ല. കഴിഞ്ഞ അസംബ്ലി സമ്മേളനത്തിൽ 38,000 ടൺ നെല്ലുൽപ്പാദനം കുറഞ്ഞിരിക്കുന്നുവെന്ന് പറഞ്ഞിരുന്നു. എന്നാൽ ഉൽപ്പാദനം ഇപ്പോൾ അതിനേക്കാൾ കുറഞ്ഞിരിക്കുകയാണ്. നെൽക്കൃഷിക്കാർ ആ കൃഷി വിട്ട് പൊയ്ക്കൊണ്ടിരിക്കുകയാണ്. നാളികേരമടക്കമുള്ള നാണ്യവിളകൾക്ക് ഉൽപ്പാദനച്ചെലവുമായി ബന്ധപ്പെട്ട വില കിട്ടുന്നില്ല കാർഷികരംഗം ആകെ തകർച്ചയിലാണ്. അതിന്റെ ഫലമായിട്ട് നെൽപ്പാടങ്ങളും നാണ്യവിളകളും ഉൽപ്പാദിപ്പിക്കുന്ന ഭൂമിയായി മാറിക്കൊണ്ടിരിക്കുകയാണ്. കൃഷിവകുപ്പുമന്ത്രിയും വനംവകുപ്പുമന്ത്രിയും ഈ ഗവൺമെന്റും ഇതിന് പ്രോൽസാഹനം കൊടുത്തുകൊണ്ടിരിക്കുകയാണ്. നെൽക്കൃഷി നഷ്ടപ്പെടുന്നതിന്റെ ഫലമായിട്ട് പതിനായിരക്കണക്കിന് കർഷകത്തൊഴിലാളികളും തൊഴിലില്ലായ്മയിലേക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. സ്ത്രീകളാണ് നെൽപ്പാടത്തിൽ പണിയെടുക്കുന്നതിൽ ഏറ്റവും കൂടുതൽ. അവർ കൂട്ടത്തോടെ തൊഴിലില്ലാത്തവരായിത്തീർന്നിരിക്കുന്നു. അങ്ങനെ കർഷകത്തൊഴിലാളികളെ തകർക്കുന്ന, ഭക്ഷ്യപ്രതിസന്ധിയുണ്ടാക്കുന്ന സ്ഥിതിയിലേക്ക് ഈ നാടിനെ തള്ളിവിടുകയാണ്. ഈ രാജ്യത്തെ കുത്തക വ്യവസായികൾക്ക് അസംസ്കൃത പദാർത്ഥങ്ങളായ—കൊക്കോ, റബ്ബർ, നാളികേരം ഇവ കുറഞ്ഞവിലയ്ക്ക് ഉൽപ്പാദിപ്പിച്ചുകൊടുക്കാൻ വേണ്ടി കാർഷികരംഗത്ത് പരിവർത്തനം നടത്തിക്കൊണ്ടിരിക്കുന്നു. അതിന്റെ ഫലമായിട്ട് ഈ രാജ്യത്തെ തൊഴിലാളികളെ പട്ടിണിയിലേക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. അഗാധമായ കുഴപ്പത്തിലേക്കും കാർഷിക തകർച്ചയിലേക്കും, തൊഴിലില്ലായ്മയിലേക്കും അവർ പോകുകയാണ്.

സർ, ക്ഷേമനിധിയെ സംബന്ധിച്ച് പ്രസംഗിക്കുമ്പോൾ കർഷകത്തൊഴിലാളികളില്ലാതെ ആർക്കാണ് ക്ഷേമനിധി നിങ്ങൾ കൊടുക്കാൻ പോകുന്നത്? കർഷകത്തൊഴിലാളികളുടെ വംശനാശം വരുത്തിക്കൊണ്ട് കൃഷിക്കാരെ തകർത്തുകൊണ്ട് പോകുന്ന ഈ ദുഃസ്ഥിതിക്ക് പരിഹാരം കാണാൻ നായനാർ ഗവൺമെന്റിന്റെ കാലത്ത് നിയമിച്ച ജനാർദ്ദനൻ നായർ കമ്മീഷൻ കൊണ്ടുവന്ന റിപ്പോർട്ട് ഈ ഗവൺമെന്റിന്റെ അലമാരയിൽ പൂട്ടിവച്ചിരിക്കുകയാണ്. ആ റിപ്പോർട്ട് പുറത്തെടുത്ത്, അതിൽ പറഞ്ഞിരിക്കുന്നതുപോലെ 50 ശതമാനം വളം സബ്സിഡിയടക്കം കൃഷിക്കാർക്ക് ആകർഷകമായ ആനുകൂല്യങ്ങളും കൊടുക്കണം. അവരെ കൃഷിഭൂമിയിൽ ഉറപ്പിച്ചു നിറുത്തുന്നതിനു പകരം അവരെ തകർക്കുകയാണ് ഈ ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുന്നത്. കാർഷികരംഗം തകർച്ചയിലാണ്. ഇങ്ങനെപോയാൽ വൻകിട ഭൂവുടമസ്ഥൻ

LIBRARY ARCHIVES Kerala Legislative Assembly

മാർ, നെൽക്കൃഷിഭൂമി വെട്ടിനികത്തിയാൽ അതിനെ നേരിടുമെന്ന് കേരള സ്റ്റേറ്റ് കർഷകത്തൊഴിലാളി യൂണിയൻ പ്രഖ്യാപിച്ചിരിക്കുകയാണ്. അങ്ങനെ വൻകിട ഭൂവുടമസ്ഥൻമാർ നെൽക്കൃഷി ഉപേക്ഷിച്ച് നാണ്യവിള കൃഷിയിലേക്ക് പോയാൽ അതിനെ ശക്തിയുപയോഗിച്ച് നേരിട്ട് പരാജയപ്പെടുത്താനുള്ള പ്രത്യക്ഷ സമരത്തിലേക്ക് പോകാൻ തൊഴിലാളികൾ തീരുമാനിച്ചിരിക്കുകയാണ്.

ഇവിടെ തീരപ്രദേശങ്ങളിൽ 5 ലക്ഷത്തോളം കയർത്തൊഴിലാളികളുണ്ട്. രണ്ടേകാൽ ലക്ഷം ആളുകൾ സഹകരണമേഖലയിലാണ് പ്രവർത്തിക്കുന്നത്. പത്തുകോടിരൂപയുടെ കയർ പ്രൈമറി സഹകരണ സംഘങ്ങളിൽ കെട്ടികിടപ്പുണ്ട്. ശ്രീമാൻ തച്ചടി പ്രഭാകരൻ ഉൾപ്പെടുന്ന കയർ ഫെഡ് കയറെടുക്കുന്നില്ല. അവർ കയർ വാങ്ങിയതിന്റെ രണ്ടുകോടി രൂപ പ്രൈമറി സഹകരണസംഘങ്ങൾക്കു കൊടുക്കാനുണ്ട്. അതിനുവേണ്ടി രണ്ടു കോടി രൂപ നീക്കിവയ്ക്കണമെന്നു പറഞ്ഞിട്ട് ഒരു പൈസപോലും നീക്കിവച്ചിട്ടില്ല. ബഡ്ജറ്റ് തുകയിൽ അധികവും വ്യവസായവകുപ്പിൽ ചെലവാക്കിയിട്ട് ഇപ്പോൾ അതിന് അംഗീകാരം വാങ്ങിക്കാൻ വന്നിരിക്കുകയാണ്. സഹകരണ സംഘങ്ങളിൽ പണിയെടുക്കുന്ന രണ്ടേകാൽ ലക്ഷത്തോളം വരുന്ന തൊഴിലാളികൾക്ക് തൊണ്ട് കിട്ടുന്നില്ല. മലയോരപ്രദേശങ്ങളിലും ചേർത്തല പോലെയുള്ള പ്രദേശങ്ങളിലും പച്ചത്തൊണ്ട് തല്ലാനും ഉണക്കത്തൊണ്ട് തല്ലാനും സ്വകാര്യമുതലാളിമാർ തൊണ്ടുതല്ലുയന്ത്രം വ്യാപകമായി ഉപയോഗപ്പെടുത്തിക്കൊണ്ട് കയർത്തൊഴിലാളികളെ തെരുവാധാരമാക്കിക്കൊണ്ടിരിക്കുകയാണ്. കയർ വ്യവസായപുനരുദ്ധാരണത്തിനും പുനഃസംഘടനയ്ക്കും കൊടുത്തതിൽ 20 ശതമാനം തുകപോലും ചെലവഴിക്കാത്ത കുറ്റകരമായ അനാസ്ഥയാണ് കാണിച്ചു കൊണ്ടിരിക്കുന്നത്. അങ്ങനെയുള്ളവരാണ് വികസനപ്രവർത്തനം നടത്തുന്നത്. ഇത് ആർക്കുവേണ്ടിയാണ് നടത്തുന്നതെന്നാണ് ഞാൻ ചോദിക്കുന്നത്.

ഇതുപോലെതന്നെയാണ് നമ്മുടെ കശുവണ്ടിത്തൊഴിലാളികളുടെ സ്ഥിതിയും. പത്തറുപതോളം റെഗുലർ കശുവണ്ടി ഫാക്ടറികൾ 36 കൊല്ലമായി അടച്ചിട്ടിരിക്കുകയാണ്. സംസ്ഥാന ഗവൺമെന്റ് കാപ്പെക്സിന്റെ നേതൃത്വത്തിൽ 8 ഫാക്ടറികൾ എടുക്കുന്നുവെന്നു പറഞ്ഞു. ഇതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഏപ്രിൽമാസത്തിൽ പ്രവർത്തനം തുടങ്ങുമെന്നാണ് പറഞ്ഞിരിക്കുന്നത്. ബാക്കി ഫാക്ടറികൾ തുറന്നിട്ടില്ല. പത്തുമുപ്പതു വർഷങ്ങളായി അവിടെ പണിയെടുത്തുകൊണ്ടിരുന്ന തൊഴിലാളികൾ ഇന്ന് തെരുവാധാരമാണ്. കശുവണ്ടിക്ക് കുത്തകസംഭരണമില്ല. നല്ലവിളവുണ്ടായിരുന്നിട്ടും 1200 ടൺ കാപ്പെക്സും 1600 ടൺ കോർപ്പറേഷനും എടുത്തു ബാക്കി അത്രയും സ്വകാര്യമുതലാളിമാരും കുത്തകമുതലാളിമാരും ശേഖരിക്കുകയാണ്. അതിനൊന്നിനും പണം മുടക്കുന്നില്ല. ഇതാണ് ആ രംഗത്തെ സ്ഥിതി.

കൈത്തറിത്തൊഴിലാളികളുടെ സ്ഥിതി ഇവിടെ പറഞ്ഞതാണ്. നാട്ടിൻപുറത്ത് അനേകം തൊഴിലാളികളുണ്ട്. കയർത്തൊഴിലാളികൾ സമരത്തിലും പണിമുടക്കിലുമാണ്. മുൻ ഗവൺമെന്റ് അവർക്ക് രണ്ടാഴ്ചത്തെ സൗജന്യ റേഷൻ കൊടുത്തിരുന്നു. ഈ ഗവൺമെന്റ് അവർക്ക് സൗജന്യറേഷൻ കൊടുക്കുന്നില്ല. ആ തൊഴിലാളികൾ അർദ്ധപ്പട്ടിണിയിലാണ്. കയർ വാങ്ങുന്നതിനു വേണ്ടി നടപടി സ്വീകരിക്കാൻ കേന്ദ്രത്തിൽ നിന്ന് കിട്ടാനുള്ള തുക വാങ്ങിക്കൊണ്ട് രണ്ടുകോടി രൂപ മാച്ചിംഗ് ഗ്രാന്റ് കൊടുക്കാൻ നടപടി സ്വീകരിക്കുന്നില്ല. ഇന്ന് കയർഫെഡ് അങ്ങേയറ്റം തകർച്ചയിലാണ്. പരമ്പരാഗത വ്യവസായമെടുത്തു നോക്കിയാൽ കശുവണ്ടി, കയർ,

LIBRARY ARCHIVES Kerala Legislative Assembly

കൈത്തറി മറ്റ് മേഖലകളുടേയും സ്ഥിതി വളരെ പരിതാപകരമാണ്. ഈ രാജ്യത്തെ ബാർബർ തൊഴിലാളികളും സമരത്തിലാണ്. നാട്ടിൻപുറത്ത് ആർട്ടിസാൻസ് വിഭാഗത്തിന് ഇവിടെയൊരു കോർപ്പറേഷനുണ്ട്. അവർക്ക് ഒരു ചില്ലിക്കാശുപോലും സഹായം ചെയ്യുന്നില്ല. അത് കടലാസ് പദ്ധതിയാണ്. ഉദ്യോഗസ്ഥൻമാർക്ക് ശമ്പളം മാത്രം കൊടുക്കുന്നുണ്ട്. നാട്ടിൻപുറത്തെ പാവപ്പെട്ട ഒരു വിഭാഗം ആളുകൾ പണിയെടുക്കുന്ന വിഭാഗമാണ് ആർട്ടിസാൻസ് വിഭാഗം. അവരെ തെരുവാധാരമാക്കി. തയ്യൽത്തൊഴിലാളികൾ കഴിഞ്ഞ ദിവസം സെക്രട്ടേറിയറ്റിന്റെ നടയിൽ സത്യാഗ്രഹം നടത്തി. തയ്യൽത്തൊഴിലാളികൾ പ്രക്ഷോപണത്തിലാണ്. ബാർബർ തൊഴിലാളികളും പ്രക്ഷോപണത്തിലാണ്. ആർട്ടിസാൻസിന് രക്ഷയില്ല.

അതുപോലെ തന്നെ കള്ളുചെത്തു വ്യവസായത്തിൽ പണിയെടുക്കുന്ന ഒരുലക്ഷത്തോളം വരുന്ന തൊഴിലാളികൾ ഇന്ന് അങ്ങേയറ്റം ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. ഈഴവ സമുദായത്തിന്റെ ഉദ്ധാരകനായിട്ട് അവതരിച്ചിട്ടുള്ള സാക്ഷാൽ ഗുരുജി, എക്സൈസ് വകുപ്പുമന്ത്രി, കള്ളു ചെത്തുവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളെ തെരുവാധാരമാക്കുന്ന നടപടിയെടുത്തുകൊണ്ടിരിക്കുകയാണ്. ഈ രാജ്യത്തെ പരമ്പരാഗത വ്യവസായരംഗത്ത് പണിയെടുക്കുന്ന തൊഴിലാളികൾ കണ്ണീരും കയ്യുമായി കഴിയുകയാണ്. കയർബോർഡിൽ പോലും കംപ്യൂട്ടർ കൊണ്ടുവരുന്നു. ആ രംഗത്ത് യന്ത്രം ഉപയോഗിക്കുന്നുണ്ട്. യന്ത്രവൽക്കരണത്തിനേറയും തൊഴിൽ സാദ്ധ്യതയുണ്ടാക്കാനുള്ള നടപടി സ്വീകരിക്കാത്തതിനേറയും ഫലമായി ആ മേഖലയാകെ തകർന്നുകൊണ്ടിരിക്കുകയാണ്. റോഡിൽ കല്ലിട്ടതുകൊണ്ടോ, കുഴിയുണ്ടാക്കിയതുകൊണ്ടോ വികസന പ്രവർത്തനം ആകുകയില്ല. വികസന പ്രവർത്തനങ്ങളെക്കുറിച്ച് കോൺഗ്രസ്സുകാരുടെ ധാരണയെന്താണ്? നിങ്ങൾക്ക് പോക്കറ്റടിക്കാൻ വീർപ്പിക്കണമെന്ന പ്രതീക്ഷയല്ലാതെ മറെറാന്നുമില്ല. ഇവരുടെ വികസന പ്രവർത്തനം പണ്ട് കുഞ്ചൻനമ്പ്യാർ പറഞ്ഞതുപോലെയാണ്. ''ദീപസ്തംഭം മഹാശ്ചര്യം, എനിക്കും കിട്ടണം പണം'' ഇതിൽ കവിഞ്ഞ് ഒന്നും ഈ ഗവൺമെൻറിനോ, കോൺഗ്രസ്സിനോ ഇല്ലാത്തതുകൊണ്ട് ഈ രാജ്യം തകർച്ചയിലാണ്. ഈ ഗവൺമെൻറ് മൂന്നരവർഷക്കാലം കൊണ്ട് ഈ രാജ്യം തകർത്തു. രാജ്യ രക്ഷാചട്ടങ്ങളെ ലംഘിച്ചുകൊണ്ട് ഇവിടെ വിദേശികളെ കടത്തിവിട്ടു. വടക്കേ ഇൻഡ്യൻ സംസ്ഥാനങ്ങളായ പഞ്ചാബിലും, ആസ്സാമിലും, സിക്കിമിലും, നാഗാലാൻഡിലും എല്ലാം പുകഞ്ഞു കത്തുന്ന വിഘടന ശക്തികൾ അമേരിക്കൻ സാമ്രാജ്യശക്തികളുടെ ഏജൻറുമാരുടെ പണവും, ആയുധവും വാങ്ങിക്കൊണ്ട് കലാപം അഴിച്ചുവിട്ടിരിക്കുകയാണ്. മുസ്ലീം ലീഗുകാരും, രേണകക്ഷിയിലെ പഞ്ചാബ് വികസനക്കാരും കൂടി ചേർന്നു കൊണ്ട് രേണകക്ഷിയിലെ ആഭ്യന്തരവകുപ്പുമന്ത്രിയെപ്പോലെയുള്ള ആളുകളെ ക്കൊണ്ട് വടക്കേ ഇൻഡ്യൻ സംസ്ഥാനങ്ങളിലെ പോലെ ഇവിടേയും വിഘടന ശക്തികൾക്ക് താവളമുണ്ടാക്കിക്കൊടുക്കാൻ അവരോട് പണവും പറഞ്ഞിക്കൊണ്ട് നടത്തുന്ന പരിപാടിയാണ് ഇത്. അതുകൊണ്ട് ഈ ഗവൺമെൻറിന്റെ അധികച്ചെലവ് അംഗീകരിച്ചുകൊടുക്കാൻ നിവൃത്തിയില്ല. അവർക്ക് അതിനുള്ള അർഹതയില്ലാത്തതു കൊണ്ട് എത്രയും വേഗം ഇവിടെ നിന്ന് ഇറങ്ങിപ്പോകണം. അതല്ലെങ്കിൽ അതിനെതിരായിട്ട് ബഹുജന സമരം ഈ രാജ്യത്ത് ഉയർന്നുവരാൻ പോകുകയാണ്. അതിന്റെ മുൻപിൽ ഈ ഗവൺമെൻറ് തകർന്നുവീഴും എന്നു പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു. ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ ഒന്നുകൂടി എതിർക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം മാണി): സർ, ഇവിടെ ബഹുമാനപ്പെട്ട മെമ്പർമാർ പല നിർദ്ദേശങ്ങളും വയ്ക്കുകയുണ്ടായി. അവസാനം സംസാരിച്ച ബഹുമാനപ്പെട്ട ചില മെമ്പർമാർ ഈ ഗവൺമെന്റിനെ താഴെയിറക്കാൻ ബഹുജനപ്രക്ഷോഭണം വേണ്ടിവരുമെന്നു പറയുകയുണ്ടായി. എന്തായാലും ആ സംസ്ഥാനത്തിലെ ജനങ്ങളും ഈ ഗവൺമെന്റിനെതിരായി പ്രക്ഷോഭണം നടത്തുമെന്നു ഞാൻ കരുതുന്നില്ല. ജനങ്ങളുടെ ഫലവത്തായ പിൻതുണയുടെ അടിത്തറയിലാണ് ഈഗവൺമെന്റ് നിലകൊള്ളുന്നതെന്നു സംശയലേശമന്യേ ബഹുമാനപ്പെട്ട മെമ്പർമാരെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ബഹുജനങ്ങളുടെ അഭിലാഷങ്ങൾക്ക് രൂപം കൊടുക്കുവാൻ വേണ്ടിയാണ് ഈ ഗവൺമെന്റ് നിലക്കൊള്ളുന്നുത്. ആശയാഭിലാഷങ്ങൾക്ക് നമ്മൾ രൂപം കൊടുക്കുവാൻ പോവുകയാണ്. ജനങ്ങളെ സംബന്ധിച്ചിടത്തോളം, അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടാനും, കഴിയുന്നത്ര ക്ഷേമ പരിപാടികൾ നടപ്പിലാക്കാനും പ്രതിജ്ഞാബദ്ധമായിട്ടാണ് ഈ ഗവൺമെന്റ് നിലകൊള്ളുന്നത്. ആ കാര്യത്തെ സംബന്ധിച്ചിടത്തോളം യാതൊരു സംശയത്തിനും അവകാശമില്ല.

ബഹുമാനപ്പെട്ട ശ്രീ. മൂസ്സാൻകുട്ടി സംസാരിച്ചപ്പോൾ 655 കോടി രൂപയുടെ ഉപധനാഭ്യർത്ഥനകളിൽ ഭൂരിഭാഗവും നോൺപ്ലാൻ ചെലവുകൾക്കാണെന്നു പറയുകയുണ്ടായി. തെറ്റായൊരു വസ്തുതയാണത്. ഏതാണ്ട് 655 കോടി രൂപയുടെ ഉപധനാഭ്യർത്ഥനകളിൽ വികസനേതരചെലവുകൾക്കുവേണ്ടി 600 കോടിരൂപയും പ്ലാനുകൾക്കുവേണ്ടി 54 കോടി രൂപയുമാണ് നീക്കിവച്ചിട്ടുള്ളത്: പക്ഷേ വികസനേതര ചെലവുകൾക്കുള്ള 600 കോടിയിൽ നമുക്കു കാണുവാനുള്ളത് പബ്ലിക്ക് ഡെബ്റ്റ് റീപേമെന്റിനു വേണ്ടിയാണ്. അതാണ് ഈ ഉപധനാഭ്യർത്ഥനയുടെ ഏറ്റവും വലിയ പ്രത്യേകത. 542 കോടി രൂപ പബ്ലിക്ക് ഡെബ്റ്റ് റീ പേയ്മെന്റാണ്. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഈ റീപേമെന്റിനു മുഴുവൻതുക കാണുന്നു എന്നുള്ളത് ഈ ഗവൺമെന്റിന്റെ സാമ്പത്തികശേഷിയുടെ വർദ്ധനവാണ്. സാമ്പത്തികശേഷി വളരെയധികം വർദ്ധിച്ചിരിക്കുന്നതുകൊണ്ടാണ് കൊടുത്തു തീർക്കാനുള്ള മുഴുവൻ കടങ്ങളും റിസർവ്വ് ബാങ്കിനു കൊടുത്തു തീർത്തത്. അതാണ് നമ്മൾ ഇവിടെ ദർശിക്കേണ്ടത്. ഈ തുക ഇവിടെ ഉൾപ്പെടുത്തിയിട്ടുള്ളത്, വാസ്തവത്തിൽ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം വളരെ അഭിനന്ദനം അർഹിക്കുന്ന ഒരു കാര്യമായിട്ടാണ് പരിഗണിക്കേണ്ടത്.

ബഹുമാനപ്പെട്ട മൂസ്സാൻകുട്ടി മറെറാരു കാര്യവും ഇവിടെ പറയുകയുണ്ടായി. ഓവർ ഡ്രാഫ്റ്റിന്റെ പലിശയ്ക്കുവേണ്ടിയുള്ള തുക പ്രൊവൈഡ് ചെയ്തിട്ടുണ്ടെന്ന്. ഇതെന്തൊരു കള്ളക്കളിയെന്നാണ്, അദ്ദേഹം ചോദിച്ചത്. ഓവർഡ്രാഫ്റ്റില്ലായെന്നു പറഞ്ഞാൽ, കഴിഞ്ഞ ഒക്ടോബർ മാസം മുതൽ ഇതുവരെയുള്ളഒരൊറ്റ ദിവസം പോലും ഓവർഡ്രാഫ്റ്റില്ലാതെ, വെയ്സ് ആൻഡ് മീൻസ് ബൗണ്ടറി പോലും ക്ലോസ് ചെയ്യാതെ സംസ്ഥാനത്തിന്റെ സാമ്പത്തിക ധനകാര്യ മാനേജ്മെന്റിനെ ഭദ്രമായി കൊണ്ടുപോകുവാൻ ഈ ഗവൺമെന്റിനു കഴിഞ്ഞിട്ടുണ്ട്. അതിനു മുമ്പ് എടുത്തിട്ടുള്ള ഓവർഡ്രാഫ്റ്റിന്റെ പലിശയിനത്തിലുള്ള തുക ഈ സാമ്പത്തികവർഷം കൊടുത്തു തീർക്കേണ്ടതുണ്ട്. അതിനുള്ള തുക ഈ ഉപധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളിച്ചിരിക്കുകയാണ്. അതുകൊണ്ട് ഇന്നത്തെ ഉപധനാഭ്യർത്ഥനകളും പ്രൊവിഷനും തമ്മിൽ യാതൊരു പൊരുത്തക്കേടുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ: നിങ്ങൾ തന്നെ സമ്മതിച്ചു 600 കോടി രൂപ നോൺപ്ലാനാണെന്ന്. 54.50 കോടി മാത്രമേയുള്ള പ്ലാനിന്. ബാക്കി കടം വീട്ടാനാണ്. കടംകൊടുത്തു മുടിഞ്ഞ ഒരു സ്റ്റേറ്റ്, പ്ലാനില്ലാത്ത ഒരു സ്റ്റേറ്റ് എന്നല്ലേ ഇതിനർത്ഥം?

ശ്രീ. കെ. എം. മാണി: ഇതൊരു പ്ലാൻ ചർച്ചയല്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് എന്നെ എത്ര പ്രകോപിപ്പിച്ചാലും ഞാൻ ഇന്നു ഇക്കാര്യങ്ങളിലേക്ക് കടക്കുകയില്ല. ബഡ്ജറ്റ് ഡിസ്കഷനിലേക്ക് നമ്മൾ അടുത്തദിവസങ്ങളിൽ കടക്കുകയാണ്. 355 കോടി രൂപയാണ് ഈ വർഷം പ്ലാനിന് അനുവദിച്ചിട്ടുള്ളത്. 370 കോടിരൂപ ചെലവഴിച്ചുകഴിഞ്ഞതിനു ശേഷം, റിസർവ് ബാങ്കിലേക്കുള്ള കടം മുഴുവൻ കൊടുത്തു തീർത്തഞങ്ങളെ അനുമോദിക്കേണ്ടതല്ലേ? (ബഹളം) ബഹുമാനപ്പെട്ട തങ്കപ്പൻ ഒരു കാര്യം പറയുകയുണ്ടായി. ഹാൻഡ്ലൂമിനുവേണ്ടി റിബേറ്റ് വച്ചിട്ടില്ലെന്നു പറയുകയുണ്ടായി. ഞാൻ കണക്കുകൾ നോക്കിയപ്പോൾ ഒരു വസ്തുത മനസ്സിലായി. ഞങ്ങൾ കൂടുതൽ തുകയാണ് ഇതിനുവേണ്ടി വച്ചിട്ടുള്ളത്. 1984–85–ൽ 270 ലക്ഷം രൂപയായിരുന്നു പ്രൊവിഷൻ. 1985–86–ൽ 400 ലക്ഷം രൂപ പ്രൊവിഷനുണ്ട്. അപ്പോൾ 200 ലക്ഷം കൂടി അതിനുവേണ്ടി വച്ചിരിക്കുന്നു. ആ നിലയ്ക്ക് ഈ വർഷം 600 ലക്ഷമാണ്. ഈ സംസ്ഥാനത്ത് ഈ വർഷം 600 ലക്ഷം ഹാൻഡ്ലൂം റിബേറ്റിനുവേണ്ടി പ്രൊവിഷൻ വച്ചിട്ടുണ്ടെങ്കിൽ, എത്രമാത്രം ഉത്തരവാദിത്വത്തോടുകൂടിയാണ് ഗവൺമെൻറ് അതിനെ കാണുന്നത്.

ബഹുമാനപ്പെട്ട വിജയദാസ് വെളിച്ച വിപ്ലവത്തെക്കുറിച്ചു എവിടെയാണ് വെളിച്ചവിപ്ലവം എന്നു ചോദിക്കുകയുണ്ടായി. അതിനൊരൊറ്റ ഉത്തരമേ എനിക്കുള്ളൂ. ഈ സാമ്പത്തിക വർഷം 1,83,003 സർവ്വീസ് കണക്ഷനുകൾ കൊടുത്തു കഴിഞ്ഞിരിക്കുന്നു.

ബഹുമാനപ്പെട്ട അംഗങ്ങളെല്ലാം ഈ ഉപധനാഭ്യർത്ഥനകൾ വേഗമൊന്നു പാസ്സാക്കിത്തരണം. നാളെ ബഡ്ജറ്റ് അവതരിപ്പിക്കുകയാണ്. സന്തോഷത്തോടുകൂടി എല്ലാപേരും ഈ ഉപധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഉപസംഹരിക്കുന്നു.

സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, സംസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന രണ്ടാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ഒരു കോടി പതിനഞ്ചുലക്ഷത്തി അറുപത്തിരണ്ടായിരത്തി മുന്നൂറു രൂപയ്ക്കുള്ള ഉപധനാഭ്യർഥന അനുവദിക്കണമൊ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ശ്രീ. ബേബിജോൺ: സർ, ഞാൻ പോയ്ം ആവശ്യപ്പെടുന്നു. സഭ രണ്ടായി പിരിഞ്ഞു വോട്ടെടുപ്പു നടത്തി.

അനുകൂലിക്കുന്നവർ—72

1. ശ്രീ. എ. വി. അബ്ദുറഹുമാൻഹാജി
2. ,, പി. എം. അബൂബേക്കർ
2. ,, ഇ. അഹമ്മദ്
3. ,, കൊരമ്പയിൽ അഹമ്മദ്ഹാജി
5. ,, സി. ടി. അഹമ്മദ് അലി
6. ,, കെ. അവുക്കാദർകുട്ടിനഹ

LIBRARY ARCHIVES Kerala Legislative Assembly

7. ശ്രീ. ആർ. ബാലകൃഷ്ണപിള്ള
8. ,, തെന്നല ജി. ബാലകൃഷ്ണപിള്ള
9. ,, പി. കെ. കെ. ബാവ
10. ,, യു. എ. ബീരാൻ
11. ,, ബെന്നിബഹനാൻ
12. ,, പി. ഭാസ്കരൻ
13. ,, വി. ദിനകരൻ
14. ,, എം. പി. ഗംഗാധരൻ
15. ,, എ. ജോർജ്ജ്
16. ,, പി. സി. ജോർജ്ജ്
17. ,, കെ. എം. ഹംസക്കുഞ്ഞ്
18. ,, എം. എം. ഹസ്സൻ
19. ,, എം. പി. എം. ഇസ്ഹാക് കുരിക്കൾ
20. ,, എ. എൽ. ജേക്കബ്
21. ,, ടി. എം. ജേക്കബ്
22. ,, സി. ജി. ജനാർദ്ദനൻ
23. ,, ടി. എസ്. ജോൺ
24. ഡോക്ടർ കെ. സി. ജോസഫ്:
25. ശ്രീ. കെ. സി. ജോസഫ്
26. ,, പി. ജെ. ജോസഫ്
27. ,, കെ. കെ. നായർ
28. ശ്രീമതി എം. കമലം
29. ശ്രീ. കെ.ജി. ആർ. കർത്താ
30. ,, ജി. കാർത്തികേയൻ
31. ,, കെ. കരുണാകരൻ
32. ,, മണിമംഗലത്തു കുട്ട്യാലി
33. ,, ഇ. ജെ. ലൂക്കോസ്
34. ,, കെ. പി. എ. മജീദ്
35. ,, കെ. എം. മാണി
36. ,, എം. വി. മാണി
37. ,, കെ. മുഹമ്മദാലി
38. ,, ഇ.ടി. മുഹമ്മദ്ബഷീർ
39. ,, പി. എ. മുഹമ്മദ് കണ്ണ്
40. ,, പി. വി. മുഹമ്മദ്
41. ,, ടി. എച്ച് മുസ്തഫ
42. ,, കെ. എസ്. നാരായണൻ നമ്പൂതിരി
43. ,, കെ. പി. നൂറുദ്ദീൻ
44. ,, ഉമ്മൻചാണ്ടി
45. ,, സി. വി. പത്മരാജൻ
46. ,, തച്ചടി പ്രഭാകരൻ
47. ,, കെ. രാഘവൻ മാസ്റ്റർ
48. ,, രാഘവൻ പൊഴക്കടവിൽ
49. ,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
50. ,, കെ. പി. രാമചന്ദ്രൻ നായർ
51. ,, എസ്. രാമചന്ദ്രൻപിള്ള
52. ,, തേറമ്പിൽ രാമകൃഷ്ണൻ
53. ,, കെ. പി. രാമൻ
54. ,, രമേശ് ചെന്നിത്തല

LIBRARY ARCHIVES Kerala Legislative Assembly

55. ശ്രീ. തോപ്പിൽ രവി
56. ,, വയലാർ രവി
57. ,, എൻ. ശകുന്തൻ നാടാർ
58. ,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ
59. ,, കടവൂർ ശിവദാസൻ
60. ,, നാലകത്തു സൂപ്പി
61. ,, കെ. കെ. ശ്രീനിവാസൻ
62. ,, എൻ. ശ്രീനിവാസൻ
63. ,, കോട്ടക്കുഴി സുകുമാരൻ
64. ,, സി. എം. സുന്ദരം
65. ,, എൻ. സുന്ദരൻ നാടാർ
66. ,, വി. സുരേന്ദ്രൻപിള്ള
67. ,, പി. പി. തങ്കച്ചൻ
68. ,, സി. എഫ്. തോമസ്
69. ,, തോമസ് കല്ലംപള്ളി
70. ,, പി. കെ. വേലായുധൻ
71. ,, ടി. വി. വിജയരാജൻ
72. ,, സ്റ്റീഫൻ പാദുവ.

പ്രതികൂലിക്കുന്നവർ—54

1. ശ്രീ. ടി. കെ അബ്ദു
2. ,, കെ. പി. അരവിന്ദാക്ഷൻ
3. ,, ടി. കെ. ആറുമുഖൻ
4. ,, ബേബിജോൺ
5. ,, കെ. കെ. ബാലകൃഷ്ണൻ
6. ,, കോടിയേരി ബാലകൃഷ്ണൻ
7. ,, ഒ. ഭരതൻ
8. ,, ശ്രീ. സി. കെ. ചക്രപാണി
9. ,, കെ: ചന്ദ്രശേഖരൻ
10. ,, എൻ. ചന്ദ്രശേഖരക്കുറുപ്പ്
11. ,, വി. എസ്. ചന്ദ്രശേഖരൻപിള്ള
12. ,, സിറിയക്ക് ജോൺ
13. ശ്രീമതി പി. ദേവൂട്ടി
14. ശ്രീ. കെ. ജെ: ജോർജ്
15. ശ്രീമതി കെ. ആർ. ഗൗരി
16. ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്
17. ,, എം. ജിനദേവൻ
18. ,, ഇ. കെ. നായനാർ
19. ,, കെ. ടി. കണാരൻ
20. ,, എം. കെ. കേശവൻ
21. ,, വി. കേശവൻ
22. ,, സി. ടി. കൃഷ്ണൻ
23. ,, കെ. കൃഷ്ണൻകുട്ടി
24. ,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
25. ,, കെ.ടി. കുമാരൻ
26. ,, പി. കുമാരൻ
27. ,, പി. വി. കുഞ്ഞിക്കണ്ണൻ

LIBRARY ARCHIVES Kerala Legislative Assembly

28. ശ്രീ. ലോനപ്പൻ നമ്പാടൻ
29. ,, സി. പി. മൂസ്സാൻകുട്ടി:
30. ,, കെ. മൂസ്സക്കുട്ടി
31. ,, എ. കെ. പത്മനാഭൻ
32. ,, ഇ. പത്മനാഭൻ
33. ,, കെ. പങ്കജാക്ഷൻ
34. ,, ടി. പി. പീതാംബരൻ മാസ്റ്റർ
35. ,, കെ. പി. പ്രഭാകരൻ
36. ,, കെ. പുരുഷോത്തമൻ
37. ശ്രീമതി റെയ്ച്ചൽ സണ്ണി പനവേലി
38. ശ്രീ. വർക്കല രാധാകൃഷ്ണൻ
39. ,, എം. വി. രാഘവൻ
40. ,, വി. കെ. രാജൻ
41. ,, കാനം രാജേന്ദ്രൻ
42. ,, കെ. ശങ്കരനാരായണപിള്ള
43. ,, എ. കെ. ശശീന്ദ്രൻ
44. ,, എ. സി. ഷൺമുഖദാസ്
45. ,, ഡോക്ടർ എം. സുബ്റാവു
46. ,, എ. വി. തമരാക്ഷൻ
47. ,, സി. കെ. തങ്കപ്പൻ
48. ,, വി. ജെ. തങ്കപ്പൻ
49. ,, എസ്. ആർ. തങ്കരാജ്
50. ,, പി. സി. തോമസ് (കടത്തുരുത്തി)
51. ,, ആർ. എസ്. ഉണ്ണി
52. ,, ജി. വരദൻ
53. ,, സി. വാസുദേവമേനോൻ
54. ,, പി. വിജയദാസ്

നിഷ്പക്ഷർ–ഇല്ല

അനുകൂലിക്കുന്നവർ	72
പ്രതികൂലിക്കുന്നവർ	54
നിഷ്പക്ഷത പാലിക്കുന്നവർ	ആരുമില്ല.

ഉപധനാഭ്യർത്ഥന പാസ്സാക്കിയതായും തുക അനുവദിച്ചതായും പ്രഖ്യാപിച്ചു.

മെഡിക്കൽ എന്ന XVIII–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ഒന്നൂറിയേഴ് ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി എണ്ണൂറു രൂപയ്ക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

സഭ ഗ്രാൻറ് അനുവദിച്ചു.

ഹരിജനക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXVI–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ അഞ്ചുകോടി തൊണ്ണൂറിരണ്ടു ലക്ഷത്തി അമ്പതിനായിരത്തി ഇരുന്നൂറ് രൂപയ്ക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

സഭ ശ്രീ൯ അനുവദിച്ചു.

പൊതുമരാമത്ത് എന്ന XV–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ നാലുകോടി എൺപത്തിയഞ്ചു ലക്ഷത്തി നാല്പത്തി അയ്യായിരത്തി അഞ്ഞൂറ രൂപയ്ക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

സഭ ശ്രീ൯ അനുവദിച്ചു.

പോലീസ് എന്ന XII–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ മൂന്നു കോടി മുപ്പത്തിയൊന്നുലക്ഷത്തി എൺപത്തി ഒരായിരത്തി ഇരുന്നൂറ് രൂപയ്ക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

സഭ ശ്രീ൯ അനുവദിച്ചു.

ജയിലുകൾ എന്ന XIII–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ അറുപത്തിയാറുലക്ഷത്തി അമ്പത്തിരണ്ടായിരം രൂപയ്ക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

സഭ ശ്രീ൯ അനുവദിച്ചു.

ഭൂനികുതിയെന്ന VI–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ രണ്ടു കോടി അറുപത്തിയഞ്ചുലക്ഷം രൂപയ്ക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

സഭ ശ്രീ൯ അനുവദിച്ചു.

പ്രകൃതി ക്ഷോഭത്തിന് ഇരയായവർക്ക് ദുരിതാശ്വാസം എന്ന XXVII–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ രണ്ടുകോടി എൺപതു ലക്ഷം രൂപയ്ക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

സഭ ശ്രീ൯ അനുവദിച്ചു.

എക്സൈസ് എന്ന VIII–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ തൊണ്ണൂറ്റിമൂന്നുലക്ഷത്തി ഇരുപത്തിയേഴായിരം രൂപയ്ക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

സഭ ശ്രീ൯ അനുവദിച്ചു.

വിദ്യാഭ്യാസം, കല, സംസ്ക്കാരം എന്ന XVII–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ പത്തുകോടി നാല്പത്തിനാലു ലക്ഷത്തി എഴുപത്തി അയ്യായിരത്തി തൊള്ളായിരം രൂപയ്ക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

സഭ ശ്രീ൯ അനുവദിച്ചു.

നഗരവികസനം എന്ന XXIII–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ നാല്പത്തിനാലു ലക്ഷത്തി തൊണ്ണൂറായിരം രൂപയ്ക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

സഭ ശ്രീ൯ അനുവദിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്ത് എന്ന XXXVI—ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ഒരു നൂറ് രൂപയ്ക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

സഭ ഗ്രാൻറ് അനുവദിച്ചു.

തൊഴിലും തൊഴിൽ സൗകര്യങ്ങളും എന്ന XXV—ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ രണ്ടുകോടി അമ്പത്തിയെട്ടുലക്ഷത്തി എഴായിരത്തി മുന്നൂറ് രൂപയ്ക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

സഭ ഗ്രാൻറ് അനുവദിച്ചു.

കൃഷി എന്ന XXX—ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ പത്തുകോടി എൺപതുലക്ഷത്തി അറുപത്തിയേരായിരത്തി ഇരുന്നൂറ് രൂപയ്ക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

സഭ ഗ്രാൻറ് അനുവദിച്ചു.

വനം എന്ന XXXV—ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ അൻപത്തിയൊന്നു ലക്ഷത്തി നാല്പത്തിമൂവായിരത്തി അറുന്നൂറ് രൂപയ്ക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

സഭ ഗ്രാൻറ് അനുവദിച്ചു.

സാമൂഹ്യവികസനം എന്ന XXXVII—ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ നാലുകോടി മുപ്പത്തിയാറു ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരം രൂപയ്ക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

സഭ ഗ്രാൻറ് അനുവദിച്ചു.

വൈദ്യുത പദ്ധതികൾ എന്ന XL—ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ അറുപത്തിമൂന്ന് ലക്ഷത്തി നാല്പത്തിഎണ്ണായിരം രൂപയ്ക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

സഭ ഗ്രാൻറ് അനുവദിച്ചു.

ചർച്ച കൂടാതെ പാസ്സാക്കുന്ന ഉപധനാഭ്യർത്ഥനകൾ

സംസ്ഥാന നിയമസഭയെന്ന I—ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ഇരുപത്തിരണ്ടു ലക്ഷത്തി നാല്പതിനായിരം രൂപയ്ക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

സഭ ഗ്രാൻറ് അനുവദിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

നീതിന്യായനിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ എൺപത്തിയേഴ് ലക്ഷത്തി അറുപത്തി അയ്യായിരത്തിതൊള്ളായിരം രൂപയ്ക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

സഭ ഗ്രാന്റ അനുവദിച്ചു.

കാർഷികാദായനികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ അമ്പത്തിയെട്ടു ലക്ഷത്തി തൊണ്ണൂറി ഏഴായിരത്തി ഒരുനൂറു രൂപയ്ക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

സഭ ഗ്രാന്റ് അനുവദിച്ചു.

വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ മുപ്പത്തിരണ്ടുലക്ഷത്തി എൺപത്തിരണ്ടായിരത്തി ഒരുനൂറു രൂപയ്ക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

സഭ ഗ്രാന്റ് അനുവദിച്ചു.

ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ഒരു കോടി രണ്ടായിരത്തിത്തൊള്ളായിരം രൂപയ്ക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

സഭ ഗ്രാന്റ് അനുവദിച്ചു.

ജില്ലാ ഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ഒരു കോടി ഇരുപത്തിയൊന്ന് ലക്ഷത്തി മുപ്പത്തിയെണ്ണായിരത്തി എഴുന്നൂറ് രൂപയ്ക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

സഭ ഗ്രാന്റ് അനുവദിച്ചു.

സ്റ്റേഷനറിയും അച്ചടിയും ഭരണപരമായ മറ്റു സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ എൺപത്തിയേഴ് ലക്ഷത്തി മുപ്പതിനായിരത്തി അറുന്നൂറു രൂപയ്ക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

സഭ ഗ്രാന്റ് അനുവദിച്ചു.

പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ആറുകോടി എഴുപത്തിമൂന്നുലക്ഷത്തി എഴുപതിനായിരത്തി അറുന്നൂറു രൂപയ്ക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

സഭ ഗ്രാന്റ് അനുവദിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

കുടുംബക്ഷേമം എന്ന XIX–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ഒരുകോടി ഒരുനൂറു രൂപയ്ക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

സഭ ഗ്രാൻറ് അനുവദിച്ചു.

പൊതുജനാരോഗ്യം എന്ന XX–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ അറുപത്തിയൊമ്പതു ലക്ഷം രൂപയ്ക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

സഭ ഗ്രാൻറ് അനുവദിച്ചു.

ഭവന നിർമ്മാണം എന്ന XXII–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ രണ്ടുകോടി മുപ്പതുലക്ഷത്തി നാല്പത്തി ഏഴായിരം രൂപയ്ക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

സഭ ഗ്രാൻറ് അനുവദിച്ചു.

വാർത്താവിതരണവും പ്രചരണവും എന്ന XXIV–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ഇരുപത്തി അയ്യായിരം രൂപയ്ക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

സഭ ഗ്രാൻറ് അനുവദിച്ചു.

സഹകരണം എന്ന XVIII–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ രണ്ടുകോടി മുപ്പത്തിയഞ്ചുലക്ഷത്തി മുന്നൂറു രൂപയ്ക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

സഭ ഗ്രാൻറ് അനുവദിച്ചു.

പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXIX–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ തൊണ്ണൂറ്റി രണ്ടു ലക്ഷത്തി പതിനയ്യായിരം രൂപയ്ക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

സഭ ഗ്രാൻറ് അനുവദിച്ചു.

ക്ഷേമം എന്ന XXXI–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ അമ്പതു ലക്ഷത്തി അറുപത്തിയേഴായിരം രൂപയ്ക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

സഭ ഗ്രാൻറ് അനുവദിച്ചു.

മൃഗസംരക്ഷണം എന്ന XXII–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ഒരു കോടി അറുപത്തിയൊമ്പതുലക്ഷത്തി മുപ്പത്തിയൊമ്പതിനായിരത്തി അഞ്ഞൂറു രൂപയ്ക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

സഭ ഗ്രാൻറ് അനുവദിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ക്ഷീരവ്യവസായം, എന്ന XXX–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ഇരുപത്തിരണ്ടുലക്ഷത്തി എഴുപത്തി എണ്ണായിരത്തി അറുന്നൂറു രൂപയ്ക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

സഭ ഗ്രാന്റ് അനുവദിച്ചു.

മൽസ്യബന്ധനം എന്ന XXXIV–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ മൂന്നുകോടി അൻപത്തിയഞ്ചുലക്ഷത്തി അറുപത്തിരണ്ടായിരത്തി എണ്ണൂറ് രൂപയ്ക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

സഭ ഗ്രാന്റ് അനുവദിച്ചു.

വ്യവസായങ്ങൾ എന്ന XXXVIII–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ പതിനാറു കോടി അറുപത്തിഒന്നു ലക്ഷത്തി അൻപത്തിഓരായിരത്തി അറുന്നൂറു രൂപയ്ക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

സഭ ഗ്രാന്റ് അനുവദിച്ചു.

ജലസേചനമെന്ന XXXIX–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ പത്തുകോടി എൺപത്തിനാലുലക്ഷത്തി അൻപത്തിയാറായിരത്തി അഞ്ഞൂറു രൂപയ്ക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

സഭ ഗ്രാന്റ് അനുവദിച്ചു.

തുറമുഖങ്ങൾ എന്ന XLI–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ പതിനഞ്ചുലക്ഷത്തി പതിനോരായിരം രൂപക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

സഭ ഗ്രാന്റ് അനുവദിച്ചു.

ഗതാഗതമെന്ന XLII–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ നാലു കോടി മുപ്പത്തിമൂന്നുലക്ഷത്തി മുപ്പത്തിയേഴായിരത്തി അറുന്നൂറു രൂപയ്ക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

സഭ ഗ്രാന്റ് അനുവദിച്ചു.

വിനോദ സഞ്ചാരമെന്ന XLIII–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ഇരുപത്തിനാലു ലക്ഷത്തി ഇരുപത്തിരണ്ടായിരത്തി എഴുന്നൂറു രൂപയ്ക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ടു അംഗീകരിച്ചു.

സഭ ഗ്രാന്റ് അനുവദിച്ചു.

നഷ്ടപരിഹാരവും അവകാശക്കൈമാറ്റവും എന്ന XLIV–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ഒരു കോടി രൂപയ്ക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

സഭ ഗ്രാന്റ് അനുവദിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

സഭ ഗ്രാൻറ് അനുവദിച്ചു.

പലവക വായ്പകളും മുൻകൂറുകളും എന്ന XLVI–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ എട്ടു ലക്ഷത്തി അൻപതിനായിരം രൂപയ്ക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

സഭ ഗ്രാൻറ് അനുവദിച്ചു.

അധിക ധനാഭ്യർത്ഥനകൾ

പൊതുമരാമത്ത് എന്ന XV–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1979–80 സാമ്പത്തിക വർഷത്തേക്ക് ഒരു കോടി നാൽപ്പത്തിരണ്ട് ലക്ഷത്തി എഴുപത്തിഓരായിരത്തി ഒരുനൂറ്റി പതിനെട്ട് രൂപയ്ക്കുള്ള അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

സഭ ഗ്രാൻറ് അനുവദിച്ചു.

പൊതുജനാരോഗ്യ എഞ്ചിനീയറിംഗ് എന്ന XXI–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1979–80 സാമ്പത്തികവർഷത്തേക്ക് ഒരുകോടി ഇരുപത്തിഅഞ്ചു ലക്ഷത്തി പതിനാലായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി ഏഴ് രൂപയ്ക്കുള്ള അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

സഭ ഗ്രാൻറ് അനുവദിച്ചു.

കാർഷികാദായനികുതിയും വിൽപ്പനനികുതിയും എന്ന V–ാംനമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1981–82 സാമ്പത്തികവർഷത്തേക്ക് അഞ്ചുലക്ഷത്തി പതിനെണ്ണായിരത്തി ഇരുനൂറ്റി മുപ്പത്തിയെട്ട് രൂപയ്ക്കുള്ള അധികധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

സഭ ഗ്രാൻറ് അനുവദിച്ചു.

മുദ്രപ്പേത്രങ്ങളും രജിസ്ട്രേഷൻഫീസും എന്ന VII–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1981–82 സാമ്പത്തിക വർഷത്തേക്ക് ഇരുപത്തിഎട്ടു ലക്ഷത്തി തൊണ്ണൂറ്റി ഓരായിരത്തി എഴുനൂറ്റി നാൽപ്പത്തി ഏഴ് രൂപയ്ക്കുള്ള അധികധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

സഭ ഗ്രാൻറ് അനുവദിച്ചു.

പൊതുമരാമത്ത് എന്ന XV–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1981–82 സാമ്പത്തികവർഷത്തേക്ക് റവന്യൂ ചെലവിനത്തിൽ മൂന്നുകോടി അറുപത്തിഎട്ടു ലക്ഷത്തി അമ്പത്തിഏഴായിരത്തി മുന്നൂറ്റി നാൽപ്പത്തിയെട്ട് രൂപയ്ക്കും മൂലധനചെലവിനത്തിൽ അറുപത്തിഒന്നു ലക്ഷത്തി മൂവായിരത്തി തൊള്ളായിരത്തി അഞ്ച് രൂപയ്ക്കുമുള്ള അധികധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

സഭ ഗ്രാൻറ് അനുവദിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസം, കല, സംസ്കാരം എന്ന XVII–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1981–82 സാമ്പത്തികവർഷത്തേക്ക് മൂന്നുകോടി നാൽപ്പത്തിനാലു ലക്ഷത്തി മുപ്പത്തിഓരായിരത്തി മുന്നൂറ്റി എഴുപത്തിരണ്ട് രൂപയ്ക്കുള്ള അധികധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

സഭ ഗ്രാന്റ് അനുവദിച്ചു.

മെഡിക്കൽ എന്ന XVIII–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1981–82 സാമ്പത്തികവർഷത്തേക്ക് ഒരു കോടി ഇരുപത്തി ഒന്നു ലക്ഷത്തി നാൽപ്പതിനായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റിനാല് രൂപയ്ക്കുള്ള അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

സഭ ഗ്രാന്റ് അനുവദിച്ചു.

മൃഗസംരക്ഷണം എന്ന XXXII–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1981–82 സാമ്പത്തികവർഷത്തേക്ക് എട്ടുലക്ഷത്തി പതിനേഴായിരത്തി അറുപത്തി ഒന്ന് രൂപയ്ക്കുള്ള അധികധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

സഭ ഗ്രാന്റ് അനുവദിച്ചു.

വ്യവസായങ്ങൾ എന്ന XXXVII–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1981–82 സാമ്പത്തിക വർഷത്തേക്ക് അഞ്ചുലക്ഷത്തി പതിനേഴായിരത്തി നാനൂറ്റി മുപ്പത്തിഎട്ട് രൂപയ്ക്കുള്ള അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

സഭ ഗ്രാന്റ് അനുവദിച്ചു.

ജലസേചനമെന്ന XXXVIII–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1981–82 സാമ്പത്തിക വർഷത്തേക്ക് നാലു കോടി അറുപത്തിഏഴു ലക്ഷത്തി നാൽപ്പത്തി ആറായിരത്തി എഴുനൂറ്റി ഏഴ് രൂപയ്ക്കുള്ള അധികധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

സഭ ഗ്രാന്റ് അനുവദിച്ചു.

വിനോദ സഞ്ചാരമെന്ന XLII–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1981–82 സാമ്പത്തികവർഷത്തേക്ക് റവന്യൂ ചെലവിനത്തിൽ ഇരുപത്തി രണ്ടു ലക്ഷത്തി നാനൂറ്റി എൺപത്തിരണ്ട് രൂപയ്ക്കും മൂലധനച്ചെലവിനത്തിൽ ഒരു ലക്ഷത്തി മൂവായിരത്തിതൊള്ളായിരത്തി അറുപത്തിമൂന്ന് രൂപയ്ക്കും ഉള്ള അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

സഭ ഗ്രാന്റ് അനുവദിച്ചു.

പെൻഷനും പലവകയും എന്ന XVI–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1982–83 സാമ്പത്തിക വർഷത്തേക്ക് പതിനാലുകോടി അൻപത്തി

LIBRARY ARCHIVES Kerala Legislative Assembly

ന്നു ലക്ഷത്തി അയ്യായിരത്തി നാനൂറ്റി ഇരുപത്തിരണ്ട് രൂപയ്ക്കുള്ള അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

സഭ ഗ്രാൻറ് അനുവദിച്ചു.

ക്ഷീരവ്യവസായം എന്ന XXXIII—ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1982—83 സാമ്പത്തിക വർഷത്തേക്ക് അൻപത്തി എണ്ണായിരത്തി എണ്ണൂറ്റി അൻപത്തിഒൻപത് രൂപയ്ക്കുള്ള അധികധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

സഭ ഗ്രാൻറ് അനുവദിച്ചു.

വിനോദസഞ്ചാരം എന്ന XLII—ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1982—83 സാമ്പത്തികവർഷത്തേക്ക് ഒരു ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി എഴുനൂറ്റി അൻപത്തിനാലു രൂപയ്ക്കുള്ള അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

സഭ ഗ്രാൻറ് അനുവദിച്ചു.

VII. റൂൾ 130 അനുസരിച്ചുള്ള ഉപക്ഷേപത്തിൻ മേലുള്ള ചർച്ച

ശ്രീ. ബേബിജോൺ: സർ, റൂൾ 130 അനുസരിച്ചുള്ള മോഷൻ ഞാൻ അവതരിപ്പിക്കുകയാണ്.

"I move that the seriousituation arising out of the reported arrival at Trivandrum Airport of two Kuwaitis who have been declared undesirable by the Government of India, their journey from Trivandrum to Malappuram by a State Car with national flag, the hosting of a dinner by responsible Publicmen in their honour and the coseqeential humiliation to our nation and the possible threat to the security of India be discussed."

സർ, കേന്ദ്ര ഗവൺമെൻറ് അൺഡിസൈറബിൾ എന്ന് ലിസ്റ്റിൽ ചേർത്തിട്ടുള്ള രണ്ട് കുവൈറ്റ് പൗരൻമാർ ഈ സംസ്ഥാനത്ത് വരികയും സ്റ്റേറ്റ് പേയിംഗ് ഗസ്റ്റ് എന്നുള്ള നിലയിൽ അവരെ ആദരിക്കുകയും സ്റ്റേറ്റ് കാറിൽ, നാഷണൽ ഫ്ളാഗും പറപ്പിച്ചുകൊണ്ട് പോവുകയും, അവരുടെ ബഹുമാനാർത്ഥം മന്ത്രിമാർ അവർക്ക് വിരുന്നു നൽകുകയും അതിൽ ധാരാളം ഉദ്യോഗസ്ഥൻമാരും അനുദ്യോഗസ്ഥൻമാരും പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. നമ്മുടെ രാജ്യത്തിൻറെ സുരക്ഷിതത്വ സംവിധാനം കാറ്റിൽ പറത്തിക്കൊണ്ടാണ് ഈ നടപടിക്രം സ്വീകരിച്ചിട്ടുള്ളത്. അതിനു യാതൊരു പ്രാധാന്യവും ഈ ഗവൺമെൻറും മന്ത്രിമാരും നൽകുന്നില്ലായെന്ന ആക്ഷേപമാണ് എനിക്കുള്ളത്. ഞാനീ പ്രശ്നം അവതരിപ്പിക്കുന്നയവസരത്തിൽ ഒരു കാര്യം ഓർമ്മിക്കുകയാണ്; ചിലർ പറയുന്നുണ്ട്, നമ്മുടെ രാജ്യവും കുവൈറ്റും തമ്മിൽ വളരെ സൗഹൃദത്തിൽ കഴിയുന്ന രണ്ടു രാജ്യങ്ങളാണ്. ഇക്കാര്യം നമ്മളും കാര്യമായി എടുക്കുകയാണെങ്കിൽ ഈ രണ്ടു രാജ്യങ്ങളും തമ്മിലുള്ള സൗഹൃദബന്ധത്തിന് ഉലച്ചിൽ തട്ടുമെന്ന്. സർ, ഒരിക്കലും സൗഹൃത്തിന് ഉലച്ചിൽ തട്ടുകയില്ല. ഈ രണ്ടു രാജ്യങ്ങളും തമ്മിലുള്ള സൗഹൃദം വർദ്ധിച്ചുവരണം, ശക്തമാകണമെന്നുതന്നെയാണ്

LIBRARY ARCHIVES Kerala Legislative Assembly